സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN
വാല്യം 99
ലക്കം 01
2026 ജൂലൈ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



2026
ജൂലൈ

THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY



ജൂലൈ മൂന്നിനു
നാമഹേതുകതിരുനാൾ
ആഘോഷിക്കുന്ന
അഭി. മാർ തോമസ് തറയിൽ
മെത്രാപ്പോലീത്തായ്ക്ക്
അതിരൂപതാകുടുംബത്തിന്റെ
*പ്രാർഥനാശംസകൾ...*

അതിരൂപതാകുടുംബത്തിലെ
തോമസ് നാമധാരികളായ
വൈദികർക്കും അല്മായർക്കും
നാമഹേതുകതിരുനാളിന്റെ
*പ്രാർഥനാശംസകൾ...*

ജൂലൈ അഞ്ചിനു ജന്മദിനം
ആഘോഷിക്കുന്ന
അഭി. മാർ ജോസഫ് പെരുന്തോട്ടം
പിതാവിന്
അതിരൂപതാകുടുംബത്തിന്റെ
*പ്രാർഥനാശംസകൾ...*





'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 99 ● ലക്കം 01 ● ജൂലൈ 2026

# ഉള്ളടക്കം


ഇടയലേഖനം: മേജർ ആർച്ചുബിഷപ്പ്........................................06
സർക്കുലർ: (26 Ch. TCL 26) ....................................................... 12
കെ.സി.ബി.സി. യുവജന കമ്മീഷൻ സർക്കുലർ ......................... 15
കച്ചേരിക്കാര്യം............................................................................ 19
അനുസ്മരണങ്ങൾ.......................................................................22
കരുതൽ 2026 ലിസ്റ്റ് ..............................................................28
സന്ദേശനിലയം..........................................................................32
ചെറുപുഷ്പ മിഷൻ ലീഗ് ..........................................................36
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................39
ഫാമിലി അപ്പോസ്തലേറ്റ്...........................................................43
യുവദീപ്തി - എസ്.എം.വൈ.എം. .............................................47
കാർപ്...........................................................................................50
ചാസ്സ്.............................................................................................52
ചാസ്സ് - ഖാദി ..............................................................................56
ജീവകാരുണ്യനിധി ട്രസ്റ്റ്..........................................................57
ആതുരശുശ്രൂഷാമേഖല............................................................58
പ്രവാസി അപ്പോസ്തലേറ്റ് .........................................................63
കത്തോലിക്കാ കോൺഗ്രസ്.....................................................64
കേരള ലേബർ മൂവുമെന്റ് .......................................................68
ദളിത് കത്തോലിക്കാ മഹാജനസഭ............................................69
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ........................................70
വിൻസെൻഷ്യൻ വേദി.............................................................. 71
കരിസ്മാറ്റിക് നവീകരണം........................................................73
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി...........................................74
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ...........................80



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



ANNUAL SUBSCRIPTION: ₹ 300/-

# 113–ാം ചരമവാർഷികം

(ജൂലൈ 11)



## ബിഷപ് ചാൾസ് ലവീഞ്ഞ് എസ്.ജെ.

**കോട്ടയം (ചങ്ങനാശ്ശേരി) വികാരിയാത്തിന്റെ
ആദ്യ വികാരി അപ്പസ്തോലിക്കാ**

Prot. No. 0444/2026

# ഇടയലേഖനം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**മാർ റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ

മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും

സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന

ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.

## ദുക്റാനാ തിരുനാൾ – സഭാദിനം 2026

ഈശോമ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. ''നമുക്കും അവനോടൊപ്പം പോയി മരിക്കാം'' (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നൽകുന്നതിനായി ഇവിടെ വരികയും എ.ഡി. 72ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം

എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽ നിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് ''തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി'' *(Homilie in Evangelica, 26,7)* എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, 'മാനവമഹത്വം' *(Magnifica Humanitas)* എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: 'മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ്' (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും

അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തു തോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മി

ലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല' *(Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).*

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസി സമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ

സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനംചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദി പറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിത സംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപ്പൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വം നല്കിയ അഭി. മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാസ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനൽകാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ

ദൈവവും മനുഷ്യനും ഒരുമിച്ചു വസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നൽകപ്പെട്ടത്.



**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**NB:** ***2026 ജൂൺ 28 ഞായറാഴ്ച*** *സീറോമലബാർസഭയിലെ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനരികളിലും പരിശുദ്ധ കുർബാനമധ്യേ വായിക്കാൻ നൽകപ്പെട്ട ഇടയലേഖനം.*

## സർക്കുലർ
26 Ch. TCL 26

# ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് നൽകുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട വൈദികർ, സമർപ്പിതർ, അത്മായ സഹോദരങ്ങളേ,

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായി നാം ആചരിച്ചല്ലോ. നമ്മുടെ അതിരൂപതയിൽ ജൂൺ 28 ഞായറാഴ്ചയാണ് പ്രസ്തുത ദിനാചരണം നടത്തുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ഒരുപോലെ തകർക്കുന്ന ലഹരി എന്ന വിപത്തിനെതിരെ ഉണർന്നു പ്രവർത്തിക്കാൻ സഭാമക്കളെയെല്ലാവരെയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. ലഹരി ഉപയോഗം മനുഷ്യന്റെ വിവേകത്തെയും ആത്മീയതയെയും ഇല്ലാതാക്കുന്നു എന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്. വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാരനുമാണ്; അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (സുഭാ 20:1).

ലഹരിവസ്തുക്കളുടെ ഉപയോഗം കേവലം ഒരു ശീലമല്ല, മറിച്ച് അത് മനുഷ്യന്റെ സർവ്വമേഖലകളെയും തകർക്കുന്ന മാരകമായ രോഗമാണ്. കരൾ രോഗങ്ങൾ (ലിവർ സിറോസിസ്), ഹൃദ്രോഗം, കാൻസർ, നാഡീവ്യൂഹത്തിന്റെ തകരാറുകൾ എന്നിവയും മാനസിക-സൈക്കോളജിക്കൽ പ്രശ്നങ്ങളായ കടുത്ത വിഷാദം (Depression), ഉത്കണ്ഠ (Anxiety), പെരുമാറ്റ വൈകല്യങ്ങൾ, ഓർമ്മക്കുറവ്, അക്രമവാസന എന്നിവയും ലഹരിക്ക് അടിമപ്പെടുന്നവരിൽ കണ്ടുവരുന്നു. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു (1 കോറി. 6:19). ഈ ആലയത്തെ മലിനമാക്കുന്ന ഒന്നായി ലഹരി മാറുമ്പോൾ, അത് ദൈവത്തിൽ നിന്നുള്ള അകൽച്ചയ്ക്ക് കാരണമാകുന്നു. ഇത് വ്യക്തിയെ മാത്രമല്ല, ആ കുടുംബത്തിന്റെ സമാധാനത്തെയും പൂർണ്ണമായി തകർക്കുന്നു.

നമ്മുടെ പ്രബുദ്ധ കേരളം ഇന്ന് ലഹരി മാഫിയകളുടെ പിടിയിലാണ് എന്നത് അതീവ ഗൗരവത്തോടെ കാണേണ്ടതുണ്ട്. മുൻകാലങ്ങളിൽ മുതിർന്നവരിൽ മാത്രം കണ്ടിരുന്ന ഈ ദുശ്ശീലം ഇന്ന് സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലേക്കും, പെൺകുട്ടികളിലേക്കും അതിവേഗം വ്യാപിക്കുകയാണ്. രാസലഹരികളുടെ (MDMA പോലുള്ളവ) കടന്നുവരവ് നമ്മുടെ യുവതലമുറയുടെ ഭാവി അന്ധകാരത്തിലാക്കുന്നു. കേരള സർക്കാർ സംവിധാനങ്ങൾ ഇതിനെതിരെ കർശനമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. കേരള പോലീസിന്റെ 'ഓപ്പറേഷൻ തൂഫാൻ' (Operation Toofan) എന്ന ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടവും, എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ 'വിമുക്തി' മിഷനും അഭിനന്ദനാർഹമാണ്. ഓരോ വർഷവും പതിനായിരക്കണക്കിന് മയക്കുമരുന്ന് കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ലഹരി കേസുകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത് എന്നാണ്. നിയമപാലകരുടെ ഈ പോരാട്ടത്തിന് സഭയുടെയും വിശ്വാസിസമൂഹത്തിന്റെയും പൂർണ്ണ പിന്തുണ നാം വാഗ്ദാനം ചെയ്യുന്നു.

ചങ്ങനാശ്ശേരി അതിരൂപത ലഹരി എന്ന വിപത്തിനെതിരെ എക്കാലത്തും മുൻപന്തിയിൽനിന്ന് പോരാടിയിട്ടുള്ള പ്രസ്ഥാനമാണ്. നമ്മുടെ വിവിധ ശുശ്രൂഷാ രംഗങ്ങൾ:

**ഡീ-അഡിക്ഷൻ സെന്ററുകൾ:** ചാസിന്റെ നേതൃത്വത്തിൽ സ്കൂളുകളിലും കോളേജുകളിലും വിവിധ പഞ്ചായത്തുകളിലും നിരന്തരമായി ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തിവരുന്നു. മുതിർന്നവരുടെ പുനരധിവാസത്തിനായി പുന്നപ്രയിലും കറ്റാനത്തുമുള്ള 'അക്സെപ്റ്റ്' (ACCEPT) സെന്ററുകളും, കുട്ടികളുടെ ചികിത്സയ്ക്കായി പൊങ്ങന്താനത്തുള്ള 'സമൃദ്ധ' ഡീ-അഡിക്ഷൻ സെന്ററും മാതൃകാപരമായ സേവനമാണ് നൽകിവരുന്നത്.

**ഹോമിയോ ചികിത്സ:** ആത്മതാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അതിരമ്പുഴ, ആലപ്പുഴ, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ ലഹരിക്കെതിരെയുള്ള കുറഞ്ഞ നിരക്കിലുള്ള ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

## ഇടവകകളിലും സ്ഥാപനങ്ങളിലും ചെയ്യേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ

ഈ പോരാട്ടം കൂടുതൽ ശക്തമാക്കാൻ എല്ലാ ഇടവകകളും സ്ഥാപനങ്ങളും താഴെ പറയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്:

**1. ലഹരിവിരുദ്ധ ദിനാചരണം (ജൂൺ 28 ഞായറാഴ്ച):** ഇന്ന് എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ദിനമായി ആചരി

ക്കണം. പ്രാർത്ഥനകൾ, ബോധവൽക്കരണ സന്ദേശങ്ങൾ, റാലികൾ, അല്ലെങ്കിൽ കുട്ടികളുടെ പ്ലക്കാർഡ് പ്രദർശനം തുടങ്ങിയ വിവിധ പരിപാടികൾ ഇതിനോടനുബന്ധിച്ച് ക്രമീകരിക്കേണ്ടതാണ്.

**2. പത്തംഗ ലഹരിവിരുദ്ധ സ്ക്വാഡ് രൂപീകരണം:** നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ത്രീകളെയും പുരുഷന്മാരെയും ഉൾപ്പെടുത്തി 10 പേർ അടങ്ങുന്ന ലഹരിവിരുദ്ധ സ്ക്വാഡ് രൂപീകരിക്കണം. ഈ സ്ക്വാഡിന്റെ നേതൃത്വത്തിൽ അടുത്ത 6 മാസം നീണ്ടുനിൽക്കുന്ന രീതിയിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി വിവിധങ്ങളായ പ്രോഗ്രാമുകൾ (ക്ലാസുകൾ, സ്പോർട്സ് മത്സരങ്ങൾ, കലാപരിപാടികൾ) ക്രമീകരിക്കണം. ഈ സ്ക്വാഡ് അംഗങ്ങൾക്ക് അതിരൂപതാതലത്തിൽ 'ആത്മതാകേന്ദ്രത്തിന്റെ' നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകുന്നതായിരിക്കും.

**3. ചികിത്സ ഉറപ്പാക്കൽ:** നമ്മുടെ ഇടവകകളിലോ പരിസരങ്ങളിലോ ലഹരിക്ക് അടിമപ്പെട്ട് ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്താനും, അവരെ ഭയവും അപകർഷതാബോധവും കൂടാതെ മുകളിൽ പറഞ്ഞിരിക്കുന്ന നമ്മുടെ ഡീ-അഡിക്ഷൻ സെന്ററുകളിലേക്ക് എത്തിക്കാനും ഈ സ്ക്വാഡും ഇടവക ജനങ്ങളും മുൻകൈ എടുക്കണം.

പ്രിയപ്പെട്ടവരെ, നമ്മുടെ മക്കളെയും കുടുംബങ്ങളെയും ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് രക്ഷിക്കാൻ നമുക്ക് ഒന്നിച്ച് കൈകോർക്കാം. പ്രാർത്ഥനയോടും കരുതലോടെയുമുള്ള നമ്മുടെ പ്രവർത്തനങ്ങൾ വഴി വിശുദ്ധിയുള്ള ഒരു തലമുറയെ നമുക്ക് വാർത്തെടുക്കാം.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

NB: ***2026 ജൂൺ 28 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.

Ref: 4223/K-5/KCBC/OL/DS 15.06.2026

## 2026 ജൂലൈ 5 യുവജനദിനം:

കെ.സി.ബി.സി. യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവം ചേർത്തു പിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്കുശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന് വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷ ദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹത്തിനും ക്രിയാത്മക സംഭാവനകൾ നല്കുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തുസൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവക തലങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെകുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമികതയും

ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജനതയുടെ വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും ലോകമനസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നുവരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാ സഭ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിർത്തി 'ഫ്രാൻസിസ്കൻ വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നുനിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ടപ്രപഞ്ചത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ.ഐ സാങ്കേതികവിദ്യയെക്കുറിച്ച് പരിശുദ്ധ ലിയോ പാപ്പ തന്റെ ഏറ്റവും പുതിയ ചാക്രികലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധനങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗതിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനെയും ഹനിക്കുന്ന രീതിയിലേക്ക് തരം താഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ അടിമകളാകാതെ, കൃത്രിമബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തന നിരതരാകാൻ യുവജന സംഘടനകൾ മുന്നോട്ട് വരണം. അതോടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി

ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യകുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ, വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരത സഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജന സംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളിലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിത ദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ-കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജനദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വെച്ചാണ് നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതല സംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും,

യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക-രൂപതാ തലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

യുവജനദിനത്തോടനുബന്ധിച്ച് നമ്മുടെ ദേവാലയങ്ങളിൽ എടുക്കുന്ന പ്രത്യേക സ്തോത്രകാഴ്ച കേരളസഭയിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. നമ്മുടെ യുവതലമുറയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായുള്ള പദ്ധതികൾക്ക് കരുത്തുപകരാൻ ഈ സ്തോത്രകാഴ്ച പതിവുപോലെ കെസിബിസിയുടെ കേന്ദ്ര കാര്യാലയമായ പി.ഒ.സി.യിലേക്ക് അയച്ചുതരണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വിശുദ്ധ കാർലോ അക്യൂട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മധ്യസ്ഥം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
(വൈസ് ചെയർമാന്മാർ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

**NB:** ***2026 ജൂലൈ 05 ഞായറാഴ്ച*** ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.




## I
## TRANSFERS & APPOINTMENTS OF VICARS, DIRECTORS
## (June & July 2026)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Kachamkode Antony | Nirmalapuram St. Mary's Asst.Director, *Kudumbakkoottayma* & Bible Apostolate | Punnaveli Little Flower |
| Kalayamkandam Mattam James | | Pastoral Ministry (UK) |
| Mammoottil Joseph | | Nirmalapuram St. Mary's (Addl.) |
| Moolayail Varghese | | Director, *Kudumbakkoottayma*, Liturgical Apostolate & Bible Apostolate; Coordinator, Bible Convention & Deepika Friends Club |
| Pazhayamadom Cyriac | | Asst. Corporate Manager Bursar, Corporate Management of Schools (Addl.) |
| Plaparampil Thomas | Punnaveli Little Flower | Kottackupuram St. Mathew's |

### TRANSFERS & APPOINTMENTS OF PAROCHIAL VICARS

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Arackal Kuriakose (Sanil) | | Koothrappally St. Mary's |
| Kalarikkal Jacob | Muttar St. George | Kudamaloor St. Mary's |

| | | |
|---|---|---|
| Kollamparampil Joseph (Ajo) | Kudamaloor St. Mary's F. | Muttar St. George |
| Kollamparampil Joseph MCBS | | Paippad Lourdes Matha |
| Thadathil Mathew (Binoy) | | Karumady St. Nicholas |
| Vadakkethalackal Chackochan MCBS | | Kodinattumkunnu St. Sebastian's |
| Velledath Lijo CSsR | | Puthenangady St. George |

## II

## ഗ്രാൻഡ് പേരന്റ്സ് ഡേ

വിശുദ്ധരായ യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാളിനോട നുബന്ധിച്ച് *2026 ജൂലൈ 26 ഞായറാഴ്ച* ഗ്രാൻഡ് പേരന്റ്സ് ഡേ ആയി ആചരിക്കുകയാണ്. *'...ഞാൻ നിന്നെ മറക്കുകയില്ല' (ഏശയ്യാ 49:15)* എന്ന ബൈബിൾ വാക്യമാണു പ്രസ്തുത ദിനാചരണത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം.

## III

## പരിശുദ്ധ കുർബാനനിയോഗം

**2026 മെയ് 28, ജൂൺ 06** എന്നീ തീയതികളിൽ അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *പവ്വത്തുപറമ്പിൽ തോമസ്, തെക്കുംമുറിയിൽ തോമസ്* എന്നീ ബഹു. വൈദികരെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചന്മാർക്കുവേണ്ടി ഓരോ പരിശുദ്ധ കുർബാന വീതം അർപ്പിക്കേണ്ടതാണ്.

## IV

## പ്രത്യേകപിരിവുകൾ

### സീറോമലബാർസഭാദിന ഫണ്ട്

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാൾ *(ജൂലൈ 3)* സീറോമലബാർസഭാദിനമായി ആചരിക്കുകയാണ്. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച *(ഒരാൾക്ക് 4 രൂപ വീതം)* സീറോമലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ള താണ്.

**യുവജനദിനം**

*2026 ജൂലൈ 12 ഞായറാഴ്ച* യുവജനദിനമായി ആചരിക്കുകയാണ്. ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തിനുള്ളതാണ്. സ്തോത്രക്കാഴ്ചയുടെ 50% അതിരൂപതാ യുവജന ഫണ്ടിലേക്കും 25% ഫൊറോനാ യുവജന ഫണ്ടിലേക്കും 25% യൂണിറ്റ് ഫണ്ടിലേക്കും നൽകേണ്ടതാണ്. അതിരൂപത, ഫൊറോന ഫണ്ടുകളിലേക്കുള്ളത് ഇടവകകളിൽ വന്നു കൈപ്പറ്റുന്നതാണ്.

## V


## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ മൂന്നാം ബാച്ച് വാർഷികധ്യാനം *ജൂലൈ 19 മുതൽ 24* വരെ നടത്തപ്പെടുന്നതാണ്. ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ ധ്യാനം അവസാനിക്കുന്നു.

**ധ്യാനഗുരു - റവ. ഫാ. റ്റോം ഓലിക്കരോട്ട്**

*(പി.ആർ.ഒ. & സെക്രട്ടറി, മീഡിയാ കമ്മീഷൻ സീറോമലബാർസഭ)*

# ദൈവാശ്രയബോധവും നിശ്ചയദാർഢ്യവും കൈമുതലാക്കിയ
## പവ്വത്തുപറമ്പിൽ ബഹു. തോമസ് അച്ചൻ



പൂത്തുകുലുങ്ങിനിന്ന വൻമരം മരണത്തിന്റെ ചെറുകാറ്റിൽ മറിഞ്ഞുവീണപോലെ, തന്റെ പ്രവർത്തനനിരതമായ പൗരോഹിത്യശുശ്രൂഷയ്ക്കിടയിൽ പെട്ടെന്ന് നമ്മെ വിട്ടുപിരിഞ്ഞുപോയ പെരിയ ബഹു. തോമസ് പവ്വത്തുപറമ്പിലച്ചന്റെ വിരിഞ്ഞ മന്ദഹാസം മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. അദ്ദേഹം കടന്നുപോയി,... നിത്യതയിലേക്ക്.. അതുൾക്കൊള്ളാൻ ഇനിയും സാധിക്കുന്നില്ല.....

ചങ്ങനാശ്ശേരി അതിരൂപതയിലെ കൂരോപ്പട മാർ സ്ലീവാ ഇടവകയിൽ പവ്വത്തുപറമ്പിൽ സ്കറിയാ - മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ മകനായി 1961 മാർച്ച് 15-ന് ജനിച്ച ടോമിച്ചൻ ഹൈസ്കൂൾ പഠനത്തിനുശേഷം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലും തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലുമായി വൈദിക പരിശീലനം പൂർത്തിയാക്കി. നെടുംകുന്നത്ത് അസ്തേന്തിയായി വളരെ നല്ലപ്രവർത്തനം കാഴ്ചവച്ച അദ്ദേഹത്തെ കന്യാകുമാരി മിഷനിലെ നിദ്രവിള ജയമാതാ, വയലുങ്കര സെന്റ് ആന്റണീസ്, ക്രിസ്തു രാജപുരം എന്നീ മിഷൻ ഇടവകകളുടെ വികാരിയായി അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ് അയച്ചു.

1993-ൽ ബഹു. മാത്യു വാക്കയിൽ അച്ചൻ മിഷൻ കോഡിനേറ്റർ ആയിരുന്ന കാലത്താണ് നാഗർകോവിലിൽ അര ഏക്കർ സ്ഥലം വാങ്ങുന്നത്. ബഹു. മാത്യു കുഴിഞ്ഞാലിലച്ചൻ ആരംഭിച്ച അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഉത്തരവാദിത്വം ബഹു. തോമസ് അച്ചൻ ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്നത് താമസിക്കുന്ന വാടകവീട്ടിൽ പ്രവർത്തിച്ചിരുന്ന ആഫീസും എൽ.കെ.ജി. മുതൽ നാലാംതരംവരെ ക്ലാസുകളും മാത്രമായിരുന്നു. ബഹു. എഫ്.സി.സി. സിസ്റ്റേഴ്സിന്റെ സഹായത്തോടെ ഇല്ലായ്മയിലും കഷ്ടപ്പാടിലും പ്രതിസന്ധികളിൽനിന്നും ആ ചെറുവിദ്യാലയത്തെ പടിപടിയായി ഒരു ഹയർസെക്കൻഡറി മെട്രിക്കുലേഷൻ സ്കൂളാക്കി അച്ചൻ വളർത്തി. സ്കൂൾ കോമ്പൗണ്ടിൽ രാത്രി വൈകി മുതിർന്ന ക്ലാസ്സിലെ കുട്ടികൾ പഠിക്കുമ്പോൾ തോമസച്ചൻ കോമ്പൗണ്ടിനു ചുറ്റും നടന്ന് ജപമാല ചൊല്ലിയിരുന്നു. ദൈവാശ്രയബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയുള്ള അച്ചന്റെ കഠിനാദ്ധ്വാനത്തിന്റെയും നേതൃപാഠവത്തിന്റെയും ഫലമായി അൽഫോൻസാ സ്കൂൾ വിവിധ മത്സര

പരീക്ഷകളിൽ പലപ്രാവശ്യം ജില്ലയിൽ ഒന്നാം സ്ഥാനവും സ്റ്റേറ്റിൽ വിവിധ റാങ്കുകളും നേടിയിട്ടുണ്ട്.

1995-ൽ കേവലം 12 വീടുകൾ മാത്രം ഉണ്ടായിരുന്ന ഈ മിഷൻ ഇന്ന് വി. അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള ഒരു വലിയ ഇടവക സമൂഹമായി വളർന്നിരിക്കുന്നു. അവിടെയുള്ള അൽഫോൻസാ സ്മാരകവും കൽക്കൊടി മരവുമൊക്കെ അച്ചന്റെ കരവേലകളാണ്. ഇന്ന് ഒരു തീർത്ഥാടനകേന്ദ്രമായി വളർന്ന അൽഫോൻസാ പള്ളിയിലേക്കു തക്കല അരമനയിൽനിന്നും, നാഷണൽ ഹൈവേയിലൂടെ 22 കിലോമീറ്റർ കാൽനടയായി, യുവജനങ്ങളുടെ നേതൃത്വത്തിൽ വർഷംതോറും നടത്തിവരുന്ന തീർത്ഥാടനത്തിൽ ആയിരങ്ങൾ പങ്കുചേരുന്നു.

കാട്ടാത്തുറ സെന്റ് മൈക്കിൾസ് മിഷൻ, എഫ്.സി.സി. മഠവും സ്കൂളും, പള്ളിക്കെട്ടിടം, പരുത്തിവിളയിലുള്ള എസ്.എ.ബി.എസ്. റീജണൽ ഹൗസ്, ഡിഫറെന്റ്ലി ഏബിൾഡ് സ്കൂൾ, നിദ്രവിളയിലുള്ള ഭിന്നശേഷി കുട്ടികളുടെ ഇല്ലവും എ.എസ്.എം.ഐ. സിസ്റ്റേഴ്സിന്റെ മഠവുമെല്ലാം തോമസച്ചന്റെ മേൽനോട്ടത്തിൽ പണികഴിപ്പിച്ചതാണ്. കരിങ്കൽ സെന്റ് അൽഫോൻസാ കോളജിന്റെ പ്ലാനിങ്ങും നിർമ്മാണവും മറ്റുക്രമീകരണങ്ങളുമെല്ലാം അച്ചന്റെ നേട്ടങ്ങളാണെന്ന് പറയാം. രജതജൂബിലി കഴിഞ്ഞിട്ടും തക്കല രൂപതയ്ക്ക് ഒരു കത്തീഡ്രൽ പള്ളിയില്ല എന്ന് ദുഃഖം പരിഹരിക്കുവാൻ അതിന്റെ പ്ലാൻ അവതരിപ്പിച്ച്, അതിനായി അച്ചൻ ഒരുങ്ങുകയായിരുന്നു.

നാഗർകോവിലിലെ നീണ്ട 27 വർഷത്തെ സ്തുത്യർഹസേവനത്തിനുള്ള അംഗീകാരമെന്നോണം അഭി. ജോർജ് രാജേന്ദ്രൻ പിതാവ് അദ്ദേഹത്തെ തക്കല രൂപതയുടെ വികാരി ജനറാളായി നിയമിച്ചു. ഭാരമേറിയ ആ ദൗത്യം അദ്ദേഹം സന്തോഷത്തോടെ ഏറ്റെടുത്തു. വികാരി ജനറാൾ ആയിരുന്ന കാലം അഭി. പിതാവിനെ താങ്ങുവാനും സഹായിക്കുവാനും രൂപതയെ ഉയർത്താനും വളർത്താനും ദീർഘവീക്ഷണത്തോടെ, 50 വർഷം മുന്നോട്ടു ചിന്തിച്ച് അച്ചൻ പ്രവർത്തിച്ചു. വിമർശനങ്ങളും എതിർപ്പുകളും തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും അദ്ദേഹം വലിയ ക്ഷമയോടെ നേരിട്ടു. 2017 മുതൽ ഒരു ജില്ലയിൽ നിന്നും 9 ജില്ലകളായി വളർന്ന തക്കല രൂപതയിൽ പുതിയ ആരംഭിച്ച അരിയൂർ, വിരുതനഗർ, കയത്താർ എന്നീ മിഷൻ സ്റ്റേഷനുകളും അവിടെയുള്ള വൈദികരെയും സിസ്റ്റേഴ്സിനെയും ശുശ്രൂഷകരെയും അദ്ദേഹം കൂടെക്കൂടെ സന്ദർശിക്കുമായിരുന്നു.

ചങ്ങനാശ്ശേരിയിലെയും തക്കലയിലെയും അഭി. പിതാക്കന്മാരോടെല്ലാം അങ്ങേയറ്റം വിധേയത്വവും വിശ്വസ്തതയും തോമസച്ചൻ എന്നും പുലർത്തിയിരുന്നു. സഹവൈദികരോടും സന്ന്യസ്തരോടും അത്മായരോടും എന്നും ഹൃദയത്തിൽ സ്നേഹവും ആദരവും തോമസച്ചൻ സൂക്ഷിച്ചിരുന്നു. വ്യക്തിബന്ധങ്ങൾ സൂക്ഷിക്കാനും അവരെ സന്ദർശിക്കാനും സമ്മാനങ്ങൾ നൽകാനും

കാരുണ്യപ്രവൃത്തികൾ ചെയ്യാനും മറ്റുള്ളവരെ അകമഴിഞ്ഞ് സഹായിക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. തോമസച്ചനുമായുള്ള ആത്മസ്നേഹബന്ധം സ്കൂളിൽ പണിക്കെത്തിയ ചന്ദ്രൻ എന്ന ആശാരിയെ തോമസ് ചന്ദ്രൻ എന്ന ഉത്തമ വിശ്വാസിയാക്കി മാറ്റി.

1995 ഫെബ്രുവരി 5ന് എന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിക്കുന്നത് നാഗർകോവിൽ എ ആർ പി ക്യാമ്പ് റോഡിലെ അൽഫോൻസാ കമ്മ്യൂണിറ്റി സെന്ററിൽ ബഹു. തോമസച്ചന്റെ അസിസ്റ്റന്റായിട്ടാണ്. നാഗർകോവിൽ പള്ളിയിലെ എന്റെ ആദ്യപ്രസംഗം കേൾക്കാനും പ്രോത്സാഹിപ്പിക്കാനും അച്ചൻ പള്ളിയിൽ കാത്തിരുന്നു. പിന്നീട് പള്ളിയിലെ ആ വർഷത്തെ വാർഷിക ധ്യാനം നയിക്കാൻ എന്നെ ചുമതലപ്പെടുത്തി; പ്രോത്സാഹനങ്ങളേകി. അദ്ദേഹത്തെ ആദ്യമൊക്കെ എനിക്ക് അല്പം ഭയമായിരുന്നു. എന്നാൽ ആത്മാർത്ഥതയുടെയും വിശ്വസ്തതയുടെയും പൗരോഹിത്യവിശുദ്ധിയുടെയും കഠിനാധ്വാനത്തിന്റെയും നിർമ്മലമായ വ്യക്തിബന്ധങ്ങളുടെയും അടുക്കും ചിട്ടയുമുള്ള ജീവിതത്തിന്റെയും ആഴമായ പ്രാർത്ഥനയുടെയും ആചാര്യശിഷ്ഠതയുടെയും ദീർഘവീക്ഷണത്തിന്റെയും ആധ്യാത്മികനിയന്താവിന്റേതുമായ ആ വ്യക്തിത്വത്തെ അടുത്തനുഭവിച്ചറിയാൻ എനിക്ക് ഏറെ സാധിച്ചിട്ടുണ്ട്.

തോമസച്ചനോട് അടുത്തിടപഴകിയിരുന്ന എനിക്ക് 2019 മുതൽ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കുന്നതായി തോന്നിയിട്ടുണ്ട്. എന്നാൽ തന്റെ അനാരോഗ്യത്തെ വകവയ്ക്കാതെ അധികാരികൾ തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ പൂർണ്ണ വിശ്വസ്തതയോടും അതിലേറെ തീക്ഷ്ണതയോടും കൂടെ പൂർത്തിയാക്കുന്നതിൽ ഏറെ ശ്രദ്ധിച്ചിരുന്നു. ഒപ്പം ഓരോ നിമിഷവും മരണത്തെ നേരിൽക്കണ്ട് വേണ്ടത്ര ഒരുക്കത്തോടെ അദ്ദേഹം നടന്നുനീങ്ങി.

അവസാനം 2026 മെയ് 28ന് പുലർച്ചെ ബഹു. തോമസ് പവ്വത്തുപറമ്പിലച്ചൻ നിത്യതയിലേക്ക് കടന്നുപോയി. 2026 ജൂൺ 2 (ചൊവ്വ)ന് കൂരോപ്പട മാർ സ്ലീവാ പള്ളിയിൽ നടത്തിയ മൃതസംസ്കാരശുശ്രൂഷയിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോർജ് രാജേന്ദ്രൻ, മാർ തോമസ് പാടിയത്ത് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. അനുസരണത്തിന്റെയും ആത്മാർപ്പണത്തിന്റെയും പൗരോഹിത്യവിശുദ്ധിയുടെയും മാതൃകയായിരുന്ന പവ്വത്തുപറമ്പിൽ ബഹു. തോമസച്ചന്റെ മരിക്കാത്ത ഓർമ്മകളുടെ മുൻപിൽ പ്രണാമം.

**ഫാ. പീറ്റർ കിഴക്കേയിൽ**

# പ്രിയപ്പെട്ട തോമസ് തെക്കുമുറി അച്ചന്
# സ്നേഹപ്രണാമം



ഒരു പുരോഹിതന്റെ ജീവിതം മിശിഹായ്ക്കു സമാനമായി പ്രഭാഷണങ്ങളോടൊപ്പം പ്രവർത്തനങ്ങളിലൂടെയും ദൈവസ്നേഹം പകരുന്ന സുവിശേഷമായി തീരുകയാണ്. അങ്ങനെയൊരു ജീവിതത്തിന്റെ ഉടമയായിരുന്നു പ്രിയപ്പെട്ട ഫാ. തോമസ് തെക്കുമുറി എന്ന സോണിയച്ചൻ.

1967 ജനുവരി 14ന് ചേന്നങ്കരി തെക്കുംമുറിയിൽ മാത്യു ജോസഫ് (കുട്ടപ്പൻ) – പെണ്ണമ്മ ദമ്പതികളുടെ ഇളയമകനായി ജനിച്ച സോണിയച്ചൻ ചേന്നങ്കരിയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1982 ജൂൺ ഒമ്പതാം തീയതി ചങ്ങനാശ്ശേരി അതിരൂപതയുടെ കുറിച്ചിയിലെ സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്നു. മൈനർ സെമിനാരിയിലെ പഠനത്തോടൊപ്പം ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ് കോളേജിൽ നിന്നും പ്രീഡിഗ്രി പഠനം പ്രശസ്തമായി പൂർത്തിയാക്കി. തുടർന്ന് മംഗലാപുരത്തുള്ള സെന്റ് ജോസഫ് സെമിനാരിയിൽനിന്നും തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. തത്ത്വശാസ്ത്ര പഠനകാലത്ത് മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം സമ്പാദിച്ചു.

1993 മെയ് ഒന്നിന് തന്റെ മാതൃ ഇടവകയായ ചേന്നങ്കരി സെന്റ് ജോസഫ് പള്ളിയിൽ വച്ച് പുണ്യശ്ലോകനായ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈവെപ്പിലൂടെ ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചപ്പോൾ സഭയ്ക്ക് അർപ്പണബോധമുള്ള ഒരു പുരോഹിതനെയാണ് ലഭിച്ചത്.

തൃക്കൊടിത്താനം മുതൽ കോട്ടയ്ക്കപ്പുറം വരെയുള്ള നിരവധി ഇടവകകളിൽ അദ്ദേഹം നടത്തിയ ശുശ്രൂഷകൾ വിശ്വാസജീവിതത്തിന്റെ ഉറച്ച പ്രഘോഷണങ്ങളായിരുന്നു. അവിടങ്ങളിലെല്ലാം വലിയ ആത്മീയമുന്നേറ്റങ്ങൾ ദൃശ്യമായിരുന്നു. അദ്ദേഹം ആയിരുന്നിടങ്ങളിലെല്ലാം ആദിമസഭയുടെ ചൈതന്യമായ കൂട്ടായ്മയുടെയും പങ്കുവെക്കലിന്റെയും, ആരാധനയുടെയും വചനപഠനത്തിന്റെയും വലിയ സാക്ഷ്യങ്ങൾ കാണുവാൻ സാധിക്കും.

പഠനത്തോടും ജ്ഞാനാർജ്ജനത്തോടുമുള്ള അടങ്ങാത്ത ആവേശം സോണി അച്ചനിൽ പ്രകടമായിരുന്നു. അതുകൊണ്ടുതന്നെ അജപാലന ശുശ്രൂഷ നിർവഹിക്കുന്നതിനോടൊപ്പം കോട്ടയം സീരിയിൽ നിന്നു സുറിയാനി ഭാഷയിലും വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നു പൗരസ്ത്യ ദൈവശാസ്ത്രത്തിലും ബിരുദാനന്തര ബിരുദവും പരിശുദ്ധ കുർബാനയുടെ

ദൈവശാസ്ത്രം അടിസ്ഥാനമാക്കിയുള്ള ഗവേഷണ പ്രബന്ധത്തിന് ഡോക്ടറേറ്റും കരസ്ഥമാക്കുവാൻ അച്ചന് സാധിച്ചു.

ദരിദ്രരെ, സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരെ, പ്രത്യേക പരിഗണന അർഹിക്കുന്നവരെ അദ്ദേഹം എല്ലാക്കാലത്തും ചേർത്തു നിർത്തി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ കൊച്ചച്ചൻ ആയിരുന്നപ്പോൾ തെരുവിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾക്കു വേണ്ടി മനസ്സ് തേങ്ങിയപ്പോൾ, ആകാശപ്പറവകളെ തേടി പോയ സോണിയച്ചന്റെ അക്കാലത്തെ പ്രവർത്തനങ്ങളാണ് ഫാത്തിമാപുരത്തുള്ള അൽഫോൻസാ സ്നേഹനിവാസ്. താൻ ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം നിരവധി ആളുകൾക്ക് ഭവനമൊരുക്കുന്നതിനും അനേകർക്ക് ജീവിതമാർഗം കണ്ടെത്തുന്നതിനും നിർധനരായ കുട്ടികൾക്ക് പഠനസഹായമൊരുക്കുന്നതിനും രോഗികൾക്ക് ചികിത്സാസഹായം എത്തിക്കുന്നതിനും കടക്കെണിയിൽപ്പെട്ടവരെ കരകയറ്റുന്നതിനും 'വലതുകരം ചെയ്യുന്നത് ഇടതുകരം അറിയാതെ' പ്രവർത്തിച്ച നല്ല ശമറായ മനസ്സുള്ള ഒരു പുരോഹിതനെ സോണി അച്ചനിൽ അനേകർ തിരിച്ചറിഞ്ഞു.

ആത്മാക്കളെ നേടാനുള്ള തീക്ഷ്ണതയിൽ അറേബ്യൻ മണലാരണ്യത്തിൽ നസ്രാണിമക്കളെ ഒരുമിച്ച് ചേർക്കാനും സമുദായബോധത്തിൽ വളർത്താനും നസ്രാണി സഭയുടെ തനത് ആരാധനക്രമപാരമ്പര്യത്തിലും ആത്മീയതയിലും വളർത്താനും സ്വന്തം ജീവൻപോലും അപകടത്തിലാക്കിയ ത്യാഗത്തിന്റെ കഥയാണ് 2009 ഡിസംബർ മുതൽ 2011 ഫെബ്രുവരി വരെ നീണ്ട സോണിയച്ചന്റെ പ്രവാസ പ്രേഷിതത്വം. ഇത് സീറോ മലബാർ സഭയുടെ പ്രേഷിത മുന്നേറ്റത്തിന്റെയും അജപാലന തീക്ഷ്ണതയുടെയും ചരിത്രത്തിലെ അവിസ്മരണീയമായ കാൽവെപ്പായിരുന്നു. അതിന് തുടക്കം കുറിക്കാൻ സോണിയച്ചനെ ദൈവം തെരഞ്ഞെടുത്തു.

സോണിയച്ചന്റെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത അദ്ദേഹത്തിന്റെ കലാബോധവും നിർമ്മാണ വൈദഗ്ധ്യവും ആയിരുന്നു. ഐക്കരച്ചിറ, പൂന്തോപ്പ്, മാമ്മൂട് ദൈവാലയങ്ങളുടെ നിർമ്മാണത്തിന് അദ്ദേഹം നൽകിയ നേതൃത്വം എന്നും സ്മരിക്കപ്പെടും. മാമ്മൂട് ദൈവാലയത്തിന്റെ നിർമാണം പ്രത്യേക പരാമർശം അർഹിക്കുന്നു. ആ ദൈവാലയത്തിന്റെ ഓരോ ഭാഗവും നിരന്തരമായ ധ്യാനത്തിന്റെയും ആഴമായ മനനത്തിന്റെയും ഫലമായി രൂപപ്പെട്ടതാണ്. ദൈവാലയത്തിന്റെ ഓരോ ഭാഗവും വളരെ കമനീയമായും പൂർണ്ണതയോടെയും ക്രമീകരിച്ചിരിക്കുന്നു. അതിനാൽ ആ ദൈവാലയത്തിൽ പ്രവേശിക്കുന്നവർക്കു ലഭിക്കുന്ന ആത്മീയ അനുഭൂതി അനിർവചനീയമാണ്. ഈ ദൈവാലയ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട സോണി അച്ചൻ ഏറ്റെടുത്ത സഹനങ്ങൾ 'ദൈവത്തിന്റെ ആലയത്തോടുള്ള തീക്ഷ്ണത അദ്ദേഹത്തെ വിഴുങ്ങിക്കളഞ്ഞു' എന്ന് വ്യക്തമാക്കുന്നു. കല്ലും കമ്പിയും കോൺക്രീറ്റുംകൊണ്ട് ദൈവാലയങ്ങൾ പണിയുമ്പോഴും വിശ്വാസികളുടെ ഹൃദയ

ങ്ങളിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും ദൈവാലയങ്ങൾ പണിയുകയായിരുന്നു ഫാ. തോമസ് തെക്കുംമുറി.

തോമസ് തെക്കുംമുറി അച്ചൻ അതിതീക്ഷ്ണമതിയായ അജപാലകനായിരുന്നു. താൻ ആയിരുന്ന ഇടവകകളുടെ പ്രത്യേക സാഹചര്യം മനസ്സിലാക്കി നൂതനവും നവീനവും ആയ കർമ്മ പരിപാടികളിലൂടെ അജഗണങ്ങളെ ഒന്നാകെ സ്നേഹത്തിൽ ജ്വലിപ്പിച്ച് ആവേശത്തോടുകൂടി ദൈവാലയത്തോടും ബലിപീഠത്തോടും അടുപ്പിച്ചു നിർത്തുന്നതിൽ സോണിയച്ചന്റെ വൈഭവം അനിതര സാധാരണമായിരുന്നു.

പരിശുദ്ധാത്മാവിന്റെ കയ്യൊപ്പ് പതിഞ്ഞ ധ്യാനഗുരുവും ആത്മീയോപദേഷ്ടാവുമായിരുന്നു തോമസ് തെക്കുമുറി അച്ചൻ. ഏത് കഠിനഹൃദയത്തെയും തരളിതമാക്കാൻ സാധിക്കുന്ന അഗ്നി അച്ചന്റെ അധരങ്ങളിലൂടെ ദൈവം ഒഴുക്കി. അച്ചന്റെ ധ്യാനവും വചനപ്രഘോഷണവും അനേകർക്ക് മാനസാന്തരത്തിന്റെയും നവീകരണത്തിന്റെയും നിറവ് പകർന്നു. ക്രിസ്തുമസ് കാലത്തും വലിയ നോമ്പിലും സമൂഹമാധ്യമങ്ങളിലൂടെയുള്ള ഹ്രസ്വവും ചിന്തോദ്ദീപകവുമായ പ്രഭാഷണങ്ങൾ നിരവധി ആളുകളെ ദൈവോന്മുഖരാക്കി. ഇവ തയ്യാറാക്കുവാനും അവതരിപ്പിക്കുവാനും അച്ചൻ ഏറെ സമയം കണ്ടെത്തുകയും ദൈവവചനം ആഴത്തിൽ പഠിക്കുകയും ചെയ്തു.

സോണിയച്ചൻ എവിടെ സേവനം ചെയ്താലും അവിടെ സ്നേഹത്തിന്റെയും കരുതലിന്റെയും നിറസാന്നിധ്യമായിരുന്നു. ലാളിത്യവും സൗമ്യതയും ആത്മാർത്ഥതയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രകളായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ശുശ്രൂഷ ചെയ്ത ഇടവകകളിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ അച്ചൻ ഇന്നും ജീവിക്കുന്നു. പ്രിയപ്പെട്ട സോണിയച്ചൻ ഇന്ന് നമ്മോടൊപ്പമില്ല. എന്നാൽ അദ്ദേഹം തെളിച്ച വിശ്വാസദീപം അണഞ്ഞിട്ടില്ല. അദ്ദേഹം പണിത ദൈവാലയങ്ങളും സ്പർശിച്ച ജീവിതങ്ങളും പങ്കുവച്ച സ്നേഹവും അദ്ദേഹത്തിന്റെ ഓർമ്മയെ അനശ്വരമാക്കുന്നു.

കുറവുകളെ പരിഹരിക്കുന്ന കാരുണ്യവാനായ കർത്താവ് തന്റെ മഹത്വത്തിൽ ഈ വൈദിക സഹോദരനെയും ചേർക്കട്ടെ.

2026 ജൂൺ 6നു ബഹു. സോണിയച്ചൻ നിത്യപുരോഹിതനായ ഈശോയുടെ സന്നിധിയിലേക്ക് യാത്രയായി. ബഹു. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ ജൂൺ 9 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് ചേന്നങ്കരി സെന്റ് ജോസഫ് പള്ളിയിൽ വച്ച് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തയുടെയും അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെയും കാർമ്മികത്വത്തിൽ നടന്നു.

**ഫാ. മാത്യു നടമുഖത്ത്**

# KARUTHAL - 2026

ARCHDIOCESE OF CHANGANACHERRY - KARUTHAL 2026 -
RECEIVED CHURCHES LIST- Till-24-06-2026

| AMBOORI FORANE | AMOUNT |
|---|---|
| Amboori St. George (F) Church | |
| Dalummukhm St. Marys Church | 13980 |
| Kutchapuram (CMI) St. Joseph Church | |
| Mayam St. Marys Church | 92000 |
| Rajagiri Christuraja Church | 24650 |
| Thekkupara St. Marys Church | 10000 |
| Vavode S H Church | 75100 |
| Pachakkadu S H Church | 4650 |
| **ALAPPUZHA FORANE** | |
| Alappuzha Mar Sleeva (F) Church | 279400 |
| Arattuvazhy St. Joseph Church | 183253 |
| Arunoottampadam S H Church | 58600 |
| Aryad L F Church | 50550 |
| Chathanadu St. Alphonsa Church | 83750 |
| Kainakary St. Marys Church | 96850 |
| Kaithavana I H Church | 126850 |
| Kuttamangalam St. Joseph Church | |
| Pallathuruthy St. Thomas Church | 70050 |
| Poomthope St. Francis Assisi Church | 106010 |
| Punnamada St. Marys Church | 43750 |
| Punnapra Mar Gregorios Church | |
| Purakkadu Mar Sleeva Church | 81840 |
| Puthenangady St. George Church | |
| Thathampally St. Michaels Church | 322611 |
| **ATHIRAMPUZHA FORANE** | |
| Athirampuzha St. Marys (F) Church | 469860 |
| Arumannoor Magalavartha Church | 210370 |
| Athirampuzha Lissieux Church | 84100 |
| Cheruvandoor St. Sebastian Church | 259800 |
| Ettumanoor Christhuraj Church | 306430 |
| Kattachira St. Xaviers Church | 101300 |
| Kottackapuram St. Mathews Church | 100000 |
| Mannanam XII Apostle Church | 102300 |
| Mannarkunnu St. Gregorious Church | 259500 |
| Nalpathimala St. Thomas Church | 123100 |
| Pallikunnu (Punnathura) St. Thomas Church | 88200 |
| Punnathura St. Thomas Church | 91850 |
| Thellakom (Pushpagiri ) St. Joseph Church | 401251 |
| Vettimukal St. Marys Church | |
| **CHAMPAKULAM FORANE** | |
| Champakulam Basilica | 383690 |
| Chennamkary - W St. Joseph Church | |
| Chennamkary (Koolipura) Lourdes Matha Church | |
| Kandamkary St. Joseph Church | 29440 |
| kondakkal St. Joseph Church | 87250 |
| Narbonapuram St. Sebastaians Church | |
| Nazareth St. Jeromes Church | |
| Padaharam St. Joseph Church | 24655 |
| Ponga (Sleevapuram) Mar Sleeva Church | 103120 |
| Pullangady Hoiy Family Church | 51451 |
| Thekkekara St. John's Church | 135070 |
| Thekkekara St. Sebastian Church | 52600 |
| Thottuvathala S H Church | |
| Vadakkeamichakary St. George Church | 81350 |
| Vaisyambhagam St. Antonys Church | 31300 |
| **CHANGANACHERRY FORANE** | |
| Changanachery Metropolitan Church | 1126456 |
| Cheeramchira St. George Church | 123600 |
| Chethipuzha S H Church | 603621 |
| Kidangara St. Gregorious Church | 86150 |
| Kumaramkary St. Marys Church | 37500 |
| Laikkadu St. Joseph Church | 173250 |
| Mahendrapuram St. Sebastian Church | 15105 |

| | |
|---|---|
| Manackachira St. Joseph Church | 36100 |
| Paral St. Antonys Church | 29685 |
| Parel St. Marys Church | 654572 |
| Perunna East St. Antonys Church | 75100 |
| Pulimugham (Kidangara) Marth Mariam Church | 15000 |
| Puzhavathu St. Thomas Church | 84450 |
| Vazhappally WEST St. Marys Church | 60000 |
| Veroor St. Josephs Church | 350350 |
| Vettithuruth St. Antonys Church | 52600 |
| **CHENGANNOOR FORANE** | |
| Chengannur Marth Mariam (F) Church | 30700 |
| Adoor Mar Sleeva Church | 10250 |
| Ayroor Christ The King Church | |
| Ezhumattoor St. Joseph Church | 9275 |
| Kallooppara (Puthussery) Lourdes Matha Church | 20400 |
| Mavelikara St. Alphonsa church | 74000 |
| Nedumon St. Marys Church | |
| Panthalam Danaha Church | 8820 |
| Thadiyoor St. Antonys Church | 9470 |
| **EDATHUVA FORANE** | |
| Edathua St. George (F) Church | |
| Karumady St. Joseph Church | 33200 |
| Karuvatta St. Joseph Church | |
| Kelamangalam Our Lady of Dolours Church | |
| Kizhake Mithrakary Holy Family Church | 114350 |
| Virupala St. Jude Church | |
| Koduppunna St. Josephs Church | 55750 |
| Muttar OlD St. George Church | 148300 |
| Muttar CMI Immaculate Conception Church | 43375 |
| Muttar NEW St. Thomas Church | 50000 |
| Niranam Pilgrim Centre Mar Thoma Sleeha Centre | 10000 |
| Pacha Chekkidikadu Lourdes Matha Church | 269250 |
| Pandy Fathima Matha Church | 17500 |
| Puthukary St. Xaviers Church | |

| | |
|---|---|
| Thakazhy, Thennady St. Ritas Church | 78600 |
| Thayankary St. Antonys Church | 173611 |
| Ambalapuzha St. Marys Church | 31420 |
| Changankary St. Joseph Church | 51880 |
| Kariyil Holy Family Church | 39950 |
| Mariyapuram Mary Matha Church | |
| Pandamkary, Pious Xth Church | |
| Koilmukku, Edathuva St. Joseph Church | 33345 |
| Kumarapuram St. Marys Church | 21050 |
| Karumady St. Nicholas Church | 60800 |
| **KOLLAM-AYOOR FORANE** | |
| Ayoor Christ the King (F) Church | 47000 |
| Anakulam St. Joseph Church | |
| Kollam Thoma SleevaPally | |
| Anchal Mary Matha Church | 20150 |
| Aryankavu St. Marys Church | 118901 |
| Chenkulam Nithyasahaya Matha Church | 12000 |
| Cherukadavu Infant Jesus Church | 4500 |
| Cheriyavelinalloor St. Sebastian Church | 22820 |
| Edappalayam St. George Church | 25100 |
| Karavaloor Nithya sahaya Matha Church | |
| Kottarakara, Pulamon St. Thomas Church | |
| Kulathupuzha St. Sebastian Church | 7600 |
| Kuttikonam (Makkannor) Christ the King Church | 23600 |
| Meenkulam Lourdes Matha Church | |
| Narikkallu St. Marys Church | |
| Pazhayeroor St. Thomas Church | 13100 |
| Philgiri St. Joseph Church | 41350 |
| Punaloor S H Church | 100000 |
| Venchempu St. George Church | 28950 |
| Pathanapuram Mar Aprem Church | |
| **KOTTAYAM FORANE** | |
| Kottayam Lourdes (F) Church | 735750 |
| Aruvikuzhy Lourdes Matha Church | |
| Ayarkunnam St. Sebastians Church | 477000 |

| | |
|---|---|
| Cheppumpara Martha Mariam Church | |
| Eravinalloor Assumption Church | 8500 |
| Kaduvakulam (Kollad) L F Church | |
| Kooroppada Holy Cross Church | 145000 |
| Pampady Deva Matha Church | |
| Pangada S H Church | |
| Puthupally (CMI) St. Antonys Church (Poomattam) | |
| Thazhathangady S H Church | 127000 |
| Vadavathoor St. Thomas Church | |
| **KUDAMALOOR FORANE** | |
| Kudamaloor St. Marys (F) Church | |
| Aickarachira St. George Church | 74950 |
| Arppookkara, Villoonni St. Xaviers Church | 146920 |
| Arppookkara Little Flower Church | |
| Cheeppunkal St. Antonys Church | |
| Chengalam St. Sebastians Church | 5000 |
| Kiliroor St. Francis De Sales Church | |
| Kumarakam Vadakkumkara Church | |
| Kumaranalloor St. Thomas Church | 115500 |
| Kumarakom Navanazreth Church | |
| Mannanam (CMI) | |
| Mudiyoorkara Holy Family Church | |
| Parampuzha Bethehem Church | 403751 |
| **KURUMPANADAM FORANE** | |
| Kurumpanadam St. Antonys (F) Church | 548737 |
| Eravuchira St. Mary's Church | 133260 |
| Kurumpanadam Assumption Church | 236000 |
| Madappally L F Church | |
| Mammoodu Lourdes Matha Church | 320360 |
| Mannila Holy Family Church | 70900 |
| Rajamattam S H Church | 101070 |
| Thottackad St. George church | 265370 |
| **MANIMALA FORANE** | |
| Manimala Holy Magi (F) Church | 180000 |
| Chunkappara L F Church | 118650 |
| Kadainickadu St. Marys Church | 65600 |

| | |
|---|---|
| Karikkattoor St. James Church | 46810 |
| Karimpanakulam S H Church | 136150 |
| Kottangal St. John The Baptist Church | 67900 |
| Kulathoor L F Church | 85400 |
| Manimala (NEW) St. Basil Church | |
| Nirmalapuram St. Marys Church | 24000 |
| Perumkavu St. Thomas Church | 28000 |
| Vallamchira St. Marys Church | 51750 |
| **MUHAMMA FORANE** | |
| Muhamma St. George (F) Church | |
| Charamangalam Lourdes Matha Church | |
| Kalavoor St. Thomas Church | 50080 |
| S L Puram (Kanjikuzhy) St. Sebastian Church | 28700 |
| Paduvapuram St. Antonys Church | 39500 |
| Mannancherry St. Mary's Church | 55050 |
| **NEDUMKUNNAM FORANE** | |
| Nedumkunnam St. John The Baptist (F) Church | 350000 |
| Anickad St. Antonys Church | |
| Champakara St. Joseph Church | 335350 |
| Koothrappally St. Marys Church | |
| Mallappally St. Athanasius Church | 37250 |
| Mundathanam St. Antonys Church | 69700 |
| Nedumanny Fathima Matha Church | 123910 |
| Panayampala St Sebastians Church | |
| Pulickakavala St. Marys Church | 176500 |
| Punnaveli L F Church | 60150 |
| Thazhathuvadakara Lourdes Matha Church | 90650 |
| Vaipur NEW St Joseph Church | 208200 |
| Vaipur OLD St. Marys Church | 82850 |
| Vettickapurayidom St. Sebastian Church | 18800 |
| **PULINCUNNOO FORANE** | |
| Pulincunnoo St. Marys (F) Church | 344150 |
| Kannady St. Ritas Church | 58660 |
| Kannady St. Joseph Church | 46850 |
| Kavalam St. Therasa's Church | 288150 |

| | |
|---|---|
| Kavalam (Lisieux) Church | 68420 |
| Kayalpuram St. Antonys Church | |
| Kayalpuram St. Josephs Church | |
| Mampuzhakary Lourdes Matha Church | 91000 |
| Manalady St. Marys Church | 76050 |
| Mithrakary St. Xaviers Church | 71500 |
| Moncompu Pious Xth Church | 71050 |
| Pallikkuttumma Fathima matha Church | 62050 |
| Punnakunnathusserry St. Joseph Church | 106500 |
| Ramankary St. Joseph Church | 72350 |
| Veliyanadu (S) St. Xaviers Church | 131100 |
| Veliyanadu (N) St. Joseph Church | 9950 |
| Veliyanadu (N) ( Kesaria) Church | 32700 |
| Vezhapra St. Pauls Church | |
| **THIRUVANANTHAPURAM FORANE** | |
| Thiruvananthapuram Lourdes (F) Church | 706997 |
| Kannammoola St. Mother Teresa Church | 174900 |
| Mannanthala Ranigiri Church | |
| Palode (Peringamala) St. Marys Church | 8950 |
| Peroorkada Lourdes Hill Church | 224950 |
| Pongummoodu St. Alphonsa Church | 184650 |
| Sreekaryam Emmaus Church | |
| Thirumala Holy Family Church | |
| Thiruvallam (Kovalam) Church | 42000 |
| Vattiyoorkavu SFS Church | |
| Vithura All Saints Church | 25050 |
| Vizhinjam St. Peters Church | |
| Karyavattam St. Josephs Church | 126300 |

| | |
|---|---|
| Attingal St. Jude Church | 6000 |
| Killy John Paul 2$^{nd}$ Church | 11700 |
| Nedumangadu St. Thomas Church | 20000 |
| Uchakada, (Vizhinjam) | |
| Vellayani Little Flower Church | 16800 |
| Kesavadasapuram Mar Geevarghese Sahada Church | 243805 |
| **THRICKODITHANAM FORANE** | |
| Thrickodithanam St. Xaviers (F) Church | 800025 |
| Chanjody St. Sebastins Church | 200000 |
| Fathimapuram Fathima Matha Church | 224151 |
| Kodinattumkunnu St. Sebastian Church | |
| Kunnamthanam St. Joseph Church | 173100 |
| Mundupalam St. Marys Church | 254050 |
| Paippadu Nalukody St. Thomas Church | |
| Paippadu Lourdes Matha church | |
| Thiruvalla - Muthoor St. Antonys Church | 145100 |
| **THURUTHY FORANE** | |
| Thuruthy Marth Mariam (F) Church | 420100 |
| Eara Lourdes Matha Church | 23150 |
| Ithithanam St. Marys Church | 233890 |
| Kainady Our Lady of Dolours Church | 75350 |
| Kavalam (N) St. Joseph Church | |
| Kurichy Santhygiri St. Joseph Church | 89900 |
| Payattupakka Holy Family Church | 22100 |
| Podippara Holy Family Church | |
| Vadakkekara St. Marys Church | 130440 |
| Yudapuram St. Jude Church | 43800 |

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുതിയ അധ്യയന വർഷത്തിന്റെ ആദ്യ മാസം ഭംഗിയായി കടന്നുപോയി എന്ന് വിചാരിക്കുന്നു. പുതിയ വർഷത്തെ കർമ്മോത്സുകമാക്കാൻ സന്ദേശ നിലയം ആവിഷ്കരിച്ച ത്രിവിധ പദ്ധതികളോട് ക്രിയാത്മകമായി സഹകരിക്കാൻ എല്ലാവരും പരിശ്രമിക്കുമല്ലോ! പ്രത്യേകമായി 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്കായുള്ള വിശുദ്ധകുർബാന സ്വീകരണത്തെ തുടർന്നുള്ള തുടർ പരിശീലനപദ്ധതി ഒരുതരത്തിലും വീഴ്ചയില്ലാതെ നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തിരുസഭയിലൂടെ ഈശോയോട് വ്യക്തിപരമായ ബന്ധം വളർത്തുക എന്നതിലുപരി മറ്റൊരു പരിശീലനവും നമുക്ക് ആവശ്യമില്ല.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂലൈ**

03 വെള്ളി : **ദുക്റാനതിരുനാൾ, അതിരൂപതാ മതാധ്യാപക ദിനം**
**സഭാദിനം** (കടമുള്ള ദിവസം, ഓഫീസ് അവധി)

04 ശനി : ബി.സി.റ്റി. ബാച്ച് – 3, രണ്ടാം ദിവസം

05 ഞായർ : ശ്ലീഹാ ആറാം ഞായർ ക്ലാസ്സ് – 5

11 ശനി : **സി.എൽ.റ്റി. 45–ാം ബാച്ച് ഉദ്ഘാടനം, ക്ലാസ്സ് ആരംഭിക്കുന്നു.**
ഫൊറോന ധ്യാനം / സെമിനാർ കോട്ടയം ഫൊറോന

12 ഞായർ : കൈത്താ ഒന്നാം ഞായർ ക്ലാസ്സ് – 6
സ്പെരാൻസ – നെടുംകുന്നം ഫൊറോന

18 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 2, ബി.സി.റ്റി. ബാച്ച് – 3, മൂന്നാം ദിവസം

19 ഞായർ : കൈത്താ രണ്ടാം ഞായർ ക്ലാസ്സ് – 7
സ്പെരാൻസ – കുടമാളൂർ ഫൊറോന

20 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, വെട്ടിമുകൾ *(വൈകുന്നേരം 6–9)*

21 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് റീത്താസ് സൺഡേ സ്കൂൾ, അതിരമ്പുഴ & സെന്റ് തോമസ് സൺഡേ സ്കൂൾ, പാറോലിക്കൽ *(വൈകുന്നേരം 6–9)*

25 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 3, ഫൊറോന ധ്യാനം / സെമിനാർ നെടുംകുന്നം ഫൊറോന *(രാവിലെ 9.30–4)*

26 ഞായർ : കൈത്താ മൂന്നാം ഞായർ ക്ലാസ്സ് – 8

സ്പെരാൻസ – അതിരമ്പുഴ ഫൊറോന

റ്റീച്ചേഴ്സ് ഈവ്: സെന്റ് അൽഫോൻസാ സൺഡേ സ്കൂൾ മാവേലിക്കര *(രാവിലെ 9.30)*

27 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചെറുവാണ്ടൂർ *(വൈകുന്നേരം 6-9)*

28 ചൊവ്വ : മർത്ത് അൽഫോൻസാ

30 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ക്രിസ്തുരാജ് സൺഡേ സ്കൂൾ, ഏറ്റുമാനൂർ *(വൈകുന്നേരം 6-9)*

31 വെള്ളി : റ്റീച്ചേഴ്സ് ഈവ്: ടൊൽവ് അപ്പസ്റ്റോലേറ്റ് സൺഡേ സ്കൂൾ, മാന്നാനം *(വൈകുന്നേരം 6-9)*

**ആഗസ്റ്റ്**

01 ശനി : **പതിനഞ്ചുനോമ്പാരംഭം, അൽഫോൻസാ തീർത്ഥാടനം** (ഓഫീസ് അവധി)

02 ഞായർ : കൈത്താ നാലാം ഞായർ ക്ലാസ്സ് – 9

സ്പെരാൻസ – തിരുവനന്തപുരം ഫൊറോന

റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പന്തളം *(രാവിലെ 9.30)*

03 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ലിസ്യു സൺഡേ സ്കൂൾ, അതിരമ്പുഴ *(വൈകുന്നേരം 6-9)*

04 ചൊവ്വ : വി. ജോൺ മരിയ വിയാന്നി,

റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ പുഷ്പഗിരി, തെള്ളകം *(വൈകുന്നേരം 6-9)*

05 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മാത്യൂസ് സൺഡേ സ്കൂൾ, കോട്ടയ്ക്കപ്പുറം *(വൈകുന്നേരം 6-9)*

06 വ്യാഴം : കർത്താവിന്റെ രൂപാന്തരീകരണം

08 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 4, ഫൊറോന ധ്യാനം / സെമിനാർ കൊല്ലം – ആയൂർ ഫൊറോന *(രാവിലെ 9.30-4)*

09 ഞായർ : കൈത്താ അഞ്ചാം ഞായർ ക്ലാസ്സ് – 10

പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

## ഫൊറോനാ ധ്യാനവും സെമിനാറും

2026 ജൂൺ 25 മുതൽ ആരംഭിക്കുന്ന ധ്യാനം / സെമിനാർ എന്നിവയ്ക്ക് മതാധ്യാപകരായ എല്ലാവരുടെയും മുഴുവൻ സമയ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. മതാധ്യാപകരിൽ ആത്മനവീകരണത്തിലൂടെ പുത്തൻ ഉണർവ് നല്കുന്നതിനുപകരിക്കുന്ന വിധം രാവിലെ സെമിനാറും ഉച്ചകഴിഞ്ഞ് ധ്യാനചിന്തകളുമായി ഇത് ക്രമീകരിച്ചിരിക്കുന്നത്. സ്വന്തം ഫൊറോനയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അടുത്തുള്ള ഫൊറോനയിൽ നിർബന്ധമായും

പങ്കെടുക്കേണ്ടതാണ്. സെമിനാറിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സൺഡേ സ്കൂളിൽ രേഖയായി സൂക്ഷിക്കേണ്ടതാണ്.

## സ്പെരാൻസ ഏകദിന സെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിന സെമിനാർ ജൂൺ മാസം മുതൽ ഫൊറോനതലത്തിൽ ആരംഭിച്ചു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ഞായറാഴ്ചകളിൽ സൺഡേസ്കൂൾ സമയത്താണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നല്കുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ള പ്രഗത്ഭരായവർ നയിക്കുന്ന ക്ലാസ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

## സി.എൽ.റ്റി. കോഴ്സ്

ജൂലൈ 11 ശനിയാഴ്ച 45-ാം ബാച്ച് സി.എൽ.റ്റി. കോഴ്സ് ആരംഭിക്കുന്നു. എട്ടു മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെല്ലാം സി.എൽ.റ്റി. പാസ്സായിരിക്കേണ്ടതാണ്. ജൂലൈ 1 മുതൽ Ecos@Sandes ൽ രജിസ്റ്റർ ചെയ്യാം. മുൻകൂറായി 1000 രൂപ ഗൂഗിൾപേ ചെയ്യേണ്ടതാണ്. ആകെ ഫീസ് 3000 രൂപയാണ്. രജിസ്ട്രേഷനുള്ള അവസാനതീയതി: ജൂലൈ 6 തിങ്കൾ. രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 4.00 മണിക്ക് ക്ലാസ്സ് സമാപിക്കും. ആദ്യദിവസം 9 മണിക്ക് ബഹു. വികാരിയച്ചന്റെ ശുപാർശ കത്തും ബി.സി.റ്റി. സർട്ടിഫിക്കറ്റ് കോപ്പിയുമായിട്ടാണ് സന്ദേശനിലയത്തിൽ എത്തേണ്ടത്.

## പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ്

ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള സൺഡേസ്കൂൾ ക്ലാസ്സുകളിലെ കുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ഒരു മാതാവ്, ഒരു പിതാവ് എന്ന പ്രകാരം പ്രതിനിധികളെ എക്സിക്യൂട്ടീവ് അംഗങ്ങളായി തിരഞ്ഞെടുക്കുകയും അവരിൽ നിന്നും പി.റ്റി.എഫ്. ഭാരവാഹികളെ ജൂലൈ 12നകം തിരഞ്ഞെടുക്കേണ്ടതുമാണ്. മതബോധനമണിക്കൂർ ഭവനങ്ങളിൽ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഈയവസരത്തിൽ നല്കേണ്ടതാണ്. സൺഡേസ്കൂൾ ലീഡേഴ്സ് തിരഞ്ഞെടുപ്പും ഇതിനോടകം പൂർത്തീകരിക്കേണ്ടതാണ്. പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ്മീറ്റും സ്കോളർഷിപ്പ് പരീക്ഷയിൽ അർഹരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും ആഗസ്റ്റ് 9ന് (ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ) സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. പരിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

## സി.ആർ.റ്റി. സമ്മേളനം

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീം (സി.ആർ.റ്റി.) അംഗങ്ങളുടെ സംയുക്തയോഗം ആഗസ്റ്റ് 12നു രാവിലെ 10.00 മണിക്ക് സന്ദേശനിലയത്തിൽ നടത്തപ്പെടും. എല്ലാവരുടെയും പങ്കാളിത്തം ഇതിൽ ഉണ്ടാകണം. ശ്രദ്ധേയമായ മാറ്റങ്ങൾ അത് അർഹിക്കുന്ന വിധത്തിൽ മനസ്സിലാക്കുന്നതിനും നടപ്പിലാക്കുന്ന

തിനും ഓരോ സി.ആർ.റ്റി. അംഗത്തിന്റെയും സാന്നിധ്യം അനിവാര്യമാണ്. സന്ദേശനിലയത്തിൽനിന്നും നൽകുന്ന രണ്ടു തീയതികളിൽ ഏതെങ്കിലും ഒരു ദിവസം തന്നെ സന്ദർശനം നടത്തുന്നതിന് വേണ്ടിയുള്ള ക്രമീകരണം സൺഡേ സ്കൂളുകളിൽ നടത്തുന്നതിന് പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുക. സി. ആർ.റ്റി. യുടെ മാറ്റമുള്ള വാട്സ്ആപ്പ് നമ്പർ അറിയിക്കുക.

**ബി.സി.റ്റി. കോഴ്സ്**

സന്ദേശനിലയത്തിൽ വച്ച് ഈ വർഷം നടത്തപ്പെട്ട ബി.സി.റ്റി. കോഴ്സുകളിൽ പങ്കെടുത്തവരുടെ സർട്ടിഫിക്കറ്റ് ജൂലൈ 31നകം സന്ദേശനിലയത്തിൽ വന്ന് വാങ്ങേണ്ടതാണ്. ആഗസ്റ്റ് 22ന് ആലപ്പുഴയിലും സെപ്റ്റംബർ 12ന് അതിരമ്പുഴയിലും ഒക്ടോബർ 2ന് എടത്വായിലും വച്ച് പ്രത്യേക ബാച്ചുകൾക്കായുള്ള ബി.സി.റ്റി. ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**ആദരാഞ്ജലികൾ**

പുന്നവേലി സൺഡേ സ്കൂൾ അധ്യാപിക സി. ലിസ എഫ്.ഡി.എസ്.എച്ച്.ജെ. യുടെ മാതാവിന്റെയും ചാരമംഗലം സൺഡേ സ്കൂൾ അധ്യാപിക ബീനാ വർഗ്ഗീസിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## അഭിനന്ദനങ്ങൾ



ഉത്തരാഖണ്ഡ് മഹാരാജ അഗ്രാസൻ ഹിമാലയൻ ഗർവാൾ യൂണിവേഴ്സിറ്റിയിൽനിന്ന് എം.ബി.എ.യിൽ *INTERACTION EFFECT OF EMOTIONAL INTELLIGENCE AND EFFECTIVE LEADERSHIP ON EXECUTIVE FUNCTION AMONG PRINCIPALS OF CATHOLIC HIGHER SECONDARY SCHOOLS IN KERALA* എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**സ്രാമ്പിക്കൽ ബഹു. സ്കറിയ അച്ചനും**



റോമിലെ ഉർബനിയാനും യൂണിവേഴ്സിറ്റിയിൽനിന്നു ഡോഗ്മാറ്റിക് തിയോളജിയിൽ *TRIUNE GOD IN THE EAST SYRIAC ANAPHORAS: AN ANALYTICAL AND COMPARATIVE STUDY OF THE TRINITARIAN ASPECT IN THE ANAPHORAS OF ADDAI AND MARI, MAR THEODORE AND MAR NESTORIUS* എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**മൂലയിൽ ബഹു. കുര്യൻ അച്ചനും**

അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

മിഷൻലീഗ് സംഘടനാ പ്രവർത്തനങ്ങൾ പുതിയ പഠനവർഷത്തിൽ ഊർജ്ജസ്വലമായി ആരംഭിച്ചു എന്ന് വിചാരിക്കട്ടെ. ഓരോ മാസവും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പുണ്യ പ്രവർത്തികളും സുകൃതജപവും വചനപാരായണവും നമ്മുടെ വളർച്ചയ്ക്ക് വലിയ ബലം നൽകും. ഈ വർഷം സന്ദേശനിലയത്തിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുപോലെ മാസത്തിൽ ഒരു തവണയെങ്കിലും സൺഡേസ്കൂളിന്റെ സമയമെടുത്ത് മിഷൻലീഗ് സമ്മേളനം നടത്താൻ ശ്രദ്ധിക്കുമല്ലോ! ആഗതമാകുന്ന അൽഫോൻസാ തീർഥാടനത്തിനായി നമുക്കെല്ലാവർക്കും പ്രാർത്ഥിച്ചൊരുങ്ങാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

*സുകൃതജപം : എന്റെ കർത്താവും എന്റെ ദൈവവും (മാർവാലാഹ്)*

*ദൈവവചനം : വിളവധികം വേലക്കാരോ ചുരുക്കം അതിനാൽ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ (മത്തായി 9 : 37 - 38)*

*നിയോഗം : എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കാം.*

**ജൂലൈ**

02 വ്യാഴം : അംഗത്വസ്വീകരണം, അതിരൂപതാതല ഉദ്ഘാടനം

03 വെള്ളി : ദുക്റാന തിരുനാൾ കടമുള്ള ദിവസം (ഓഫീസ് അവധി), മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

05 ഞായർ : അംഗത്വ സ്വീകരണം ശാഖകളിൽ

11 ശനി : പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാൾ, കുമ്പസാരക്രമീകരണം

**കൈത്താക്കാലം**

12 ഞായർ : ബേത്ലഹേം മീറ്റ്

19 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിംഗ് (ശാഖകളിൽ)

25 ശനി : മാർ യാക്കോബ്ശ്ലീഹ, വി. അന്ന വി. യോവാക്കിം (26 ഞായർ)

26 ഞായർ : അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള അതിരൂപത ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂർ ജന്മഗൃഹത്തിൽ, വിശുദ്ധ അൽഫോൻസാ ക്വിസ് (ഓൺലൈൻ)

28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, ജോയിന്റ് ഡയറക്ടേഴ്സ് ദിനം (ഞായറാഴ്ച പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക)

പ്രവർത്തനം - അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള പ്രാർത്ഥന എല്ലാ ഭവനങ്ങളിലും എത്തിക്കുന്നു. പതാക പ്രയാണം, ദീപശിഖാപ്രയാണം തുടങ്ങിയവ മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തുക. എല്ലാ ശനിയാഴ്ചകളിലും ശനിയാഴ്ച സമ്മേളനം നടത്തണം.

**ആഗസ്റ്റ്**

01 ശനി : പതിനഞ്ചുനോമ്പ് ആരംഭം, 38-ാമത് അൽഫോൻസാ തീർത്ഥാടനം (ഓഫീസ് അവധി)

02 ഞായർ : ഇടയനോടൊപ്പം ശാഖകളിൽ

04 ചൊവ്വ : വി. ജോൺ മരിയ വിയാന്നി, ഇടവക വൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം.

06 വ്യാഴം : കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ

08 ശനി : ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച, സ്ഥാപകനേതാവ് കുഞ്ഞേട്ടൻ അനുസ്മരണം, പുരസ്കാരസമർപ്പണം, കബറിടസന്ദർശനം, സംസ്ഥാന മാനേജിങ് കമ്മിറ്റി (ചെമ്മലമറ്റം - പാലാ രൂപത)

## വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കം

### 38-ാമത് അൽഫോൻസാ തീർത്ഥാടനം

ഭവനസന്ദർശനം നടത്തുക, അൽഫോൻസാ സെമിനാറുകൾ നടത്തുക. പതാക, ഛായാചിത്ര പ്രയാണങ്ങൾ നടത്തുക. ഒരു മാസത്തെ നോമ്പാചരണം നടത്തുക. അൽഫോൻസാമ്മയുടെ ഉദ്ധരണികൾ ഞായറാഴ്ചകളിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

ജൂലൈ 1 മുതൽ 31 വരെ ചെറിയ ത്യാഗപ്രവർത്തികൾ ചെയ്യുക. വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുക. സുകൃതജപങ്ങൾ ചൊല്ലി പ്രത്യേക നിയോഗത്തോടുകൂടി പദയാത്രയായി തീർത്ഥാടനത്തിൽ സംബന്ധിക്കുക.

### ഓൺലൈൻ സെമിനാറും ക്വിസും

മിഷൻലീഗിന്റെ ഉപമധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ഓൺലൈൻ സെമിനാർ ജൂലൈ 24-ാം തീയതി ഏഴുമണിക്ക് MAC TV ലൂടെ നടത്തപ്പെടും. കൂടാതെ ജൂലൈ 26-ാം തീയതി ഞായറാഴ്ച 7.30ന് സ്നേഹബലി എന്ന പുസ്തകത്തെയും അൽഫോൻസാ സെമിനാറിനെയും ആസ്പദമാക്കി ഓൺലൈൻ ക്വിസ് നടത്തപ്പെടുന്നതാണ്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികളും അതിൽ പങ്കെടുക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ സബ്മിറ്റ് ചെയ്യുന്ന സമയം നോക്കിയായിരിക്കും വിജയിയെ തിരഞ്ഞെടുക്കുന്നത്. 80%ത്തിൽ

കൂടുതൽ പേർ പങ്കെടുക്കുന്ന ശാഖകൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**നന്ദിയും സ്വാഗതവും**

മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച സി. അമല എസ്.എ.ബി.എസ്. (അതിരമ്പുഴ), റി. റോസ്മി എസ്.എ.ബി.എസ്. (ചമ്പക്കുളം), സി. സുദീപ സി.എം.സി. (ചെങ്ങന്നൂർ), സി. ലിൻസി എസ്.എ.ബി.എസ്. (എടത്വാ), സി. ആൽഫി അന്ന ആന്റണി എഫ്.സി.സി. (കുടമാളൂർ), സി. റോസ് ബിയാട്രീസ് സി.എം.സി. (മണിമല), സി. ഷീലാ മരിയ സി.എം.സി. (നെടുംകുന്നം), സി. കൃപ എഫ്.സി.സി. (പുളിംകുന്ന്), സി. ഗ്ലാഡിസ് സി.എം.സി. (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന സി. വിനീത എസ്.എ.ബി.എസ്. (അതിരമ്പുഴ), സി. റെയ് മേരി എസ്.എ.ബി.എസ്. (ചമ്പക്കുളം), ശ്രീ. ബാബു ഇരുവേലിക്കുന്നേൽ (ചെങ്ങന്നൂർ), സി. ലിജി മരിയ എഫ്.സി.സി. (കുടമാളൂർ), സി. ചൈതന്യ സി.എം.സി. (നെടുംകുന്നം), സി. റോസ്ന എഫ്.സി.സി. (പുളിംകുന്ന്), സി. ആൻസ് വടക്കേതലയ്ക്കൽ (തുരുത്തി)എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## നിത്യതയിലേക്ക്



**സി. കനീഷ്യ കല്ലറങ്ങാട്ട്**
CMC

"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

കഴിഞ്ഞ നാലുവർഷക്കാലം കുടുംബകൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റിന്റെ വളർച്ചയിൽ അക്ഷീണം യത്നിച്ചതിനുശേഷം ഇപ്പോൾ ദീപിക സർക്കുലേഷൻ മാനേജരായി നിയമിതനായ ജോർജ് മാന്തുരുത്തിലച്ചന് ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും ഒരിക്കൽകൂടി നേരുന്നു.

നൂറുമേനി സീസൺ IV ഗ്രാൻഡ്ഫിനാലേയ്ക്കായി അഞ്ചു റീജനുകളിൽ നിന്നുള്ള ടീമുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. സെപ്റ്റംബർ 11 വെള്ളിയാഴ്ച രാവിലെ 9.30നു എസ്.ബി. കോളേജ് കാവുകാട്ടു ഹാളിൽവച്ചാണ് ഗ്രാൻഡ്ഫിനാലെ നടക്കുന്നത്. 12-ാം തീയതി ശനിയാഴ്ച സമാപനസമ്മേളനവും ക്രമീകരിച്ചിരിക്കുന്നു. സമ്മാനർഹരായ എല്ലാവരും എസ്.ബി. കോളേജിലെത്തി ഫൊറോനാടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന കൗണ്ടറുകളിൽനിന്നും സമ്മാനങ്ങൾ സ്വീകരിക്കേണ്ടതും നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്ന ഇരിപ്പിടങ്ങളിൽ ഇരിക്കേണ്ടതുമാണ്. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ പങ്കെടുത്ത് അതിരൂപതയോടുള്ള നിങ്ങളുടെ സ്നേഹവും സഹകരണവും കാണിക്കേണ്ടതുമാണ്. മുൻ വർഷങ്ങളിലെപോലെതന്നെ വളരെ വിപുലമായ ക്രമീകരണങ്ങളാണ് സമാപനസമ്മേളനത്തിനായി ചെയ്തുകൊണ്ടിരിക്കുന്നത്.

അന്നേ ദിവസം തന്നെ നൂറുമേനി സീസൺ Vന്റെ ലോഗോ പ്രകാശനവും പഠന പുസ്തകത്തിന്റെ പ്രകാശനവും ഉണ്ടായിരിക്കും.

നമ്മുടെ കുടുംബക്കുട്ടായ്മകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്ന കുടുംബക്കുട്ടായ്മ ഡയറി ഇനിയും വാങ്ങുവാനുള്ള ഇടവകകൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്. വില 150 രൂപയാണ്. ഓഫീസിൽനിന്നും ഇത് ലഭിക്കുന്നതാണ്. ഇതിൽ നൽകിയിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് ഈ വർഷം മുതൽ ബസ്റ്റ് കൂട്ടായ്മകളെ അതിരൂപതാതലത്തിൽ തെരഞ്ഞെടുക്കുന്നതാണ്.

ലോഗോസ് ക്വിസ് 2026 രജിസ്ട്രേഷൻ ആരംഭിച്ചു കഴിഞ്ഞു. സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ യൂസർ നെയ്മും പാസ്സ്വേർഡും ഉപയോഗിച്ച് എല്ലാവർക്കും ലോഗിൻ ചെയ്യാവുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപ. കഴിഞ്ഞവർഷം 30000 പേരാണ് നമ്മുടെ അതിരൂപതയിൽ നിന്നും പങ്കെടുത്തത്. ഈ വർഷം അതിൽ കൂടുതൽ ആളുകൾ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമേ. എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി.

സ്നേഹത്തോടെ,

**ഫാ. ആന്റണി കാച്ചാംകോട്**
*(ഡയറക്ടർ)*

# അറിയിപ്പുകൾ

## നൂറുമേനി ഗ്രാൻഡ്ഫിനാലെ

നൂറുമേനി സീസൺ ഫോർ ഗ്രാൻഡ്ഫിനാലെ സെപ്റ്റംബർ 11നു എസ്.ബി. കോളേജ് കാവുകാട്ടുഹാളിൽ നടത്തപ്പെടുന്നു. കൃത്യസമയത്തുതന്നെ എല്ലാ ടീമുകളും എത്തിച്ചേരേണ്ടതാണ്.

## നൂറുമേനി മെഗാസംഗമം

നൂറുമേനി മെഗാസംഗമം സെപ്റ്റംബർ 12നു എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. സമ്മാനാർഹരായ എല്ലാവർക്കും കൂപ്പൺ അതാത് ഇടവകകളിൽ നേരത്തെകൂട്ടി എത്തിക്കുന്നതാണ്. നിങ്ങൾക്കായി സജ്ജീകരിച്ചിരിക്കുന്ന കൗണ്ടറുകളിൽ നിന്നും സമ്മാനങ്ങൾ വാങ്ങി ബന്ധപ്പെട്ട ഫൊറോനയുടെ കൂടെ ഇരിക്കേണ്ടതാണ്. ഫെറോന തിരിച്ചു വിശിഷ്ടാതിഥികളോടൊപ്പം ഫോട്ടോ സെക്ഷനും ക്രമീകരിച്ചിട്ടുണ്ട് എല്ലാവർക്കും ഉച്ചഭക്ഷണവും നൽകുന്നതാണ്

## കുടുംബക്കൂട്ടായ്മ ഡയറി

മൂന്നുവർഷത്തെ ഉപയോഗത്തിനായി കുടുംബക്കൂട്ടായ്മകൾക്കായി ഡയറി തയ്യാറാക്കിയിട്ടുണ്ട്. ഓഫീസിൽ നിന്നും 150 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

## ലോഗോസ് ക്വിസ് 2026

ലോഗോസ് 2026 രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ സമാപന തീയതി ജൂലൈ 31. അതിനു മുൻപായി എല്ലാ ഇടവകകളും രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും 400 ചോദ്യങ്ങൾ അടങ്ങുന്ന പിഡിഎഫ് എല്ലാ ഇടവകകൾക്കും ഹെഡ്മാസ്റ്റർമാർ വഴിയായി നൽകിക്കഴിഞ്ഞു. ഏതെങ്കിലും ഇടവകയിൽ ലോഗോസ് ക്വിസ് പിഡിഎഫ് ലഭിച്ചിട്ടില്ലായെങ്കിൽ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. 9605002846, 9961369380. നൽകിയിരിക്കുന്ന പി.ഡി. എഫിൽ നിന്നും 78 ചോദ്യങ്ങൾ ഈ വർഷത്തെ ലോഗോസ് മത്സരത്തിന് തീർച്ചയായും ചോദിക്കുന്നതായിരിക്കും. ആയതിനാൽ സൺഡേ സ്കൂൾ പ്രഥമാധ്യാപകർ ലോഗോസ് ക്വിസ് മത്സരത്തിന് അർഹിക്കുന്ന ഗൗരവം കൊടുത്ത് നിങ്ങളുടെ സൺഡേ സ്കൂളിലെ വിശ്വാസപരിശീലകരിലൂടെ എല്ലാ കുട്ടികളേയും മത്സരത്തിൽ പങ്കെടുക്കുവാനും നല്ല മാർക്ക് വാങ്ങുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. കഴിഞ്ഞവർഷത്തെപ്പോലെ ഈ വർഷവും 20 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഇതിൽ 2 രൂപ ഇടവകയ്ക്ക് ഉണ്ടാകുന്ന ചെലവുകൾക്കായി നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ബാക്കി 18 രൂപയാണ് അതിരൂപതയിൽ നൽകേണ്ടത്.

റീജൻതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി ഗ്രാന്റ് ഫിനാലെയിൽ മത്സരത്തിന് അർഹത നേടിയ ടീമുകൾ.

**കുട്ടനാട് റീജൻ**

ലിസമ്മ ജോസഫ് &ജസ്ലിൻ മേരി നൂറ്റിയെട്ടിൽ
സെൻ്റ് സെബാസ്റ്റ്യൻസ് ചർച്ച് നർബോനപുരം

**ചങ്ങനാശ്ശേരി റീജൻ**

കാർമൽ ജോസ്, സെറീന ജൂലിയ & സെറ ആൻ ജൂവൽ  മാറാട്ടുകളം
സെൻ്റ് മേരീസ് ചർച്ച് പാറേൽ

**നെടുങ്കുന്നം റീജൻ**

ജിസ ജോർജ് & ത്രേസ്യാമ്മ ജോർജ് കൂരിക്കാട്ട്
സെൻ്റ് ജോസഫ് ചർച്ച് ചമ്പക്കര

**കോട്ടയം റീജൻ**

വർഗീസ് കുരുവിള & പ്രീനി വർഗീസ് കുന്നുംപുറത്ത്
മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ച് കുടമാളൂർ

**തിരുവനന്തപുരം റീജൻ**

എൻ. എഫ്. ഫ്രാൻസിസ് & സ്നേഹ ജെം മാത്യു നഞ്ഞിലത്ത്
സെൻ്റ് അൽഫോൻസാ ചർച്ച് പൊങ്ങുമ്മൂട്

**ലോഗോസ് ക്വിസ്**

**സംഘടിപ്പിച്ചത്:** കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ്റെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

**26 ലോഗോസ് പഠനഭാഗം:** റൂത്ത് 1–4, സഭാപ്രസംഗകൻ 1–6, 1 സാമുവൽ 1–7, വി. യോഹന്നാൻ 1–12, ഗലാത്തിയ 1–6

**ഉപയോഗിക്കേണ്ട ബൈബിൾ:** പി. ഒ. സി. ബൈബിൾ NRSV CATHOLIC EDITION 400 മാതൃകാ ചോദ്യങ്ങളിൽനിന്ന് 78 ചോദ്യങ്ങൾ രൂപതാതല പരീക്ഷയ്ക്ക് വരുന്നതായിരിക്കും

രജിസ്ട്രേഷൻ ഫീസ്: 20 രൂപ

**പരീക്ഷാ തീയതി**

*രൂപതാതലം:* 2026 സെപ്റ്റംബർ 27 ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

*സംസ്ഥാനതലം:* 2026 നവംബർ 8

*മെഗാഫൈനൽ:* 2026 നവംബർ 21–22

ലോഗോസ് പ്രതിഭയ്ക്ക് 1,00,000 രൂപയ്ക്കുമുകളിൽ സമ്മാനതുക നൽകുന്നു ♦ മലയാളത്തിലും ഇംഗ്ലീഷിലും തമിഴിലും കന്നഡയിലും മത്സരപ്പരീക്ഷകൾ ♦ അഖിലകേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും നിരവധി സമ്മാനങ്ങൾ ♦ആകർഷകമായ ക്യാഷ് അവാർഡുകൾ ♦സ്വർണമെഡലുകൾ, ട്രോഫികൾ, ഷീൽഡുകൾ, സർട്ടിഫിക്കറ്റുകൾ ♦മത്സരങ്ങളുടെ ടെലിസംപ്രേ ഷണം Goodness TV യിൽ ♦പരീക്ഷകൾ ABCDEF കാറ്റഗറികളിൽ ♦AB പ്രായ

വിഭാഗക്കാർക്ക് പ്രത്യേക ചോദ്യപേപ്പറുകൾ ♦ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക സമ്മാനങ്ങൾ

രജിസ്ട്രേഷൻ ആരംഭിക്കുന്നത്: 2026 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത്: 2026 ജൂലൈ 31

ബധിര ഭിന്നശേഷിയുള്ളവർക്ക് സംസ്ഥാനതല ലോഗോസ് ക്വിസ്

സംസ്ഥാനതല ഫാമിലി ക്വിസ്

A വിഭാഗം : 01-01-2015-നും അതിനുശേഷവും ജനിച്ചവർ

B വിഭാഗം : 01-01-2010-നും 31-12-2014-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 01-01-1995-നും 31-12-2009 -നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 01-01-1975-നും 31-12-1994-നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 01-01-1962-നും 31-12-1974-നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 31-12-1961-നും അതിനുമുമ്പും ജനിച്ചവർ

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും നിങ്ങളുടെ ഇടവകയിലോ ഏറ്റവും അടുത്ത കത്തോലിക്കാ സ്ഥാപനത്തിലോ ബന്ധപ്പെടുക

സംഘാടകർ: കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പി.ഒ.സി. പാലാരിവട്ടം, കൊച്ചി-682 025; www.keralabiblesociety.com

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ദുക്റാനത്തിരുനാളിന്റെ പ്രാർഥനാശംസകൾ നേരുന്നു. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഈശോ മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയാൻ, വിശ്വാസം സധൈര്യം പ്രഘോഷിക്കാൻ നമുക്ക് സാധിക്കട്ടെ. തോമാശ്ലീഹായിലൂടെ പകർന്നുകിട്ടിയ വിശ്വാസചൈതന്യം കുടുംബജീവിതത്തിലൂടെ വരുംതലമുറയ്ക്കു കൈമാറ്റം ചെയ്യാൻ ദൈവം നമ്മെ സജ്ജരാക്കട്ടെ.

സഭയുടെ വളർച്ചയെയും ആത്മീയ വിളവെടുപ്പിനേയും അനുസ്മരിക്കുന്ന ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലേക്ക് ഈ മാസം നാം പ്രവേശിക്കുമല്ലോ. സ്വരക്തത്താൽ സഭാതരുവിനെ നനച്ചു വളർത്തുകയും ധീരമായി മിശിഹായ്ക്ക് സാക്ഷ്യംവഹിക്കുകയും ചെയ്ത പന്ത്രണ്ടു ശ്ലീഹന്മാരെയും വിശുദ്ധരേയും രക്തസാക്ഷികളെയും നാം ഈ കാലത്ത് അനുസ്മരിക്കുന്നു. അവരെപ്പോലെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കാൻ, മിശിഹായാകുന്ന തായ്ത്തണ്ടിനോടു ചേർന്നുനിൽക്കാൻ, നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ നമുക്കും സാധിക്കട്ടെ.

ജൂലൈ 26 യോവാക്കീം-അന്ന ദമ്പതികളുടെ തിരുനാളായി നാം ആചരിക്കുകയാണല്ലോ. ഈ ദിവസം ഗ്രാന്റ് പേരന്റ്സ് ഡേയായി ആഘോഷിച്ചുകൊണ്ട് നമ്മുടെ ഇടവകകളിലെ സീനിയർ സിറ്റിസൺ ഫോറം അംഗങ്ങളെ പ്രത്യേകമായി ഓർക്കാനും അവരെ ഒരുമിച്ചുകൂട്ടാനും ആദരിക്കാനും ശ്രദ്ധിക്കുമല്ലോ. അവർ നമ്മുടെ ഇടവകയ്ക്ക്, കുടുംബങ്ങൾക്ക് നൽകിയ നിസ്തുലമായ സംഭാവനകളെ നന്ദിയോടെ ഓർക്കാം.

സ്നേഹപൂർവം,

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ഒരുമ 2026: മാതൃവേദി– പിതൃവേദി അതിരൂപത കലോത്സവം

മാതൃവേദിയുടെയും പിതൃവേദിയുടെയും അതിരൂപത കലോത്സവം 'ഒരുമ 2026' എന്ന പേരിൽ ജൂൺ 13നു എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. പിതൃവേദി പ്രസിഡന്റ് റോയി കപ്പാങ്കൽ, മാതൃവേദി പ്രസിഡന്റ് റോസമ്മ സോണി എന്നിവർ പതാക ഉയർത്തി കലോത്സവത്തിന് ആരംഭം കുറിച്ചു. 18 ഫൊറോനകളിൽ നിന്നുള്ള എഴുനൂറിൽപരം മത്സരാർഥികൾ വിവിധ അവതരണ മത്സരങ്ങളിലായി ഏഴു സ്റ്റേജുകളിൽ മത്സരിച്ചു. ഓവറോൾ ചാമ്പ്യന്മാരായ തൃക്കൊടിത്താനം ഫൊറോനയ്ക്കും പിതൃവേദി വിഭാഗത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയ ആലപ്പുഴ ഫൊറോനായ്ക്കും മാതൃവേദി വിഭാഗം

ഒന്നാംസ്ഥാനത്ത് എത്തിയ കോട്ടയം, കുടമാളൂർ ഫൊറോനകൾക്കും അഭിന ന്ദനങ്ങൾ. ചങ്ങനാശേരി അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി സമ്മാനദാനം നിർവഹിച്ചു.

## നസ്രാണി ഫാമിലി മീറ്റ്

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെ യുള്ള ദമ്പതികൾക്കായി 'നസ്രാണി ഫാമിലി മീറ്റ്' എന്ന പേരിൽ സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തിവരുന്നു. മണിമല- നെടും കുന്നം ഫൊറോനകളുടെ കൺവെൻഷൻ 2026 ജൂൺ 14നു നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിലും ചങ്ങനാശേരി-തുരുത്തി ഫൊറോനാകളുടെ കൺവെൻഷൻ ജൂൺ 21നു ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിലും നടത്തപ്പെട്ടു. പരിശുദ്ധ കുർബാന, വചന പ്രഘോഷണം, കപ്പിൾസ് ഷെയറിങ്ങ്, ആരാധന എന്നിവയടങ്ങിയ പ്രാർഥനാനിർഭരമായ കൺ വെൻഷനിൽ എല്ലാ ഫൊറോനകളിൽ നിന്നുമുള്ള യുവദമ്പതികൾ പങ്കെടുത്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിച്ചു.

## പിതൃദിനം

2026 ജൂൺ 21 ലോകപിതൃദിനമായി ആചരിച്ചു. അന്നേദിവസം യൂണിറ്റു തലത്തിൽ സഭയ്ക്കും സമൂഹത്തിനും നിസ്തുല സംഭാവനകൾ നൽകിയ പിതാക്കന്മാരെ ആദരിച്ചു. അതോടൊപ്പം, സാമൂഹ്യസേവനത്തിനും നേതൃത്വ മേറ്റെടുക്കുന്നതിനുമായുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു.

## ലോക വിധവാദിനം

ലോക വിധവാ ദിനത്തോടനുബന്ധിച്ച് ജൂൺ 23നു യൂണിറ്റുതലത്തിൽ യൂദിത്ത്-നവോമി ഫോറങ്ങളുടെ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. അതിരൂപതാ കോർഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ യൂദിത്ത്- നവോമി സംഗമം സംഘടിപ്പിച്ചു.

## നല്ല സമറായൻ മീറ്റ് 2026

ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റിന്റെയും മാർ കാവുകാട്ട് പാലി യേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെയും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഇടവകകളിലെ പാലിയേറ്റീവ് കെയ റിന് (നല്ല സമറായൻ ഫോറം) നേതൃത്വം നൽകുന്ന വോളണ്ടിയേഴ്സിന്റെ സംഗമവും പരിശീലനവും ജൂൺ 24നു ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ് പിറ്റലിലെ സാന്തോം ഓഡിറ്റോറിയത്തിൽ നടത്തി. ഇടവകകളിലെ പാലിയേ റ്റീവ് കെയർ യൂണിറ്റിനു നേതൃത്വം നൽകുന്ന ഇരുന്നൂറിലധികം ആളുകൾ സെമിനാറിൽ പങ്കെടുത്തു.

## പ്രോലൈഫ് പ്രാർഥനാക്കൂട്ടായ്മ

അതിരൂപത ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തി

ലുള്ള പ്രതിമാസ പ്രാർഥനയും കൂട്ടായ്മയും ജൂൺ 26നു സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിക്കു സമീപമുള്ള കബറിടപ്പള്ളിയിൽ 9.30നു ജപമാലയോടെ ആരംഭിച്ചു. തുടർന്ന് ബഹു. സന്തോഷ് തർമ്മശേരിയച്ചൻ വചന പ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നയിച്ചു. പരിശുദ്ധ കുർബാനയ്ക്കും വിശുദ്ധ ജിയന്നയുടെ മധ്യസ്ഥപ്രാർഥനയ്ക്കുംശേഷം നേർച്ചകഞ്ഞിയോടെ ശുശ്രൂഷകൾ അവസാനിച്ചു. പ്രോലൈഫ് കൂട്ടായ്മ എല്ലാ മാസവും നാലാമത്തെ വെള്ളിയാഴ്ച കത്തീഡ്രൽ പള്ളിയിൽ തുടർന്നും സംഘടിപ്പിക്കുന്നതായിരിക്കും.

### പ്രോലൈഫ് ശുശ്രൂഷകർക്കുള്ള പരിശീലനം

ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രോലൈഫ് ശുശ്രൂഷകർക്കായുള്ള പരിശീലന ക്ലാസ് ജൂൺ 27നു സന്ദേശനിലയത്തിൽ നടത്തപ്പെട്ടു. ലൈംഗിക ധാർമ്മികത, അബോർഷൻ, വന്ധ്യംകരണം, കൃത്രിമ മാർഗങ്ങൾ തുടങ്ങിയവയുടെ ധാർമ്മികവശങ്ങളും സഭയുടെ പഠനങ്ങളും, ജീവനെതിരായ വെല്ലുവിളികൾ, വലിയ കുടുംബത്തിന്റെ നന്മകൾ, ജീവന്റെ ശുശ്രൂഷയുടെ ആത്മീയവശം, സമൂഹം നേരിടുന്ന ജീവനെതിരായ പുതിയ പ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ, ഫാ. ജോസഫ് പാറയ്ക്കൽ, യുഗേഷ് പുളിക്കൽ, എബ്രഹാം പുത്തൻകളം തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

## ഓർമ്മിക്കാൻ

### എൽ റോയ്: വിധവകൾക്കും വിഭാര്യർക്കുമുള്ള ധ്യാനം

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിധവകൾക്കും വിഭാര്യർക്കുമായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ജൂലൈ 3 വെള്ളിയാഴ്ച വൈകുന്നേരം നാലുമണി മുതൽ ജൂലൈ 5 ഞായറാഴ്ച വൈകുന്നേരം നാലുമണി വരെ ബഹു. ജോസഫ് അയ്യങ്കരിയച്ചന്റെയും ഷാജി തുമ്പേച്ചിറയിലച്ചന്റെയും നേതൃത്വത്തിൽ ധ്യാനം സംഘടിപ്പിക്കുന്നു. ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ വിളിച്ച് (0481 2424476, 9447016240) ബുക്ക് ചെയ്യാവുന്നതാണ്.

### പ്രോലൈഫ് കുട്ടനാട് റീജിയണൽ സംഗമം

കേരള ജിയന്ന എന്നറിയപ്പെടുന്ന ശ്രീമതി അച്ചാമ്മ ജേക്കബിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് അതിരൂപതാ പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ മുട്ടാർ കുമരഞ്ചിറ സെന്റ് തോമസ് പള്ളിയിൽ കുട്ടനാട് റീജിയണൽ പ്രോലൈഫ് സെമിനാറും അച്ചാമ്മ അനുസ്മരണവും നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ മേജർ ആർച്ചുബിഷപ്പ് എമരിത്തൂസ് കർദിനാൾ ജോർജ് ആലഞ്ചേരി, അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്

തുടങ്ങിയവർ പങ്കെടുക്കും. എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളിലെ പ്രോലൈഫ് ശുശ്രൂഷകർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുമല്ലോ.

### നസ്രാണി ഫാമിലി മീറ്റ്

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തിവരുന്നു. എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളുടെ കൺവെൻഷൻ 2026 ജൂലൈ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടത്തുകയാണ്. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ ഒരു സായാഹ്നമാണ് വിഭാവനം ചെയ്യുന്നത്. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തും. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിക്കും.

### ഗ്രാന്റ് പേരന്റ്സ് ഡേ

യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാൾ ദിനമായ ജൂലൈ 26 ഗ്രാന്റ് പേരന്റ്സ് ഡേയായി ആചരിക്കുന്നത് സമുചിതമാണ്. അന്നേദിവസം സീനിയർ സിറ്റിസൺ ഫോറത്തിന്റെ മീറ്റിങ്ങ് യൂണിറ്റുതലത്തിൽ സംഘടിപ്പിക്കാനും മുതിർന്നവരെ ആദരിക്കാനും ശ്രദ്ധിക്കുമല്ലോ.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂലൈ | 11, 12, 13 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 27, 28, 29 | |
| ഓഗസ്റ്റ് | 08, 09, 10 | |
| | 15, 16, 17 | |
| | 31, സെപ്റ്റം. 01, 02 | |

വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)
വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ

# യുവദീപ്തി–എസ്.എം.വൈ.എം.

## പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. ജൂൺ 5, 13 തീയതികളിൽ പരിസ്ഥിതി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അതിരൂപതയിലെ വിവിധ ഫൊറോനകൾ പേപ്പർ ക്യാരിബാഗുകൾ ഉണ്ടാക്കി സൗജന്യമായി കടകളിൽ വിതരണം ചെയ്തു. അമ്പതിനായിരത്തോളം പേപ്പർ ക്യാരിബാഗുകൾ വിവിധ യൂണിറ്റുകൾ നിർമ്മിച്ചു.

## പരിസ്ഥിതി പ്രസംഗ മത്സരം

ജൂൺ 13ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവച്ച് ആന്റപ്പൻ ആമ്പിയായം പരിസ്ഥിതി പ്രസംഗമത്സരം സംഘടിപ്പിച്ചു. മത്സരവിജയികളുടെ ലിസ്റ്റ് താഴെക്കൊടുത്തിരിക്കുന്നു.

**യുവാക്കന്മാർ**

| | | |
|---|---|---|
| ഫസ്റ്റ്: | നെവിൻ ബിജു | ചമ്പക്കര |
| സെക്കന്റ്: | ജോർജ് മൈക്കിൾ | ചമ്പക്കുളം ബസിലിക്ക |
| തേഡ്: | റിയാൽ മൈക്കിൾ | തത്തംപള്ളി |

**യുവതികൾ**

| | | |
|---|---|---|
| ഫസ്റ്റ്: | എയ്ഞ്ചൽ മരിയ വർഗീസ് | തോട്ടുവാത്തല |
| സെക്കന്റ്: | മെറീനാ സജി | മാവേലിക്കര |
| തേഡ്: | സോനാ മരിയ | വെളിയനാട് സെന്റ് സേവ്യേഴ്സ് |

## കുടമാളൂർ ഫൊറോനാ ക്യാംപ് 'ഹൈല–26'

കുടമാളൂർ ഫൊറോനയുടെ 2026 പ്രവർത്തന വർഷത്തിലെ പ്രാർത്ഥനാ പഠന പരിശീലനക്യാംപ് മെയ് 22, 23, 24 തീയതികളിൽ മാന്നാനം റിട്രീറ്റ് സെന്ററിൽ നടത്തപ്പെട്ടു.

ഫൊറോനാ പ്രസിഡന്റ് ജിയോ ബേബിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഫൊറോനാ വികാരി ഫാ. ജോർജ് മംഗലത്തിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. നവീൻ പ്ലാക്കലിൽ, സിസ്റ്റർ ലിസ ഡി.എസ്.എച്ച്.ജെ., അമല സാബു, ബൻജോ എബ്രാഹം, ക്രിസ്റ്റിൻ സേവ്യർ, അലീന മരിയ മാത്യു എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, റ്റോസ്മി തോമസ്, ലൂസി ഫിലിപ്പോസ്, ബ്രദർ സാംസൺ തോപ്പിൽ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

## അതിരമ്പുഴ ഫൊറോനാ ക്യാംപ് 'ഹൈല–26'

അതിരമ്പുഴ ഫൊറോനായുടെ ഈ വർഷത്തെ പ്രാർഥന പഠനപരിശീലന ക്യാംപ് അതിരമ്പുഴ സെന്റ് അലോഷ്യസ് സ്കൂളിൽ മെയ് 22, 23, 24 തീയതികളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോയൽ ജോസ് അദ്ധ്യക്ഷത വഹിച്ച

യോഗം ഫൊറോനാ വികാരി ഫാ. മാത്യു പടിഞ്ഞാറെക്കുറ്റ് ഉദ്ഘാടനം ചെയ്തു. ഫാ. സാവിയോ മാനാട്ട്, ഫാ. ടോണി മണകുന്നേൽ, സി. ഫ്ളവർ ലിറ്റ് തുണ്ടിയിൽ എസ്.എ.ബി.എസ്., ട്രീസ്സാ ക്രിസ്റ്റിൻ, അൽഫോൻസ് ടോം ബോബി ഏബർ ബിനോയി, സാന്ദ്ര ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ചയ് സതീഷ്, അലീന മരിയ ഫിലിപ്പ്, സാന്ദ്ര ജേക്കബ് എന്നിവർ ക്യാംപിന്റെ ചീഫുമാരായി പ്രവർത്തിച്ചു.

### ആലപ്പുഴ, മുഹമ്മ ഫൊറോനാ ക്യാംപ്

ആലപ്പുഴ, മുഹമ്മ ഫൊറോനകളുടെ ക്യാംപ് മെയ് 27, 28, 29 തീയതികളിൽ മുഹമ്മ മദർ തെരേസാ സ്കൂളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോസുകുട്ടി ജോൺസന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ഫൊറോനാ ഡയറക്ടർ ഫാ. റിജോ ഇടമുറിയിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഷരൺ പി. ജോൺ, റ്റോസ്മി തോമസ്, ജിസ്ലിൻ ജോർജ്, അനിറ്റ ആന്റണി, ഷെറിൻ ചെറിയാൻ, ആഞ്ചല വർഗ്ഗീസ്, ജെഫിൻ ജേക്കബ് എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ ഫൊറോനാ ഡയറക്ടർ ഫാ. ബിനു ചിറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ചയ് സതീഷ്, റ്റോസ്മി തോമസ്, ജിസ്ലിൻ ജോർജ് എന്നിവർ ക്യാംപ് നയിച്ചു.

### കോട്ടയം ഫൊറോനാ ക്യാംപ്

കോട്ടയം ഫൊറോനയുടെ പ്രാർഥനാ പഠന പരിശീലന ക്യാംപ് മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിൽ മെയ് 29, 30, 31 തീയതികളിൽ നടത്തി. പ്രസിഡന്റ് ഐവാൻ ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഇസബെല്ല അന്ന ജോൺസൺ, ഫിലിപ്പ്, പി. മനോജ്, ലിസ്സാ പ്രിയേഷ്, ആസ്റ്റിൻ ടോമി എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ചയ് സതീഷ് റ്റോസ്മി തോമസ്, ജിസ്ലിൻ ജോർജ് എന്നിവർ ക്യാംപ് ചീഫുമാരായി പ്രവർത്തിച്ചു.

### തിരുവനന്തപുരം ഫൊറോനാ ക്യാംപ്

തിരുവനന്തപുരം ഫൊറോനാ യുവദീപ്തി-എസ്.എം.വൈ.എം. ന്റെ പ്രാർഥനാ പഠന പരിശീലന ക്യാംപ് വെഞ്ഞാറമ്മൂട് പാസ്റ്ററൽ സെന്ററിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ആന്റോ ജോസഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര ക്യാംപ് ഉദ്ഘാടനം ചെയ്തു. അബിയ ബിജു, ആൻമേരി ജോർജ്, അമൽ ആന്റണി, അലീന സജി, ഫാ. ഗ്രിഗറി മേപ്പുറം, ഫാ. ആന്റണി അറയ്ക്കത്തറ എന്നിവർ പ്രസംഗിച്ചു. ലൂസി ഫിലിപ്പോസ്, ആസ്റ്റിൻ ടോമി, അജയ് വർഗീസ് എന്നിവർ ക്യാംപ് ചീഫുമാരായി പ്രവർത്തിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## അമ്പൂരി ഫൊറോനാ പ്രാർഥനാ പഠന പരിശീലനക്യാംപ്

അമ്പൂരി ഫൊറോനാ പ്രാർഥനാ പഠന പരിശീലനക്യാംപ് ജൂൺ 12, 13, 14 തീയതികളിൽ കുറ്റിച്ചൽ ലൂർദ് മാതാ കോളേജിൽ നടത്തി. പ്രസിഡന്റ് അനീഷ് പി. യുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ലൂർദുമാതാ കോളേജ് ഡയറക്ടർ ഫാ. ബിജോയ് അറയ്ക്കൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ആദിത്യ എം. സുരേഷ്, റോഷ്ന എൻ. റോബി, ലിപിൻ ജോർജ്, വർഷ എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി തറക്കുന്നേൽ മാർഗനിർദ്ദേശ പ്രസംഗം നടത്തി. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ അലൻ പൂരത്തുംകാലായിൽ, സഞ്ചയ് സതീഷ്, ലിയാമോൾ തോമസ് എന്നിവർ ക്യാംപ് ചീഫുമാരായി പ്രവർത്തിച്ചു.

## 20–ാമതു നിരണം തീർഥാടനം

ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ യുവദീപ്തി നേതൃത്വം നൽകുന്ന 20–ാമത് നിരണം തീർഥാടനം 2026 ജൂലൈ 5–ാം തീയതി ഞായറാഴ്ച നടത്തുന്നു. രാവിലെ 7 മണിക്ക് കത്തീഡ്രൽ പള്ളിയിൽ പരിശുദ്ധ കുർബാനയോടെ തീർഥാടനം ആരംഭിക്കും. അഭി. പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഉപവാസവും പ്രാർഥനയും നോമ്പുംവഴി ഒരുങ്ങി കുമ്പസാരിച്ച് യുവജനങ്ങൾ നിരണം തീർഥാടനത്തിൽ പങ്കെടുക്കുവാൻ ബഹു. അച്ചന്മാർ യുവജനങ്ങളെ ഒരുക്കേണമെ. യൂണിറ്റ് ആനിമേറ്റർമാരേയും മുതിർന്നവരേയും തീർഥാടനത്തിനു പറഞ്ഞുവിടണമെ. വാഹനത്തിൽ വരുന്നവർ നേരിട്ട് നിരണത്തെത്താതെ താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും സ്ഥലത്തുനിന്നും തീർഥാടനത്തിൽ ചേരേണ്ടതാണ്. സ്ഥലങ്ങൾ: ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി.

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

# കാർപ്

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### CARP-Aspire

കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കുട്ടികളെയും യുവജനങ്ങളെയും പ്രാപ്തരാക്കുക, അവർക്ക് ലക്ഷ്യബോധവും ജീവിതമൂല്യങ്ങളും പകർന്നുകൊടുക്കുക, അവരെ ലഹരിക്കെണികളിൽനിന്നും പ്രണയക്കെണികളിൽനിന്നും രക്ഷിക്കുക, അവരുടെ അഭിരുചികൾ കണ്ടെത്തി ജീവിതവിജയത്തിനുതകുന്ന മികച്ച കരിയറുകൾ പരിചയപ്പെടുത്തിക്കൊടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ചങ്ങനാശ്ശേരി അതിരൂപത സമുദായ ശക്തീകരണവർഷത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് ASPIRE (Accompanying Students and Parenting for Integral Resilience Enhancement). ഈ സമഗ്ര അതിജീവന പദ്ധതിയിൽ, ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ കുട്ടികളെ വ്യക്തിപരമായി അനുധാവനം ചെയ്യുകയും അവർക്ക് ആവശ്യമായ മാർഗദർശനം (mentoring) നൽകുകയുമാണ് ചെയ്യുന്നത്.

ബഹു. സിസ്റ്റേഴ്സിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദ്യവർഷം അതിരൂപതാ സൺഡേ സ്കൂളിലെ 7–12 വരെ ക്ലാസുകളിലെ 2000 കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നത്. ഇതിൽ ബഹു. സിസ്റ്റേഴ്സ് എല്ലാ മാസവും സ്ഥിരമായി തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളോട് ഫോണിൽ സംസാരിക്കുകയും അവർക്ക് അവശ്യമായ mentoring ഉം പ്രത്യേകം തയ്യാറാക്കിയ Softwareന്റെ സഹായത്തോടെ Career Guidence ഉം നൽകുകയും ചെയ്യും. ഇതു വഴിയായി കുട്ടികളെയും അവരുടെ കുടുംബങ്ങളെയും പലവിധത്തിൽ സഹായിക്കാൻ സാധിക്കും. ഒരു സന്യാസിനിയുടെ Virtual Visit ഒരു കുടുംബത്തിൽ ഉറപ്പാക്കാൻ സാധിക്കും എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

ഈ പദ്ധതിയുടെ ചുമതല വെരി റവ. ഫാ. ആന്റണി എത്തക്കാടിന്റെ നേതൃത്വത്തിൽ ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ആന്റണി കാച്ചാംകോട്, ഫാ. ജോജോ പള്ളിച്ചിറ, ഫാ. ജേക്കബ് കളത്തിവീട്ടിൽ എന്നിവർ നിർവഹിച്ചു വരുന്നു.

CMC, FCC, SH, SABS, , MLF എന്നീ കോൺഗ്രിഗേഷനിൽ നിന്നായി 24 സിസ്റ്റേഴ്സ് CARP Aspire Mentors ആയി പ്രവർത്തിച്ചുവരുന്നു.

2026 മെയ് 3 മുതൽ 8 വരെ ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ മെന്റേഴ്സിന് ഒരു ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രോഗ്രാം സന്ദർശിക്കുകയും സൈക്കോളജി ക്ലാസ് എടുക്കുകയും ചെയ്തു.

ബേസിക് ഓൺലൈൻ പ്ലാറ്റ്ഫോം, എ.ഐ. സ്കിൽ, പോക്സോ, ജെ.ജെ. ആക്റ്റ് സോഫ്റ്റ്വെയർ ട്രെയിനിങ്, ബേസിക് ഫെയ്ത്ത്, കരിയർ സാധ്യ

തകൾ, സൈക്കോളജി ആൻഡ് കൗൺസിലിങ്, യൂത്ത് കമ്മ്യൂണിക്കേഷൻ ആൻഡ് പേരന്റിങ് എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തപ്പെട്ടു.

ട്രെയിനിങ് പ്രോഗ്രാമിനുശേഷം എല്ലാ ശനിയാഴ്ചയും ഓൺലൈൻ പ്രയർ മീറ്റിങ് നടത്തിവരുന്നു. കൂടാതെ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ മെന്റേഴ്സായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റേഴ്സ് സന്ദേശനിലയത്തിൽ ഒത്തുകൂടുകയും തുടർപരിശീലനം നടത്തിവരികയും ചെയ്യുന്നു.

പ്രോഗ്രാമിൽ ഉൾപ്പെട്ട ഇടവകകളിൽ സന്ദർശനം നടത്തുകയും കുട്ടികളുടെയും മാതാപിതാക്കളുടെയും മീറ്റിങ്ങുകൾ നടത്തുകയും ചെയ്തുവരുന്നു.

## PSC Coaching

CARP സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കി വരുന്ന പി.എസ്.സി. കോച്ചിംഗിന്റെ മൂന്നാംബാച്ച് വിജയകരമായി പൂർത്തിയാക്കി. നാലാം ബാച്ച് ജൂലൈയിൽ ആരംഭിക്കുന്നു. അഡ്മിഷൻ സ്വീകരിച്ചുവരുന്നു.

## Edu Link

ഉന്നത വിദ്യാഭ്യാസരംഗത്ത് ചൂഷണങ്ങൾ ഒഴിവാക്കാനും കുട്ടികൾക്ക് ശരിയായ മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് ഇത്. നിലവിൽ ബാംഗ്ലൂരിൽ അനുയോജ്യമായ നഴ്സിങ് കോളേജുകൾ കണ്ടെത്തുകയും കുട്ടികളെ ഗൈഡ് ചെയ്യുകയും ചെയ്തുവരുന്നു.

## ക്ലാസുകൾ

ന്യൂനപക്ഷ വിഷയങ്ങൾ, EWS തുടങ്ങിയവയെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ ഇടവകകളിൽ നടത്തിവരുന്നു.

**ബേബി വട്ടക്കര** (9142121717)
**റ്റോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റർമാർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

**ചാസിൽ നിന്നും ആശംസകൾ!!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

നമ്മുടെ യൂണിറ്റുകളുടെ നേതൃത്വത്തിൽ നടക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ 2025-26 സാമ്പത്തിക വർഷത്തെ ഓഡിറ്റിംങ് പുരോഗമിച്ചു വരുന്നു. എല്ലാ യൂണിറ്റുകളും നിർദ്ദിഷ്ട തീയതിക്കകം പ്രത്യേകിച്ച് 12 AB എടുത്ത് റിട്ടേൺ സമർപ്പിക്കേണ്ട യൂണിറ്റുകൾ യഥാസമയം ചാസ് കേന്ദ്ര ഓഫീസിൽ എത്തി ഓഡിറ്റിംങ് പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് പുതിയ 225 കുടുംബങ്ങളെ കണ്ടത്തേണ്ടതുണ്ട്. മാനദണ്ഡങ്ങൾക്കനുസൃതമായി പായിപ്പാട്, തൃക്കൊടിത്താനം, എടത്വാ, ചമ്പക്കുളം, നീലംപേരൂർ, മണിമല എന്നീ പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന കുടുംബങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. പഞ്ചായത്തുകളുമായി സഹകരിച്ച് കുടുംബങ്ങളെ കണ്ടെത്തുന്നതിന് യൂണിറ്റുകൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കൂടാതെ പഞ്ചായത്ത് രാജ് സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ അംഗങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും പദ്ധതികളും പ്രയോജനപ്പെടുത്തുവാനും നമുക്ക് കഴിയണം.

ചാസ് അംഗങ്ങൾക്ക് ചികിത്സാ ചെലവിൽ ഇളവ് ലഭിക്കുന്നതിനു (പുഷ്പഗിരി തിരുവല്ല, സെന്റ് തോമസ് ചെത്തിപ്പുഴ, സഹൃദയ ആലപ്പുഴ) ആരംഭിച്ചിരിക്കുന്ന പ്രിവിലേയ്ജ് കാർഡിൽ എല്ലാവരും അംഗങ്ങളാകുവാൻ യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുക. അതിനായി തന്നിരിക്കുന്ന ഗൂഗിൾ ഫോം എത്രയുംവേഗം പൂരിപ്പിക്കുക. ആവശ്യമെങ്കിൽ മേഖലാ കോഡിനേറ്ററുടെയോ, കേന്ദ്ര ഓഫീസിന്റെയോ സഹായം തേടാവുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദ പഠനത്തിന്റെ ഭാഗമായി ജൂൺ 1, 13, 16 തീയതികളിൽ എസ്.ബി. ചങ്ങനാശ്ശേരി, സംമ്പയോസിസ് പൂനൈ, ക്രൈസ്റ്റ് കോളേജ് പൂനൈ, ചിന്മയ വിശ്വദീപം എറണാകുളം എന്നീ കോളേജുകളിൽ നിന്നും വിദ്യാർഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

**പരിസ്ഥിതിദിനാചരണം:** ലോക പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച്

ജൂൺ 5നു ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച പരിസ്ഥിതിദിനാചരണം വിനു ജോബ് എം.എൽ.എ. ഫലവൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു. ചാസ് പ്രസിഡന്റും വികാരി ജനറാളുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി പരിസ്ഥിതിദിന സന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, അക്കൗണ്ടന്റ് പീറ്റർ ചാക്കോ, പ്രോജക്ട് ഓഫീസർ ആനി കെ. തോമസ്, കോഡിനേറ്റർ ബിനു ജോസഫ് എന്നിവർ പ്രസംഗിച്ചു.

**കെ.എസ്.എസ്.എഫ്. ജനറൽ ബോഡി മീറ്റിംഗ്:** ജൂൺ 17നു നടന്ന കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ 45-ാമത് ജനറൽ ബോഡി മീറ്റിങ്ങിൽ ചാസിനെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചരിൽ പങ്കെടുത്തു.

**ഫാ. എബ്രഹാം മുത്തോലത്ത് അവാർഡ്:** കേരള സോഷ്യൽ സർവീസ് ഫോറം സംഘടിപ്പിച്ച ഫാ. എബ്രഹാം മുത്തോലത്ത് ഫൗണ്ടേഷൻ നർച്ചർ ഇക്കോളജി അവാർഡ് സീസൺ 6 ചാസിന് ലഭിച്ചു. സൗരോർജ പ്രവർത്തനം മികച്ചരീതിയിൽ ക്രോഡീകരിച്ച ഡി.എസ്.എസ്.എസ്. നുള്ള അവാർഡ് ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ കെ.സി.ബി.സി. ജസ്റ്റീസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ പിതാവിൽ നിന്നും അവർഡ് ഏറ്റുവാങ്ങി.

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 2 കുടുംബങ്ങൾക്ക് 40,000 (നാൽപ്പതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 754. ഫിലിപ്പ് ഡോൺ ബോസ്കോ | ഹെൽപ്പ് ലൈൻ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 755. രാജമ്മ ബേബി, തടത്തരികത്ത് | മേരിമാതാ | മായം | അമ്പൂരി |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** 11 കുടുംബങ്ങൾക്ക് 1,05,000 (ഒരുലക്ഷത്തി അയ്യായിരം) രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1388. സെലിനാമ്മ മാത്യു, കൊല്ലം പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1389. ഫിലിപ്പ് ഡോൺ ബോസ്കോ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 1390. മാത്യു കെ.സി, കുറുമുള്ളംകാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1391. ലീലാമ്മ ചാക്കോ, മാറാട്ടുകളം | തത്തംപള്ളി | ആലപ്പുഴ |
| 1392. സാലിമ്മ തോമസ് തയ്യിൽ | കണ്ണാടി സെന്റ് ജോസഫ് | പുളിങ്കുന്ന് |
| 1393. ജെയ്നമ്മ ജോസഫ്, കൈതക്കളം | കുമാരനല്ലൂർ | കോട്ടയം |
| 1394. ഏലിക്കുട്ടി കൊച്ചൗസേപ്പ്, കുഴിക്കണ്ടം | തത്തംപള്ളി | ആലപ്പുഴ |
| 1395. ഏലിയാമ്മ അലക്സ്, വരമ്പുചിറ | മാടപ്പള്ളി | കുറുമ്പനാടം |

| | | |
|---|---|---|
| 1396. എം. സി. ജോസഫ്, പൂവത്തോലിൽ | കുളത്തൂർ | മണിമല |
| 1397. വർഗ്ഗീസ് കുര്യാക്കോസ്, കുഴിമല | പൂന്തോപ്പ് | ആലപ്പുഴ |
| 1398. പി.ജെ. ആന്റണി, പുത്തൻചിറ | പുന്നമട | ആലപ്പുഴ |

## മേഖലാവാർത്തകൾ

**പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു:** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചാസ് യൂണിറ്റുകളുടെയും, സ്വാശ്രയ സംഘങ്ങളുടെയും നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണം നടത്തി. ഫലവൃക്ഷതൈകളുടെ വിതരണം, പരിസരശുചീകരണം, പച്ചക്കറിതൈ വിതരണം, ഫലവൃക്ഷതൈ നടീൽ, ബോധവത്ക്കരണ ക്ലാസ് എന്നിവയും സംഘടിപ്പിച്ചു.

**പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ച യൂണിറ്റുകൾ**

| തീയതി | യൂണിറ്റ് |
|---|---|
| 04.06.2026 | എടത്വാ |
| 05.06.2026 | കിഴക്കേമിത്രക്കരി, തായങ്കരി, പച്ച-ചെക്കിടിക്കാട്, പൊങ്ങ മാടപ്പള്ളി, മീൻകുളം |
| 06.06.2026 | മുഹമ്മ, പാറേൽ, അമ്പലപ്പുഴ, മുട്ടാർ ഓൾഡ്, പുതുക്കരി ഫിൽഗിരി, ഫാത്തിമാപുരം |
| 07.06.2026 | ചെത്തിപ്പുഴ |

**പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ച സ്വാശ്രയസംഘങ്ങൾ**

| തീയതി | സ്വാശ്രയസംഘം |
|---|---|
| 05.06.2026 | 'സമൃദ്ധി' ഫാത്തിമാപുരം, 'ധനശ്രീ' വായ്പൂർ ഓൾഡ് |
| 06.06.2026 | 'ഐശ്വര്യ' 'മരിയ' ചാഞ്ഞോടി, 'സഹൃദയ' പായിപ്പാട് |
| 07.06.2026 | 'പ്രതീക്ഷ' മൈലാടി, 'ധനശ്രീ' വായ്പൂർ ഓൾഡ് |
| | 'ജനനി' 'എയഞ്ചൽ' 'ദീപ്തി' 'ചൈതന്യ' ഫാത്തിമാപുരം |
| 08.06.2026 | 'കാർമ്മൽ' നാലുകോടി |
| 10.06.2026 | 'ദിവ്യ' മണിമല ന്യൂ |

**സാന്ത്വനം കാൻസർ കെയർ പദ്ധതി:** സാന്ത്വനം കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി മുഹമ്മ, രാമങ്കരി, പൊങ്ങ, എടത്വാ എന്നീ യൂണിറ്റുകളുടെയും പഞ്ചായത്തുകളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ മെയ് 25, 27, 29, ജൂൺ 16 എന്നീ തീയതികളിൽ കാൻസർ ബോധവത്കരണവും രോഗനിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു. കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, കാർക്കിനോസ് കാൻസർ ഹെൽത്ത് കെയർ, പ്രൊവിഡൻസ് ഹോസ്പിറ്റൽ, വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാംപ് നടത്തിയത്. കോഡിനേറ്റർമാരായ ഡി. ജോസഫ്, ആൻസി ലോനിച്ചൻ, ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**തയ്യൽ പരിശീലനം സമാപനവും സർട്ടിഫിക്കറ്റ് വിതരണവും:** പാറേൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്നുവന്ന തയ്യൽ പരിശീലനം ജൂൺ 11 നു സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 15 വനിതകൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബാബു വള്ളപ്പുര അധ്യക്ഷതവഹിച്ചു.

**തയ്യൽ പരിശീലനം ആരംഭിച്ചു:** നാലുകോടി യൂണിറ്റിന്റെ നേതൃത്വത്തിൽ മൂന്നു മാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ജൂൺ 3നു ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോം പുത്തൻകളം ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ സജി ഷാജി, യൂണിറ്റു ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ 15 വനിതകൾ പരിശീലനം നേടിവരുന്നു.

രാജമറ്റം ഇടവകയുടെ നേതൃത്വത്തിൽ ജൂൺ 10നു തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ബെന്നി കുഴിയടിയിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ സജി ഷാജി ആശംസയർപ്പിച്ചു. 17 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**സൺഡേ മാർക്കറ്റ്:** അസംപ്ഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ മെയ് 31നു സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ് വിപണി, ഖാദി-അമ്മ ഫുഡ് പ്രോഡക്റ്റിന്റെ ഉല്പ്പന്നങ്ങളാണ് വിപണി വഴി ലഭ്യമാക്കുന്നത്. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകിവരുന്നു.

**പുകയില വിരുദ്ധദിനാചരണം:** ചെത്തിപ്പുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 7നു ലോക പുകയിലവിരുദ്ധ ദിനാചരണം നടത്തി. യൂണിറ്റു ഡയറക്ടർ ഫാ. തോമസ് മണ്ണൂപറമ്പിൽ സന്ദേശം നൽകി.

**ലഹരി വിരുദ്ധ ബോധവത്കരണം:** ചാസ്, സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസി (എസ്.എൽ.സി.എ.) എന്നിവയുടെ നേതൃത്വത്തിൽ നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ജൂൺ 16നു ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. അക്സപ്റ്റ് ഐ.ആർ.സി.എ. പ്രോജക്ട് കോഡിനേറ്റർ നിതിൻ ചന്ദ്ര ക്ലാസ്സ് നയിച്ചു. കോഡിനേറ്റർമാരായ അൽഫോൻസ വർഗീസ്, ജോൺസ് കെ. ജോജി, ലിന്റു ബിജു നൈനാൻ എന്നിവർ നേതൃത്വം നൽകി.

# ചാസ്സ് – ഖാദി ഗ്രാമവ്യവസായമേഖല

## തയ്യൽ പരിശീലനം

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ നാലുകോടി സെന്റ് തോമസ് പള്ളിയിൽ ജൂൺ മൂന്നിന് ആരംഭിച്ച മൂന്നുമാസത്തെ തയ്യൽ പരിശീലനപരിപാടിയിൽ 15 സ്ത്രീകൾ പങ്കെടുക്കുന്നു.

## ആർട്ട്സ് & ക്രാഫ്റ്റ് കോഴ്സ്

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട് ഹോളിക്രോസ് സ്പെഷ്യൽ സ്കൂളിൽ ജൂൺ എട്ടിന് ആരംഭിച്ച ഒരാഴ്ചത്തെ ആർട്ട്സ് & ക്രാഫ്റ്റ് കോഴ്സ് ജൂൺ 13നു സമാപിച്ചു. പരിശീലന പരിപാടിയിൽ പ്രസ്തുത സ്കൂളിലെ 12 അധ്യാപികമാർ പങ്കെടുത്തു.

## ബേക്കറി പരിശീലനം

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പൊടിപ്പാറ ഹോളി ഫാമിലി പള്ളിയുടെ ഓഡിറ്റോറിയത്തിൽ ജൂൺ 20ന് ആരംഭിച്ച ഒരുമാസത്തെ ബേക്കറിപരിശീലനത്തിൽ 15 സ്ത്രീകൾ പങ്കെടുക്കുന്നു.

വടവാതൂർ സെന്റ് തോമസ് പള്ളിയുടെ ഓഡിറ്റോറിയത്തിൽ ജൂൺ 22ന് ആരംഭിച്ച ഒരുമാസത്തെ ബേക്കറിപരിശീലനത്തിൽ 20 സ്ത്രീകൾ പങ്കെടുക്കുന്നു.

**2026 ജൂലൈ മാസത്തിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ സ്റ്റൈപ്പന്ററി/ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9072875958, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | പ്രതിമാസ സ്റ്റൈഫന്റ് | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|---|
| ഫ്രയിം ലൂം വിവീങ് കോഴ്സ് | 20.07.2026 | 6 മാസം | 3000 | | കെ.ജി.വി. മല്ലപ്പള്ളി | 10 |
| കാർപ്പന്ററി കോഴ്സ് | | | 1500 | | ചാസ് ഫർണിച്ചർ മാമ്മൂട് | 10 |
| തയ്യൽ പരിശീലനം | 22.07.2026 | 3 മാസം | | 2500 | സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ചെമ്പിൻപുറം | 20 |

**ഫാ. വർഗീസ് നമ്പിമഠം**
*(പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*9633521483*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2025 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2026 ജൂൺ 20** വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 227 | കേളമംഗലം | 17350 | 6940 |
| 228 | മാടപ്പള്ളി | 277782 | 111113 |
| 229 | വെഞ്ചെമ്പ് | 12150 | 12150 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 ഏപ്രിൽ** മുതൽ **ജൂൺ 20** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | ലിറ്റിൽ ഫ്ളവർ - പുന്നവേലി | 12000 |

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

STH

### തലച്ചോറിന്റെയും നട്ടെല്ലിന്റെയും ശസ്ത്രക്രിയകൾക്ക് ഇനി ന്യൂറോ നാവിഗേഷൻ സിസ്റ്റം

സെന്റ് തോമസ് ആശുപത്രിയിൽ തലച്ചോറിന്റെയും നട്ടെല്ലിന്റെയും ശസ്ത്രക്രിയകൾ എച്ച്.ആർ.എസ്. ന്യൂറോ നാവിഗേഷൻ സിസ്റ്റത്തിന്റെ സഹായത്തോടെ ചെയ്യാൻ സാധിക്കും. സർജിക്കൽ ജി.പി.എസ്. ആയി പ്രവർത്തിക്കുന്ന അത്യാധുനിക കമ്പ്യൂട്ടർ സാങ്കേതിക വിദ്യയാണിത്. കനേഡിയൻ ടെക്നോളജിയിൽ അധിഷ്ഠിതമായ നാവിഗേഷൻ സിസ്റ്റത്തിൽ ബ്രെയിൻ മാപ്പിങ്ങിനുള്ള സൗകര്യവുമുണ്ട്. ശസ്ത്രക്രിയകൾ മുൻകൂട്ടി പ്ലാൻ ചെയ്ത് കൃത്യത ഉറപ്പുവരുത്താനും മറഞ്ഞിരിക്കുന്ന ട്യൂമറുകളുടെ സ്ഥാനം നിർണയിക്കാനും കൂടുതൽ വ്യക്തതയോടെ ശസ്ത്രക്രിയ പൂർത്തിയാക്കാനും ശസ്ത്രക്രിയ സമയം കുറയ്ക്കാനും പ്രസ്തുത ഘട്ടത്തിലുണ്ടാകാവുന്ന രക്തനഷ്ട സങ്കീർണ്ണതകൾ എന്നിവ ഒഴിവാക്കാനും കാലയളവ് കുറയ്ക്കാനും ഈ സിസ്റ്റത്തിന് കഴിയും. ശസ്ത്രക്രിയാനന്തരമുള്ള ചികിത്സ വേഗത്തിലാക്കാനും സഹായകമാണ്. ആശുപത്രിയിൽ ഡിപ്പാർട്ടുമെന്റ് ഓഫ് ന്യൂറോ സർജറിയിൽ മസ്തിഷ്ക ചികിത്സയുമായി ബന്ധപ്പെട്ട അത്യാധുനിക സേവനങ്ങൾ ലഭ്യമാണ്. സെന്റ് തോമസ് ആശുപത്രിയിൽ 24 മണിക്കൂറും ന്യൂറോ സർജന്റെ സേവനവും ലഭ്യമാണ്.

### ബിരുദദാന ചടങ്ങ്

സെന്റ് തോമസ് നഴ്സിങ് കോളേജിൽ ഇരുപതാമത് ബി.എസ്.സി. നഴ്സിങ് ബാച്ചിന്റെയും പതിനൊന്നാമത് എം.എസ്.സി. നഴ്സിങ് ബാച്ചിന്റെയും ബിരുദദാനം മെയ് 23നു കോളേജ് സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര അധ്യക്ഷതവഹിച്ച യോഗത്തിൽ അതിരൂപത മുൻ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

സെന്റ് തോമസ് ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, നഴ്സിങ് കോളേജ് ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം, ചേർത്തല ഗ്രീൻ ഗാർഡൻസ് എസ്.എച്ച്. കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പാൾ സി. ഡോ. ടീന ഡേവിഡ് സി.എം.സി., സെന്റ് തോമസ് നഴ്സിങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഷീല ഐപ്പ് വർഗീസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, ചീഫ് നഴ്സിങ് ഓഫീസർ സി. മെറിൻ എസ്.ഡി., പി.ടി.എ. പ്രസിഡന്റ് ജിൻസി മോഹൻ, സ്റ്റെനിയ സജി എന്നിവർ പ്രസംഗിച്ചു.

### ലോക ഫുഡ് സേഫ്റ്റി ദിനം

ലോക ഫുഡ് സേഫ്റ്റി ഡേയുടെ ഭാഗമായി സെന്റ് തോമസ് ആശുപത്രി,

ചെത്തിപ്പുഴയിലെ Clinical Pharmacy Departmentന്റെയും Clinical Nutrition Departmentന്റെയും ആഭിമുഖ്യത്തിൽ മെയ് 25നു ബോധവത്കരണ ക്യാംപെയിൻ സംഘടിപ്പിച്ചു. OP Pharmacyയുടെ മുൻവശത്ത് നടന്ന പരിപാടി ആശുപത്രി ഹോസ്റ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഉദ്ഘാടനം നിർവഹിച്ചു.

Clinical Pharmacy വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പുസ്തകത്തിന്റെ പ്രകാശനവും Clinical Nutrition വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്കരണ ചാർട്ട് പ്രദർശനവും നടന്നു. ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം, സുരക്ഷിതമായ ഭക്ഷണശീലങ്ങൾ, രോഗപ്രതിരോധത്തിൽ പോഷകാഹാരത്തിന്റെ പങ്ക് എന്നിവയെക്കുറിച്ച് ജീവനക്കാർക്കും രോഗികൾക്കും സന്ദർശകർക്കുമായി അവബോധം സൃഷ്ടിക്കുന്നതിനായിരുന്നു പരിപാടി.

### കാർഡിയാക് ലൈഫ് സപ്പോർട്ട്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എമർജൻസി മെഡിസിന്റെ നേതൃത്വത്തിൽ മെയ് 22നു നാഷണൽ കാർഡിയാക് ലൈഫ് സപ്പോർട്ട് 2026 സംഘടിപ്പിച്ചു. ഹൃദ്രോഗ സംബന്ധമായ അടിയന്തിര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കാനുള്ള പരിചരണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, കൃത്യമായ പഠനവും പ്രായോഗിക പരിശീലനവും വിദഗ്ദ്ധരുടെ മാർഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് ഈ സെഷൻ ഒരുക്കിയത്.

### നഴ്സിങ് കോളേജിന് വിജയം

സ്റ്റുഡൻസ് നേഴ്സസ് അസോസിയേഷൻ സൗത്ത് ഈസ്റ്റ്സോണിന്റെ ഈ വർഷത്തെ കായികമത്സരങ്ങൾ (അസ്ത്ര 2k26) ആലപ്പുഴ ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിങ്ങിന്റെ ആതിഥേയത്വത്തിൽ ജൂൺ 5നു നടത്തപ്പെട്ടു. പ്രസ്തുത മത്സരത്തിൽ സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ് ചെത്തിപ്പുഴയിലെ വിദ്യാർഥികൾ തുടർച്ചയായി മൂന്നാംതവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

### പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5നു ആശുപത്രിയിലെ ജീവനക്കാരും ഡോക്ടേഴ്സും വൈദികരും പരസ്പരം വൃക്ഷതൈകൾ കൈമാറി ഹരിത സന്ദേശം പകർന്നു.

### എമർജൻസി മെഡിസിൻ ദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് മെഡിസിന്റെ നേതൃത്വത്തിൽ എമർജൻസി മെഡിസിൻ ദിനാചരണം വിപുലമായ പരിപാടികളോടെ മെയ് 27നു നടത്തപ്പെട്ടു. പ്രസ്തുത ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക പരിശീലന പരിപാടിയും ഉണ്ടായിരുന്നു.

## Beyond The Wings - Compassion in Action

അന്താരാഷ്ട്ര നഴ്സസ് വാരാചരണത്തോടനുബന്ധിച്ച് ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല സംഘടിപ്പിച്ച 'Beyond The Wings - Compassion in Action" എന്ന പേരിലുള്ള ഒരാഴ്ച നീണ്ടുനിന്ന ആഘോഷങ്ങൾ സമാപിച്ചു. മെയ് 6 മുതൽ 12 വരെ നടന്ന പരിപാടികൾ ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സാന്നിധ്യത്തിൽ ശ്രദ്ധേയമായി. മുൻ ജില്ലാ നഴ്സിങ് ഓഫീസർ ആൻസമ്മ വർഗീസ് ഉദ്ഘാടനം നിർവഹിച്ച ആഘോഷങ്ങളിൽ നഴ്സുമാരുടെ സേവന സമർപ്പണവും കരുണാപൂർണ്ണമായ ആരോഗ്യപരിചരണവും മുൻനിറുത്തി വിവിധ ബോധവൽക്കരണ–സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു. ആദ്യദിനത്തിൽ ഹാൻഡ് ഹൈജീൻ അവബോധ പരിപാടി, ഫ്ളോറൻസ് നൈറ്റിംഗേലിന് ആദരാഞ്ജലിയായി ലാമ്പ് ലൈറ്റിംഗ് ചടങ്ങ്, പോസ്റ്റർ മത്സരം എന്നിവ നടന്നു. രണ്ടാംദിനത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് (BLS) വിഷയത്തെ ആസ്പദമാക്കി അവതരിപ്പിച്ച മൈം പ്രദർശനം ശ്രദ്ധേയമായി.

"Care Beyond Walls" എന്ന പരിപാടിയുടെ ഭാഗമായി ആശുപത്രി ജീവനക്കാർ ആശ്രയ വയോജനഭവനം സന്ദർശിച്ച് സ്നേഹസന്ദേശവും പിന്തുണയും പങ്കുവച്ചു. പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച സാംക്രമികരോഗ ബോധവൽക്കരണ ക്ലാസും മികച്ച പങ്കാളിത്തം നേടി. നഴ്സസ് വാരാചരണത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സരവും ആവേശകരമായി നടന്നു. സമാപന ദിനത്തിൽ പരിശുദ്ധ കുർബാന, കലാപരിപാടികൾ, നഴ്സിങ് ജീവനക്കാരെ ആദരിക്കുന്ന ചടങ്ങ് എന്നിവ നടന്നു. ആശുപത്രി മാനേജ്മെന്റ് നഴ്സുമാരുടെ സമർപ്പണത്തെയും സേവന മനോഭാവത്തെയും അഭിനന്ദിക്കുകയും സാമൂഹ്യാരോഗ്യരംഗത്തെ അവരുടെ പങ്ക് വിലമതിക്കുകയും ചെയ്തു. ആഘോഷങ്ങളിൽ ആശുപത്രി മാനേജ്മെന്റ് അംഗങ്ങൾ, ഡോക്ടർമാർ, നഴ്സിങ് സ്റ്റാഫ്, വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു.

### ആശ്രയ ഭവനിൽ സന്ദർശനം നടത്തി

ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ആശ്രയഭവൻ വയോജന ഭവനിലേക്ക് സ്നേഹസന്ദർശനം സംഘടിപ്പിച്ചു. ഫാ. ജോസ് പുത്തൻചിറ (അസോസിയേറ്റ് ഡയറക്ടർ – അഡ്മിനിസ്ട്രേഷൻ), ഡോ. ജിജി ജേക്കബ് (ചീഫ് ഓപ്പറേറ്റിങ് ഓഫീസർ), ഫിലോമിന ജെ. (നഴ്സിങ് സൂപ്രണ്ട്) എന്നിവരുടെ സാന്നിധ്യത്തിൽ നഴ്സിങ് വിഭാഗം ജീവനക്കാരും മറ്റ് ആശുപത്രി ജീവനക്കാരും പരിപാടിയിൽ പങ്കെടുത്തു.

സന്ദർശനത്തിന്റെ ഭാഗമായി ആശ്രയഭവനിലെ അംഗങ്ങളുടെ ആരോഗ്യ സ്ഥിതി പരിശോധിക്കുകയും വേണ്ട പരിചരണം നൽകുകയും ചെയ്തു. കൂടാതെ ആരോഗ്യസംരക്ഷണം, ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം, മരുന്നുകളുടെ ശരിയായ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ ആരോഗ്യബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ലോക പുകയില വിരുദ്ധദിനം

ലോക പുകയില വിരുദ്ധദിനത്തോടനുബന്ധിച്ച് മെയ് 31നു ഹോസ്പ്പിറ്റലിൽ രോഗികൾക്കും ജീവനക്കാർക്കുമായി വീഡിയോ പ്രസന്റേഷനും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. പുകയില ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള അവബോധവും ''ആരോഗ്യകരമായ ജീവിതം നയിക്കാൻ ഭക്ഷണമാണ് വേണ്ടത് പുകയില അല്ല'' എന്ന സന്ദേശവും ഇതിന്റെ ഭാഗമായിരുന്നു. അന്നേദിവസം ഹോസ്പിറ്റലിൽ എത്തിച്ചേർന്നവർക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും ഡോ. ഗോവിന്ദ് (ജനറൽ മെഡിസിൻ വിഭാഗം) ബോധവൽക്കരണം നടത്തി. ശ്വാസകോശത്തെയും ശ്വസന വ്യവസ്ഥയെയും ബാധിക്കുന്ന വിപത്താണ് പുകവലിയെന്നും പുകയിലയുടെ ഉപയോഗം ആരോഗ്യത്തെ ബാധിക്കുകയും നിരവധിയായ അസുഖങ്ങൾക്കു കാരണമാവുകയും ചെയ്യുന്നുവെന്നും ഡോ. ഗോവിന്ദ് ഓർമ്മപ്പെടുത്തി.

### എബോള പ്രതിരോധ ബോധവത്കരണം

എബോള വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ആശുപത്രിയിൽ ബോധവത്കരണ ലീഫ്ലെറ്റ് വിതരണം ചെയ്തു. അപകടകരമായ ഈ രോഗത്തെ തിരിച്ചറിയുന്നതിനും അതിനെ പ്രതിരോധിക്കുന്നതിനും ആവശ്യമായ നിർദേശങ്ങളടങ്ങിയതാണ് ഈ ലീഫ്ലെറ്റ്. ലോകരാശിയെ നടുക്കിയ ഈ രോഗം നാളെ ഒരു വലിയ വിപത്തായി മാറുന്നതിനു മുന്നേ അതിനെക്കുറിച്ചുള്ള വ്യക്തമായ അവബോധം നൽകാൻ ഈ പ്രവർത്തനം സഹായകമാകും.

### ലോക പരിസ്ഥിതി ദിനാഘോഷം

ലോക പരിസ്ഥിതിദിനത്തിന്റെ ഭാഗമായി ജൂൺ 05നു ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സ്റ്റാഫുകൾക്കായി പരിസ്ഥിതിദിന ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പ്രകൃതിയുടെ സംരക്ഷണവും അതിന്റെ ആവശ്യകതയും മനുഷ്യന്റെ നിലനിൽപ്പിന് പ്രകൃതി എത്ര അത്യാവശ്യമാണെന്നതിനേക്കുറിച്ചും ഡോ. അരുൺ എ (എമർജൻസി മെഡിസിൻ വിഭാഗം) ക്ലാസ്സ് നയിക്കുകയും പരിസ്ഥിതി ദിനസന്ദേശം നൽകുകയും ചെയ്തു. ദിനാഘോഷത്തോടനുബന്ധിച്ച് ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിൽ സ്റ്റാഫുകൾക്ക് വിത്തുകൾ സമ്മാനിച്ചു.

### റോഡ് സുരക്ഷാ ബോധവത്കരണക്ലാസ്സ്

വർധിച്ചുവരുന്ന റോഡ് നിയമലംഘനവും അതുമൂലമുണ്ടാവുന്ന അപകടങ്ങളെയും മുൻനിർത്തി ജൂൺ 06ന് ആശുപത്രിയിലെ മുഴുവൻ സ്റ്റാഫുകൾക്കുമായി ബോധവത്കരണക്ലാസ്സ് നടത്തി. ''റോഡ് സുരക്ഷാ അവബോധം'' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ക്ലാസ്സിനു ആലപ്പുഴ അസിസ്റ്റന്റ് മോട്ടോർ

വെഹിക്കിൾ ഇൻസ്പെക്ടർ ചന്ദ്രലാൽ സി. നേതൃത്വം നൽകി. ഹോസ്പിറ്റൽ അസി. എക്സി. ഡയറക്ടർ ഫാ. ചാക്കോ എടമുറിയിൽ യോഗത്തിനു ആശം സകൾ നേർന്ന് സംസാരിച്ചു.

**ലോക ബ്രെയിൻ ട്യൂമർ ഡേ**

ലോക ബ്രെയിൻ ട്യൂമർ ഡേ യുടെ ഭാഗമായി ജൂൺ 08നു ഹോസ്പിറ്റലിൽ സ്റ്റാഫുകൾക്കും പൊതുജനങ്ങൾക്കുമായി അവയർനസ് ക്ലാസ്സ് സംഘടിപ്പിച്ചു. ഡോ. ആശാ ജി. പിള്ള (ന്യൂറോ മെഡിസിൻ വിഭാഗം) ക്ലാസ്സ് നയിച്ചു. എന്താണ് ബ്രെയിൻ ട്യൂമർ എന്നും, അതുമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും ചികിത്സ മാർഗങ്ങളെക്കുറിച്ചും വിശദമായ വിവരങ്ങൾ അടങ്ങിയതായിരുന്നു ക്ലാസ്സ്.

**തിരുഹൃദയ തിരുനാൾ – സഹൃദയ ഹോസ്പിറ്റൽ ദിനം**

ജൂൺ 12നു തിരുഹൃദയ തിരുനാളിനോടനുബന്ധിച്ചു അശുപത്രിയിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി. ആലപ്പുഴ ഫൊറോനാവികാരി ഫാ. മാത്യു നടുമുഖം, ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. എക്സി. ഡയറക്ടർമാരായ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ എടമുറിയിൽ, ആറാട്ടുവഴി സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. ബിജു മാനവത്ത് തുടങ്ങിയവർ ആശുപത്രി വെഞ്ചരിപ്പിനു നേതൃത്വം നൽകി.

**രക്തദാന ദിനാചരണം**

ലോക രക്തദാന ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 16നു ഹോസ്പിറ്റൽ സ്റ്റാഫുകൾക്കും ജനങ്ങൾക്കും വേണ്ടി ബോധവൽക്കരണക്ലാസ്സ് സംഘടി പ്പിച്ചു. രക്തദാനം എന്ന സൽകർമ്മത്തെക്കുറിച്ചും ദിനാചരണത്തിന്റെ പ്രത്യേ കതകളെക്കുറിച്ചും ഡോ. പ്രസന്ന ഹെഗ്ഡെ (ജനറൽ മെഡിസിൻ വിഭാഗം) അവബോധം നൽകുകയും രക്തദാനത്തിലൂടെ ഉണ്ടാകുന്ന ഗുണങ്ങളെക്കു റിച്ചു സംസാരിക്കുകയും രക്തദാനത്തിലൂടെ സംരക്ഷിക്കപ്പെടുന്ന ഒരു ജീവന്റെ വില ഏറെ വലുതാണെന്നും അത് മനുഷ്യരാശിയുടെ നിലനിൽപ്പിനു അത്യ ന്താപേക്ഷിതമാണെന്നും അവബോധം നൽകി.

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പ്രാർഥനാശംസകൾ സ്നേഹപൂർവം നേരുന്നു.

'സമുദായ ശക്തീകരണവർഷത്തിൽ പ്രവാസികളുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ജൂൺ അഞ്ചിനു നടന്ന വെബ്ബിനാർ പ്രവാസി അപ്പോസ്തലേറ്റിന്റെ അസി. ഡയറക്ടർ ഫാ. മാത്യു മാറാട്ടുകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ നയിച്ച വെബിനാറിൽ വിവിധ രാജ്യങ്ങളിൽനിന്നും പ്രവാസികൾ പങ്കെടുത്തു.

പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന സെന്റ് ജോസഫ് ഓൺലൈൻ സൺഡേ സ്കൂളിന്റെ ഉദ്ഘാടനം ജൂൺ ആറിനു അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർവഹിച്ചു. തദവസരത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ അധ്യക്ഷപ്രസംഗവും അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, ഡയറക്ടർ അച്ചന്മാർ, എഫ്.സി.സി. ചങ്ങനാശേരി പ്രൊവിൻസിന്റെ പ്രൊവിൻഷാൾ സി. ബ്രിജി, ഗ്ലോബൽ-ജി.സി.സി. കോഡിനേറ്റർമാർ എന്നിവർ ആശംസാപ്രസംഗവും നടത്തി.

പ്രവാസികൾക്കായി ആരംഭിക്കുന്ന ഏകവർഷ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിലെ ക്ലാസുകൾ ജൂലൈമാസം രണ്ടാംവാരം ആരംഭിക്കുന്നതാണ്. എല്ലാ പ്രവാസികൾക്കും ഈ ഡിപ്ലോമ കോഴ്സിലേക്ക് ഹൃദയപൂർവം സ്വാഗതം.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം - രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ - 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

## യുവജനങ്ങൾ അഭിരുചിക്ക് അനുസരിച്ചുള്ള തൊഴിൽ മേഖല കണ്ടെത്തണം: മാർ തോമസ് തറയിൽ

വർത്തമാനകാലത്തിൽ നിരവധി തൊഴിൽ സാഹചര്യങ്ങളും അതിന് ആനുപാതികമായിട്ടുള്ള വിദ്യാഭ്യാസ മേഖലകളും നമ്മുടെ നാട്ടിലും സംജാതമാണ്. ഓരോരുത്തരുടെയും കഴിവും അഭിരുചിയും അനുസരിച്ചുള്ള കോഴ്സുകൾ ഉന്നത വിദ്യാഭ്യാസമേഖലയിൽനിന്ന് തെരഞ്ഞെടുക്കുവാൻ കുട്ടികൾ തയ്യാറാവണം. മറ്റൊരാളെ അനുകരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കുന്ന പ്രവണത ഉപേക്ഷിക്കണം. തൊഴിൽ മേഖലയിലും ആ രീതിയിൽ തന്നെയുള്ള ഇടപെടൽ വേണം. ചിലപ്പോഴെങ്കിലും കുട്ടികളുടെ അഭിരുചിയേക്കാൾ മാതാപിതാക്കളുടെ താൽപര്യങ്ങളാണ് നടപ്പിലാവുന്നത്. ഇത് ആരോഗ്യകരമായ ജീവിതക്രമം പടുത്തുയർത്തുന്നതിലും കഴിവനുസരിച്ച് മുന്നേറുന്നതിനും തടസ്സമായി മാറുന്നുണ്ട്. കുട്ടികളുടെ സ്വപ്നങ്ങൾക്കും അഭിരുചിക്കും അനുസരിച്ച് ഭാവി ജീവിതം കരുപ്പിടിപ്പിക്കുവാൻ ബോധപൂർവം ശ്രമിക്കണമെന്നും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി ജൂൺ 7നു എസ്.ബി. കോളേജിൽ സംഘടിപ്പിച്ച 'എക്സലെൻഷ്യ മെറിറ്റ് അവാർഡ് 2026'ന്റെ ഉദ്ഘാടനംകർമ്മം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക ലോക നിലവാരവുമായി കിടപിടിക്കണമെങ്കിൽ വൈജ്ഞാനിക കേന്ദ്രങ്ങളായി ഓരോ യുവജനങ്ങളും മാറണം. വിദ്യാഭ്യാസ രീതികൾക്കും ജോലികളുടെ തെരഞ്ഞെടുപ്പിലും ജാഗ്രത പുലർത്തണം. നാട്ടിലെ വിദ്യാഭ്യാസരീതികളെപ്പറ്റിയും പ്രവേശന പരീക്ഷകളെപ്പറ്റിയും പൂർണ്ണമായ അറിവ് നമുക്കുണ്ടാവണം. നമ്മുടെ വിദ്യാഭ്യാസമേഖല പുറംരാജ്യങ്ങളെ അപേക്ഷിച്ച് വലിയരീതിയിൽ മുന്നോട്ടുപോയിട്ടുണ്ട്. ഉന്നതനിലവാരം പുലർത്തുന്ന കോഴ്സുകൾ എല്ലായിടത്തും ലഭ്യമാണ്. തൊഴിൽ കേവലം പണം സമ്പാദിക്കാനുള്ള ഉപാധിയായി മാത്രം മാറ്റപ്പെടരുത്. ടെൻഷനില്ലാതെ ആനന്ദിച്ച് ജോലി ചെയ്യാൻ സാഹചര്യം ലഭിക്കുന്നത് ഓരോരുത്തരുടെയും ആരോഗ്യത്തെയും കുടുംബത്തിൽ സന്തോഷത്തോടുകൂടിയുള്ള ഇടപെടലുകൾക്കും കാരണമാകുമെന്നും അഭി. മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.

പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് മാർഗ്ഗനിർദ്ദേശ പ്രഭാഷണം നടത്തി. ഗ്ലോബൽ സമിതി പ്രസിഡന്റ് രാജീവ് ജോസഫ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറ

ക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖസന്ദേശം നൽകി. ചങ്ങനാശ്ശേരിയുടെ ജനപ്രതിനിധി വിനു ജോബ്, എസ്.ബി. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ജാൻസൺ ജോസഫ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, ജനറൽ കൺവീനർ ഷിജി ജോൺസൺ, പി.സി. കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു. വിനു ജോബ് എം.എൽ.എ., ഡോ. ജാൻസൺ ജോസഫ് എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി. ഭാരവാഹികളായ രാജേഷ് ജോൺ, ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കുരുവിള, കുഞ്ഞ് കളപ്പുര, സേവ്യർ തോമസ് കൊണ്ടോടി, ചാക്കപ്പൻ ആന്റണി, സെബാസ്റ്റ്യൻ വർഗീസ്, കെ. എസ്. ആന്റണി, സിസി സെബാസ്റ്റ്യൻ, ജെസ്സി ആന്റണി, ലിസി ജോസ്, ജോസി ഡൊമിനിക്, ജോർജ് വർക്കി, ജോജൻ സെബാസ്റ്റ്യൻ, എൻ. എ. ഔസേപ്പ്, ഷൈനമ്മ ജയിംസ്, സിനി പ്രിൻസ്, മിനി പാലത്തിങ്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഇത് മൂന്നാം വർഷമാണ് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും ഉന്നത വിജയം നേടിയ അതിരൂപതാംഗങ്ങളായ കുട്ടികളെ ഒരു വേദിയിൽ ആദരിക്കുന്നത്. അഭി. മാർ ജോസഫ് പവ്വത്തിലിന്റെ സ്മരണാർത്ഥം നടത്തിയ ജനറൽ ക്വിസ് മത്സരവിജയികൾക്കും വേദിയിൽവെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

### ആവേശമായി എക്സലെൻഷ്യ '26

പങ്കാളിത്തം കൊണ്ടും സംഘാടക മികവു കൊണ്ടും കത്തോലിക്ക കോൺഗ്രസ് അതിരൂപതാസമിതി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ തുടർച്ചയായി മൂന്നാംവർഷവും സംഘടിപ്പിച്ച എക്സലെൻഷ്യ '26 അവാർഡ് വിതരണം എല്ലാവർക്കും ആവേശമായി മാറി. ചങ്ങനാശ്ശേരി അതിരൂപതയിലെ ഉന്നത വിജയം നേടിയ മുഴുവൻ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കും മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ അവാർഡുകൾ നേരിട്ട് നൽകിയത് ജേതാക്കൾക്ക് വലിയ സന്തോഷം നൽകി. ഒരു മണിക്കൂർ കൊണ്ട് 700ലധികം കുട്ടികൾക്ക് അവാർഡുകൾ നൽകാൻ സാധിച്ചു. സമുദായ സ്നേഹികളായ നിരവധി ആളുകളുടെയും സ്ഥാപനങ്ങളുടെയും സംഭാവനകളിലൂടെയാണ് ചങ്ങനാശ്ശേരി എസ്.ബി. കോളേജിന്റെ കാവുകാട്ട് ഹാളിൽ ഇപ്രകാരം പരിപാടി സംഘടിപ്പിക്കുവാൻ സാധിച്ചത്. കത്തോലിക്ക കോൺഗ്രസ് അതിരൂപതാ ഭാരവാഹികളുടെ നിതാന്തമായ പരിശ്രമം ഈ പ്രോഗ്രാമിന്റെ വിജയത്തിൽ ഉണ്ടായിരുന്നു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ഒപ്പം ചടങ്ങിന്റെ ആരംഭം മുതൽ അവസാനംവരെ അഭി. പിതാവ് ഉൾപ്പെടെ വിശിഷ്ടാതിഥികൾ എല്ലാവരും പങ്കെടുത്തു എന്നതും ശ്രദ്ധേയമായിരുന്നു. കുട്ടികൾക്ക് ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് നൽകിയ മെമെന്റോക്കൊപ്പം ബൈബിളും സമ്മാനമായി നൽകി. മുഴുവൻ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ലഘുഭക്ഷണവും ക്രമീകരിച്ചിരുന്നു.

## കൂട്ടായ ചിന്തകളിലൂടെ സമൂഹത്തെ പ്രചോദിപ്പിക്കണം: മോൺ.ആന്റണി എത്തയ്ക്കാട്

സമൂഹത്തിൽ നിലനിൽക്കുന്ന ഭിന്നതകളും വർഗീയ സംഘർഷങ്ങളും അഴിമതിയും ഇല്ലാതാക്കുവാൻ കൂട്ടായ ചിന്തകൾ സമുദായ പ്രസ്ഥാനങ്ങളിൽ നിന്ന് ഉണ്ടാകണം. അത്തരം ചിന്തകളിലൂടെ രൂപപ്പെടുന്ന പ്രവർത്തന ശൈലിയിലൂടെ മാത്രമേ സമൂഹത്തെ ഉണർത്തുവാൻ സാധിക്കുകയുള്ളൂ. കാലഘട്ടം നേരിടുന്ന പ്രശ്നങ്ങളെ പഠിക്കുവാനും അതിൽ ഉത്തരം കണ്ടെത്തുവാനും കഴിയുന്ന വൈജ്ഞാനികകേന്ദ്രം പൊതുസമൂഹത്തിൽ രൂപപ്പെടണമെന്നും അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്.

ഒരു നൂറ്റാണ്ടിന് മുൻപ് സർക്കാർ ജോലി എല്ലാവർക്കും ലഭ്യമാകുവാൻ 4 വർഷം നീണ്ടുനിന്ന പൗരസമത്വവാദ പ്രക്ഷോഭത്തിന് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകിയിരുന്നു. പൊതുസമൂഹത്തിന്റെ അവകാശ സംരക്ഷകരാകുക എന്ന കൂട്ടായ ചിന്തയിലൂടെയാണ് നാളിതുവരെ സമുദായ പ്രസ്ഥാനം മുന്നോട്ടുപോയത്. 108 വർഷങ്ങൾ പിന്നിടുമ്പോഴും നടത്തിയ സമരങ്ങൾ ഒരിക്കൽപോലും ഭരണ നേതൃത്വങ്ങളോടുള്ള വെല്ലുവിളികൾ ആയിരുന്നില്ല, മറിച്ച് അതാതു കാലഘട്ടത്തിൽ സമൂഹത്തിൽ നീതി ഉറപ്പുവരുത്തുക എന്നത് മാത്രമായിരുന്നു ഓരോ സമരത്തിന്റെയും ചരിത്രപരമായ പ്രാധാന്യവും ലക്ഷ്യവും. ആധുനിക സമൂഹത്തിലും ഇപ്രകാരമുള്ള ചിന്തകൾ ഉയർന്നു വരണം. അതിനായി നിതാന്തജാഗ്രതയും പഠനവും അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി ജൂൺ 31നു മണിമല ഹോളി മാഗി ഫൊറോന പള്ളിയിൽ സംഘടിപ്പിച്ച 108-ാമത് ജന്മവാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തൊഴിലാളികൾ, കർഷകർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർ, വയോജനങ്ങൾ, ചെറുപ്പക്കാർ എന്നിവരെ ചേർത്തുനിർത്തി അവരുടെ ജീവിതാവസ്ഥ സമ്പന്നമാക്കുവാൻ കഴിയുന്ന പദ്ധതികൾക്ക് സമുദായസംഘടന നേതൃത്വം നൽകി രൂപീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മാർഗനിർദ്ദേശപ്രസംഗവും മണിമല ഹോളി മാഗി ഫൊറോന പള്ളി വികാരി ഫാ. എബ്രഹാം തയ്യിൽ നെടുംപറമ്പിൽ ആമുഖസന്ദേശവും കത്തോലിക്കാ കോൺഗ്രസ് മണിമല ഫൊറോന ഡയറക്ടർ ഫാ. ടോണി മണിയൻചിറ മുഖ്യപ്രഭാഷണവും നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ, യുവദീപ്തി-എസ്.എം.വൈ.എം അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ലൂസി ഫിലിപ്പോസ്, വൈസ് പ്രസിഡന്റ് റോസിലി കുരുവിള, യൂത്ത് കൗൺസിൽ ജനറൽ കോ-ഓർഡിനേറ്റർ ജോസി

ഡൊമിനിക്, ജനറൽ കൺവീനർ കുഞ്ഞ് കളപ്പുര, ഹോളി മാഗി യൂണിറ്റ് പ്രസിഡന്റ് റോയിസ് ജോസഫ്, അനീഷ് കെ. തോമസ്, തോമസ് വയലാമണ്ണിൽ, ജിബി ജോസഫ്, ഷാജി കിഴക്കേപ്പാറ എന്നിവർ പ്രസംഗിച്ചു.

**പ്രമേയാവതരണങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് 108-ാമത് ജന്മവാർഷിക സമ്മേളനത്തിൽ കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടും ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണങ്ങൾ ആഗ്രഹിച്ചും രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. തൊഴിൽ അനുബന്ധ പഠനസാധ്യതകൾ കേരളത്തിൽ നടപ്പിലാക്കുക എന്ന വിഷയത്തെ ആസ്പദമാക്കി യൂത്ത് കൗൺസിൽ ജനറൽ കോർഡിനേറ്റർ ജോസി ഡൊമിനിക്കും ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുക എന്ന വിഷയത്തിൽ വൈസ് പ്രസിഡന്റ് റോസിലി കെ. കുരുവിളയും പ്രമേയങ്ങൾ അവതരിപ്പിച്ചു.

**നേതൃസംഗമങ്ങൾ**

അതിരൂപതാസമിതിയുടെ 2024-27 വർഷത്തെ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങളുടെ നേതൃയോഗം മെയ് 27ന് ഓൺ ലൈനായും മെയ് 31നു മണിമല ഹോളി മാഗി പള്ളിയിലും നടത്തപ്പെട്ടു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്ന പ്രസ്തുത മീറ്റിങ്ങുകളിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് നേതൃയോഗങ്ങൾ ഉദ്ഘാടനം ചെയ്തു. പരിപാടികളുടെ അവലോകനം, ഭാവി പരിപാടികളുടെ രൂപീകരണം, നടത്തിപ്പ് എന്നിവ മീറ്റിങ്ങുകളിൽ ചർച്ചയ്ക്ക് വിധേയമായി. വിവിധ പരിപാടികളുടെ നടത്തിപ്പിനായി കമ്മിറ്റികളുടെ രൂപീകരണവും ഇതിനോടനുബന്ധിച്ചു നടന്നു.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ് (KLM)

## പുതിയ സംഘങ്ങൾ

മുഹമ്മ യൂണിറ്റിൽ മെയ് 31നു സെന്റ് ജോർജ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. ആന്റണി കാട്ടൂപ്പാറ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., മുഹമ്മ ഫൊറോന കോഡിനേറ്റർ തങ്കച്ചൻ വി. എന്നിവർ പങ്കെടുത്തു.

തൃക്കൊടിത്താനം പായിപ്പാട് യൂണിറ്റിൽ ജൂൺ 14നു സെന്റ് ജോസഫ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. എബി ചങ്ങങ്കരി അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ജോസഫ് കൊല്ലംപറമ്പിൽ, അതിരൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, യൂണിറ്റ് കോഡിനേറ്റർ സുനിൽ ജോസ് എന്നിവർ പങ്കെടുത്തു.

## കെ.എൽ.എം. യൂണിറ്റ് വാർഷികം

കെ.എൽ.എം. പുളിങ്കുന്ന് കായൽപ്പുറം യൂണിറ്റിന്റെ വാർഷികം മെയ് 31നു നടത്തപ്പെട്ടു. വികാരി ഫാ. റോയി പൊങ്ങനാംതടം അദ്ധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., പുളിങ്കുന്ന് ഫൊറോനാ സെക്രട്ടറി ലീന ജോഷി, യൂണിറ്റ് കോഡിനേറ്റർ ബിനോയി കുരുവിള എന്നിവർ പങ്കെടുത്തു.

## യൂണിറ്റ് സന്ദർശനം

സന്ദർശനം പൂർത്തിയായ യൂണിറ്റ് : പുളിങ്കുന്ന് ഫൊറോന കാവാലം

## ആദരാഞ്ജലികൾ

നാലുകോടി മേരീമാതാ സംഘാംഗം രേണു ദേവസ്യ അയ്യരുകുളങ്ങര, കൊടിനാട്ടുംകുന്ന് സെന്റ് ജോസഫ് സംഘാംഗം സേവ്യർ സ്കറിയ വരവുകാലായിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

## മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,30,000 രൂപ ജൂൺ 20നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 207 | സണ്ണി പി. യു. | ചെറുവാണ്ടൂർ സെന്റ് ആന്റണീസ് സംഘം |
| 208 | ജോൺ സേവ്യർ | തോട്ടയ്ക്കാട് അനുഗ്രഹ സംഘം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

## അതിരൂപതാ തെരഞ്ഞെടുപ്പ്

ഡി.സി.എം.എസ്. സംഘടനയുടെ പോഷകഘടകമായ വനിതാ സംഘത്തിന്റെ (ഡി.സി.വി.എസ്.) അതിരൂപതാ കമ്മറ്റിയുടെ തെരഞ്ഞെടുപ്പ് ജൂൺ 7നു പാസ്റ്ററൽ സെന്റർ ഹാളിൽ നടന്നു. പ്രസിഡന്റ്: ജിജിമോൾ കെ. എൽ. (അരുവിക്കുഴി യൂണിറ്റ്, കോട്ടയം ഫൊറോന), വൈസ് പ്രസിഡന്റ്: ജെസ്സി ജോസഫ് (കുറുമ്പനാടം), സെക്രട്ടറി: തെരേസ ജോസഫ് (നെടുങ്കുന്നം ഫൊറോന), ജോയിന്റ് സെക്രട്ടറി: ആൻസി ജോസഫ് (അതിരമ്പുഴ ഫൊറോന), മറ്റ് ഭാരവാഹികൾ ട്രഷറർ നെടുങ്കുന്നം ഫൊറോന, ഓർഗനൈസർ അരുവിക്കുഴി യൂണിറ്റ്, കമ്മറ്റിയംഗങ്ങൾ കുടമാളൂർ യൂണിറ്റ്, അസംപ്ഷൻ കുറുമ്പനാടം യൂണിറ്റ്, പുളിങ്കുന്ന് ഫൊറോന, ചങ്ങനാശ്ശേരി ഫൊറോന എന്നീ യൂണിറ്റിൽനിന്നും 8 കമ്മറ്റിയംഗങ്ങളേയും തിരഞ്ഞെടുത്തു. ഡി.സി. എം.എസ്. പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന ജോയിന്റ് സെക്രട്ടറി എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## KCBC/SC ST/BC കമ്മീഷൻ DCMS സംസ്ഥാന കമ്മിറ്റി

2026 – 2029 പ്രവർത്തനവർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട കെ.സി.ബി.സി. /എസ്.സി. എസ്.റ്റി./ബി.സി. കമ്മീഷൻ ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയംഗങ്ങളുടെ സത്യപ്രതിജ്ഞയും ആദ്യ കൗൺസിൽ മീറ്റിങ്ങും, പ്രവർത്തനവർഷ ഉദ്ഘാടനവും കേരള കത്തോലിക്കാസഭയുടെ ആസ്ഥാനമായ എറണാകുളം പാലാരിവട്ടം (പി.ഒ.സി.) യിൽവെച്ച് ജൂൺ 13നു നടത്തപ്പെട്ടു. കെ.സി.ബി.സി./എസ്.സി. എസ്.റ്റി./ബി.സി. കമ്മീഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം നിർവഹിച്ചു. കമ്മീഷൻ സെക്രട്ടറിയും ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടറുമായ ഫാ. ജോസുകുട്ടി ഇടത്തിനകം സന്നിഹിതനായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാ കമ്മറ്റിയിൽനിന്ന് 7 സംസ്ഥാന കൗൺസിലംഗങ്ങളും 3 സംസ്ഥാന കമ്മറ്റിയംഗങ്ങളും ഉൾപ്പെടെ 10 അംഗങ്ങൾ പങ്കെടുത്തു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

“സമാധാനം-സൗഭാഗ്യം”

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളെ,

ഫ്രാൻസിസ്കൻ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലയളവിൽ, ഫ്രാൻസിസ്കൻ അൽമായ സഭയുടെ അതിരൂപതാ സമ്മേളനം മെയ് 22നു വെരൂർ സെന്റ് ജോസഫ്സ് പള്ളിയുടെ ജൂബിലിഹാളിൽ നടത്തപ്പെട്ടു. രാവിലെ രജിസ്ട്രേഷനും പ്രാർഥനയ്ക്കുംശേഷം അതിരൂപത മിനിസ്റ്റർ ബ്രദർ അലക്സ് വലിയപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. സ്പിരിചൽ അസിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിൽ എല്ലാവർക്കും സ്വാഗതമാശംസിച്ചു. അതിരൂപത സെക്രട്ടറി സഹോദരി എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് അഭി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തിരി തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫ്രാൻസിസ്കൻ ആധ്യാത്മികതയുടെ പ്രാധാന്യത്തെക്കുറിച്ചും ഫ്രാൻസിസൻ ചൈതന്യത്തിന്റെ പ്രസക്തിയെക്കുറിച്ചും അഭി. പിതാവ് സംസാരിച്ചു.

അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ അനുഗ്രഹപ്രഭാഷണം നടത്തി. വെരൂർ ഇടവക വികാരി ഫാ. ജോഷി പുത്തൻപുരക്കൽ, അസിസ്റ്റന്റ് വികാരി ഫാ. വർഗീസ് കൊടിയന്തറ, ഗത്സമനി ആശ്രമം സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരി, അതിരൂപതാ മിനിസ്റ്റർ ബ്രദർ അലക്സ് വലിയപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. വെരൂർ യൂണിറ്റ് മിനിസ്റ്റർ ബ്രദർ തങ്കച്ചൻ മാറാട്ടുകളം എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. ഫാ. ജോസഫ് പുത്തൻപുര OFM Cap., സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

തുടർന്ന് അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാടിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചഭക്ഷണത്തിനുശേഷം സ്പിരിചൽ അസിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിൽ ക്ലാസ്സ് നയിച്ചു.

ഫ്രാൻസിസ്കൻ ജൂബിലിവർഷത്തിൽ അതിരൂപതാ വാർഷിക സമ്മേളനം പ്രാർഥനാചൈതന്യത്തിൽ വിജയകരമായി നടത്തുവാൻ സഹായിച്ച എല്ലാ ഭാരവാഹികൾക്കും വെരൂർ യൂണിറ്റ് അംഗങ്ങൾക്കും ബഹു. ഇടവക വികാരിക്കും ബഹു. അസിസ്റ്റന്റ് വികാരിക്കും ഇടവക കൈക്കാരന്മാർക്കും സ്പിരിചൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ യോഗം നന്ദി രേഖപ്പെടുത്തി.

**സ്വർഗപ്രാപ്തി**

വാഴപ്പള്ളി റീജൺ വടക്കേക്കര ഭ്രാതൃത്വ അംഗം പാലാത്ര പി. ഡി. കുര്യാക്കോസ് നിത്യതയിലായി. സഹോദരന്റെ സ്വർഗപ്രാപ്തിക്കായി എല്ലാവരും പ്രാർഥിക്കണം.

**വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*നിന്റെ മനസ്സു പ്രബോധനത്തിലും കാതുകൾ വിജ്ഞാനം നിറഞ്ഞ വചനങ്ങളിലും ഉറപ്പിക്കുക* (സുഭാ. 23:12).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നാം അംഗങ്ങളായിരിക്കുന്നതും ഏറെ അഭിമാനിക്കുന്നതുമായ സീറോമലബാർ സഭയുടെ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും കാരണക്കാരനായ മാർ തോമാശ്ലീഹായുടെ ഓർമ്മത്തിരുനാൾ കൊണ്ടാടുന്ന ദിനമാണല്ലോ ജൂലൈ 3. അന്നേദിവസം നാം സഭാദിനമായി ആചരിക്കുന്നു. ആഗോള കത്തോലിക്കാസഭയിലെ എല്ലാ റീത്തുകളിലും തന്നെ പ്രവർത്തിക്കുന്ന ഏറ്റവും വലിയ അത്മായ ജീവകാരുണ്യ പ്രസ്ഥാനമാണല്ലോ വിൻസെന്റ് ഡി പോൾ സൊസൈറ്റി. വിവിധ സഭകളിൽ അംഗങ്ങളായി പ്രവർത്തിക്കുമ്പോൾ അതതിന്റെ പ്രത്യേകതകളും പാരമ്പര്യങ്ങളും ഹയരാർക്കിയോടുള്ള വിധേയത്വവും നമുക്കു പാലിക്കേണ്ടതായുണ്ട്. സഭയെന്നാൽ നന്നായി പെരുമാറുന്നവരും, ഭക്തിയുള്ളവരുമായി മനുഷ്യരെ പരിശീലിപ്പിക്കുന്ന ഒരു മതസ്ഥാപനമായി പലപ്പോഴും വിവക്ഷിക്കപ്പെടുന്നുണ്ട്. സഭ ഒരുപറ്റം നല്ല മനുഷ്യരുടെ മാത്രം കൂട്ടമല്ല, അതൊരു കൂട്ടായ്മയാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയോടു ചേർന്ന് ഉള്ളും ഉള്ളതും പങ്കുവയ്ക്കുന്ന, അപരന്റെ ദുഃഖങ്ങൾ സ്വന്തമായി ഏറ്റെടുക്കുന്ന, എല്ലാവരെയും തുല്യരായി കരുതുന്ന ശൈലിയാണ് സഭയുടേത്. വിശ്വസിക്കുകയും ഏകമനസ്സോടെ ഒരുമിച്ചു കൂടുകയും പ്രാർഥിക്കുകയും പങ്കുവയ്ക്കുകയും അപ്പംമുറിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തവരാണെന്നാണ് ആദിമ ക്രൈസ്തവസമൂഹത്തെപ്പറ്റി അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നത് (അധ്യായം 2). ഈ ജീവിതശൈലിയുടെ തുടർച്ചയാണ് സഭയിൽ ഇന്നും തുടരേണ്ടത്.

സുവിശേഷമായി ജീവിക്കുകയും നിന്ദനങ്ങളിലും പീഢനങ്ങളിലും ആനന്ദമനുഭവിക്കുകയും അവനോടൊപ്പം മരിക്കാൻ തയ്യാറാവുകയും ചെയ്ത രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെടുകയും ചെയ്ത സഭയാണല്ലോ നമ്മുടേത്. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി, മിശിഹായിൽനിന്നു പ്രകാശം സ്വീകരിച്ച് ശിഷ്യന്മാർ ലോകമെങ്ങുംപോയി. തങ്ങൾ കൈക്കൊണ്ട വിശ്വാസവും ധാർമ്മികതയും അതതു സ്ഥലങ്ങളിലെ പാരമ്പര്യങ്ങളോടും ആചാരങ്ങളോടും സമന്വയിപ്പിച്ച് അവർ പ്രചരിപ്പിച്ചു. ഓരോ സംസ്കാരവും വിലമതിക്കപ്പെടേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണെന്ന ബോധ്യത്തിൽ നിന്നാണ് വിവിധ റീത്തുകൾ സഭയിൽ രൂപപ്പെടുന്നത്. 'വൈവിധ്യത്തിന്റെ മഹത്തായ സമ്പന്നതയാണ് റീത്തുകൾ' (CCC 814) എന്നാണ് തിരുസഭ പഠിപ്പിക്കുന്നത്. ''എന്റെ കർത്താവും എന്റെ ദൈവവും'' എന്നുള്ള മാർതോമാശ്ലീഹായുടെ മിശിഹാനുഭവം സ്വന്തമാക്കിയവരാണല്ലോ നമ്മൾ. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാ ശ്ലീഹാ ഭാരതീയ സംസ്കാരത്തോടും ഭാഷയോടുമൊക്കെ കൂടിച്ചേർന്ന് സുറിയാനി പാരമ്പര്യത്തിൽ

രൂപപ്പെടുത്തിയതാണല്ലോ നമ്മുടെ സഭ. 18-ാം നൂറ്റാണ്ടുവരെയും നാമൊക്കെ അറിയപ്പെട്ടിരുന്നത് മാർതോമാ നസ്രാണികൾ എന്നാണ്. മാർതോമാ ശ്ലീഹാ യുടെ മിശിഹാനുഭവത്തിലൂടെ നസ്രായനായ ഈശോയെ അനുഗമിക്കുന്നവർ എന്നർത്ഥമാക്കുന്ന ഈ പദത്തിൽ തോമാശ്ലീഹായുണ്ട്, നസ്രായനായ ഈശോ യുണ്ട്, തോമാശ്ലീഹായുടെ മിശിഹാനുഭവമുണ്ട്. സഭയുടെ വ്യവസ്ഥാപിതമായ, ഘടനാബദ്ധമായ നിലനില്പിനെ സഹായിക്കുന്ന ഹയരാർക്കിയുടെ നേട്ടവും നമുക്കുണ്ട്. വി. പത്രോസിന്റെ സിംഹാസനത്തിന്റെ ശ്രേഷ്ഠാധിപത്യത്തോടു വിധേയപ്പെട്ട് 24 വ്യക്തിസഭകളും ഐക്യത്തോടെ പ്രവർത്തിക്കുന്നു. സഭയെ കൂടുതൽ അറിയാനും മനസ്സിലാക്കാനും സ്നേഹിക്കാനും സഭാപ്രവർത്തന ങ്ങളിൽ പങ്കാളികളാകുവാനും സഭാദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നാം ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങളൊക്കെയും ദൈവമഹത്വവും സഭയുടെ വളർച്ചയും ലക്ഷ്യംവച്ചുള്ളതാവണം. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.

നമ്മുടെ പുതിയ അക്കൗണ്ടുകൾ തുടങ്ങുവാൻ അപ്രതീക്ഷിതമായ ചില കാരണങ്ങളാൽ കാലതാമസം വരികയുണ്ടായി. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും സൗത്ത് ഇന്ത്യൻ ബാങ്കിലും അക്കൗണ്ട് തുടങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ ആയിട്ടുണ്ട്. പതിനായിരും രൂപ മുതലുള്ള സഹായങ്ങൾ അക്കൗണ്ടിൽ കൂടി മാത്രമേ നൽകാൻ പാടുള്ളു തുടങ്ങിയ നിബന്ധനകൾ പാലിക്കപ്പെടേണ്ടതുകൊണ്ട് എല്ലാ കോൺഫറൻസുകളും അക്കൗണ്ട് എടു ക്കുകയാവും ഉചിതം. അക്കൗണ്ടുകൾ, റിപ്പോർട്ടുകൾ, മറ്റുരേഖകൾ ഒക്കെ കൃത്യമായി സൂക്ഷിക്കുക. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ മീറ്റിങ്ങുകൾ നടത്തുക, ഉപരികൗൺസിലുകളിലേക്ക് ആവശ്യമായ കാര്യങ്ങൾ കൃത്യമായി സമർപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ കാര്യക്ഷമത പാലിക്കേണ്ടതുണ്ട്. നിർ ദേശങ്ങൾ കൃത്യമായി പാലിക്കാൻ ബുദ്ധിമുട്ടുള്ളവർ അനുയോജ്യരായ വ്യക്തി കളെ കണ്ടെത്തി ചുമതലകൾ കൈമാറുന്നത് ഉചിതമായിരിക്കും. സംശയങ്ങൾ ഉള്ളവർ സെൻട്രൽ കൗൺസിൽ ഭാരവാഹികളുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തണമെന്നും വിനയപൂർവം അഭ്യർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

# കരിസ്മാറ്റിക് നവീകരണം

''കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ക്രിസ്തുവിൽ നിന്നും വലിയൊരു സമ്മാനം സ്വീകരിച്ചിട്ടുണ്ട്. സഭയിലും സഭയ്ക്ക് വേണ്ടിയും കൃപയുടെ മഹാ പ്രവാഹമായി തീരാൻ ആവശ്യമായ ഊർജ്ജവുമായാണ് നിങ്ങൾ ജനിച്ചുവീണ ത്.''

– പോപ് ഫ്രാൻസിസ്, ജൂൺ 1, 2014

## സർവീസ് ടീം മീറ്റിങ്

ജൂൺ മാസത്തെ സർവീസ് ടീം മീറ്റിങ് സന്ദേശനിലയത്തിലുള്ള കൺവൻഷൻ ഓഫീസിൽ നടന്നു. മെയ് പതിനേഴാം തീയതി ഉച്ചയ്ക്ക് 2.30 മുതൽ ആണ് മീറ്റിങ് നടന്നത്. ഓഗസ്റ്റ് 20 മുതൽ 24 വരെ എസ്.ബി. കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന കരിസ്മാറ്റിക് ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട ഒരുക്കങ്ങളുൾപ്പെടെ വിവിധ ശുശ്രൂഷകളുടെ പുരോഗതി വിലയിരുത്തി.

## കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ കമ്മറ്റി മീറ്റിംഗ് :

ഓഗസ്റ്റ് 20 മുതൽ 24 വരെ ഫാ. ഡൊമിനിക് വാളൻമനാൽ നയിക്കുന്ന (എസ്.ബി. കോളജ് ഗ്രൗണ്ട്) കൃപാഭിഷേക-ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട മധ്യസ്ഥപ്രാർഥനയും വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങളും തുടർന്ന് വരുന്നു. എല്ലാ ഒന്നിടവിട്ട ചൊവാഴ്ചകളിലും നാലുമണിക്ക് SOIL സിസ്റ്റേഴ്സ് കോൺവെന്റ് ചാപ്പലിൽ മധ്യസ്ഥപ്രാർഥനയും എല്ലാ ബുദ്ധനാഴ്ചകളിലും മൂന്നുമണിക്ക് കൺവൻഷൻ കമ്മിറ്റി കോർ ടീം ഒരുമിച്ച് കൂടി ഒരുക്കങ്ങളുടെ അവലോകനവും നടന്നുവരുന്നു.

## ചങ്ങനാശേരി സോണിന്റെ പുനഃസംഘടന

അടുത്ത രണ്ടുവർഷത്തേയ്ക്കുള്ള സേവനസമിതിയെ കണ്ടെത്താനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയും ഡിസേൺമെന്റും ജൂൺ 26നു പാസ്റ്ററൽ സെന്ററിൽ മീറ്റിംഗ് ഹാളിൽ നടത്തപ്പെട്ടു. KCBC കരിസ്മാറ്റിക് കമ്മീഷൻ കേന്ദ്രകാര്യാലയത്തിൽ നിന്നുള്ള പ്രതിനിധികൾ തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കു നേതൃത്വം നൽകി.

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം മെയ് 26നു ആനിമേറ്റർ റവ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ഓഫീസിൽ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ തുടങ്ങി വച്ച ദമ്പതീ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ 19ന് പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിലും ജൂൺ 25ന് ടോമിച്ചൻ-റോസമ്മ കൊച്ചുവീട്ടിൽ, മാമൂട് ലൂർദ് മാതാ ഇടവകയിൽവെച്ചും ദമ്പതി ധ്യാനങ്ങൾ നടത്തപ്പെട്ടു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

## മാർ തോമസ് തറയിൽ

**ജൂൺ**

02 പി.ഒ.സി.യിൽ മേജർ സുപ്പീരിയേഴ്സ് സംഗമത്തെ അഭിസംബോധന ചെയ്തു.

02-04 പി.ഒ.സി.യിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി യോഗത്തിൽ സംബന്ധിച്ചു.

05 മലയാറ്റൂർ മൗണ്ട് കാർമ്മൽ ക്ലോയിസ്റ്റേർഡ് കോൺവെന്റിൽ സി. റൊസാരിയോ ഒ.സി.ഡി.യുടെ നിത്യവ്രതവാഗ്ദാന കർമ്മത്തിൽ പങ്കെടുത്തു. കോട്ടയം നട്ടാശേരി പുത്തേട്ടുകളം ലിസി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും മുളയ്ക്കാംതുരുത്തിയിൽ ജീവനം പ്രോജക്ടിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

06 അതിരൂപതാകേന്ദ്രത്തിൽ ബിഷപ്പ് ജോൺ കാട്ടറുക്കുടിയിലിനെ സ്വീകരിച്ചു. സി.എം.എച്ച്.എം. അടിസ്ഥാന കൗൺസിലിംഗ് കോഴ്സിന്റെ സമാപനദിനത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

07 ഏറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സൺഡേസ്കൂൾ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ചങ്ങനാശ്ശേരി ഇളപ്പുങ്കൽ ഇ. കെ. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ എ.കെ.സി.സി. എക്സലൻഷ്യ മെറിറ്റ് ദിനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ സമ്മാനിക്കുകയും വെരൂർ സെന്റ് ജോസഫ് പള്ളിയിലെ യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. കുറുമ്പനാടം പവ്വത്തിൽ ലിസ ജോണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 മാങ്ങാനം എം.ഒ.സി. യിൽ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

09 അതിരൂപതാകേന്ദ്രത്തിൽ കപ്പൂച്ചിൻ കോട്ടയം പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ അംഗങ്ങളെ സ്വീകരിച്ചു. കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ആഫ്രിക്കയിൽ നിന്നുള്ള ബഹു. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. ചേന്നങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ ബഹു. സോണി തെക്കുമുറിയിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു.

10 വെരൂച്ചിറ ശാന്തിസദനിൽ സി. കാന്റിഡ എഫ്.സി.സി. യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

11 കരിക്കാട്ടൂർ സെന്റ് തോമസ് എൽ.പി. സ്കൂളിന്റെ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും പുതിയ സ്കൂൾ ഹാൾ ആശീർവദിക്കുകയും ചെയ്തു. പെരുങ്കാവ് സെന്റ് മേരീസ് യു.പി. സ്കൂളിന്റെ നവീകരിച്ച കെട്ടിടം ആശീർവദിക്കുകയും ചങ്ങനാശ്ശേരി എസ്.എച്ച്. സ്കൂളിൽ തിരുഹൃദയ ദിനാഘോഷത്തിൽ സംബന്ധിക്കുകയും ചെയ്തു.

12 കോട്ടയം ലൂർദ് പബ്ലിക് സ്കൂളിന്റെ പുതിയ അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്ത് ആശീർവദിക്കുകയും എസ്.എച്ച്. മെഡിക്കൽ സെന്ററിന്റെ പുതിയ ഐ.സി.യു. വെഞ്ചരിക്കുകയും ചെയ്തു. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

13 എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ ചെറുപുഷ്പ മിഷൻലീഗിന്റെ അതിരൂപതാതല പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും ചെത്തിപ്പുഴ കാർമൽ ധ്യാനകേന്ദ്രത്തിൽ ബഹു. സേവ്യർ ഖാൻ വട്ടായിൽ അച്ചൻ നയിക്കുന്ന ധ്യാനത്തിൽ സന്ദേശം നൽകുകയും ചെയ്തു.

14 പുളിക്കൽക്കവല സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. മുത്തൂർ സെന്റ് ആന്റണീസ് പള്ളിയുടെ റൂബി ജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളിയിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകുകയും ചെയ്തു.

15 അതിരൂപതാകേന്ദ്രത്തിൽ ശാലോം ടി.വി.യുടെ യുവജന സംവാദ പരിപാടിയിൽ പങ്കെടുക്കുകയും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ബിരുദദാന ദിനത്തിൽ മുഖ്യസന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോണിനെ സ്വീകരിച്ചു. മാർത്തോമ്മാസഭ റാന്നി നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്ത ജോസഫ് മാർ ബാർണബാസ് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയിൽ ആശംസകളറിയിച്ചു.

17 അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദർശകരെ സ്വീകരിക്കുകയും ചെയ്തു.

18 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അടിച്ചിറ പരിത്രാണ ധ്യാനകേന്ദ്രത്തിൽ ബഹു. മാത്യു പനച്ചിക്കൽ വി. സി. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

19 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ ദീപിക വായനാദിന പരിപാടി ഉദ്ഘാടനം ചെയ്യുകയും നെടുങ്കുന്നം സഞ്ജീവനിയുടെ നവീകരിച്ച കെട്ടിടം വെഞ്ചരിക്കുകയും ചെയ്തു. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

20 തുരുത്തി കാനായിൽ കെ.സി.എസ്.എൽ. ഇലക്ഷൻ ക്യാമ്പിൽ പരിശുദ്ധ കുർബാന അർപ്പിച്ചു കുട്ടികളുമായി സംവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ

സംസ്ഥാന ജലവിഭവവകുപ്പു മന്ത്രി ശ്രീ. മോൻസ് ജോസഫിനെ സ്വീകരിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹം കൂദാശ ചെയ്തു. പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പായുടെ 'മാഗ്നിഫിക്കാ ഹ്യൂമാനിത്താസ്' എന്ന ചാക്രികലേഖന പഠനത്തിന്റെ ഭാഗമായി സീറോ മലബാർ മീഡിയ കമ്മീഷൻ നടത്തിയ ഓൺലൈൻ വെബിനാറിൽ ക്ലാസ് നയിച്ചു.

21 തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകുകയും കൂത്രപ്പള്ളി എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. തെയോണിലയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസ് നയിച്ചു. ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ ഓർമ്മകുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കോട്ടയം എസ്.പി. ശ്രീ. സാബു മാത്യു ഐ.പി.എസ്.നെ സ്വീകരിച്ചു.

23 ചങ്ങനാശ്ശേരി ഹോളി ക്യൂൻസ് കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും കുന്നന്താനം പനക്കളം അന്നമ്മ കുര്യാക്കോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സി.ബി.എസ്.ഇ. പ്രിൻസിപ്പൽമാരുടെയും മാനേജർമാരുടെയും യോഗത്തിൽ അധ്യക്ഷത വഹിച്ചു.

24 പാറേൽ എസ്.വി.ഡി. സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും അധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ചെത്തിപ്പുഴ ആശുപത്രിയിൽ പാലിയേറ്റീവ് കെയർ പ്രതിനിധികളുടെ യോഗത്തിൽ സംസാരിച്ചു. പങ്ങട സേക്രട്ട് ഹാർട്ട് ഹൈസ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും നിരണം മാർ ത്തോമാ ശ്ലീഹാ സെമിനാരിയിൽ ക്ലാസ് നയിക്കുകയും ചെയ്തു.

25 കുന്നന്താനം ദൈവപരിപാലന കോൺവെന്റിൽ എൽ.എസ്.ഡി.പി. സന്യാസസമൂഹത്തിന്റെ നിത്യവ്രത വാഗ്ദാന കർമ്മത്തിന് കാർമികത്വം വഹിച്ചു. പുന്നപ്ര ദനഹാലയയുടെ നവീകരിച്ച കെട്ടിടം വെഞ്ചരിക്കുകയും അധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

26 വെരൂർ ആയുഷ്യയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണ പരിപാടിയിൽ സന്ദേശം നൽകി.

27 നൂറനാട് സി.എം.സി. സന്യാസഭവനത്തിലെ ചാപ്പൽ കൂദാശ ചെയ്യുകയും കോൺവെന്റ് വെഞ്ചരിക്കുകയും ചെയ്തു. കുരിശുംമൂട് ക്രിസ്തു ജ്യോതി സ്കൂളിൽ മെറിറ്റ് ഡേ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാകേന്ദ്രത്തിൽ സംസ്ഥാന എക്സൈസ്-സഹകരണ വകുപ്പുമന്ത്രി അഡ്വ. എം. ലിജുവിനെ സ്വീകരിച്ചു.

## മാർ ജോസഫ് പെരുന്തോട്ടം

**മെയ്**

27 ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു.

28 തക്കല രൂപത അഴകിയ മണ്ഡപം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസത്തിന്റെ രജതജൂബിലി ആഘോഷിക്കുന്നവരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് മാർത്തോമാശ്ലീഹാ സ്ഥാപിച്ച അരപ്പള്ളി, തിരുവിതാംകോട്, തക്കല രൂപതയിലെ എ.എസ്.എം.ഐ. സിസ്റ്റേഴ്സിന്റെ നിദ്രവിള, തിട്ടങ്ങനാവിള, അണ്ണിക്കര എന്നീ മഠങ്ങൾ സന്ദർശിച്ചു.

29 പാലമറ്റം ബേത്തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു.

30 ചങ്ങനാശ്ശേരി എം.എൽ.എഫ് പ്രോവിൻസിലെ കുറിച്ചി ലിറ്റിൽ ഫ്ളവർ ഭവനാംഗം സി. ലോറൻസ് പറപ്പള്ളി ഇരുപതിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകാംഗം പടിഞ്ഞാറേക്കളം ജോസിയുടെ മൃതസംസ്കാരശുശ്രൂഷയുടെ കാർമ്മികത്വംവഹിച്ചു.

**ജൂൺ**

01 ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ ബഹു. പൗവ്വത്തുപറമ്പിൽ തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

02 കൂരോപ്പട ഹോളി ക്രോസ് പള്ളി ഇടവകാംഗം പൗവ്വത്തുപറമ്പിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാംഭാഗം ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

03 എറണാകുളം പി. പി. ജോസഫ് & പാർട്ണർസ് ഓഫീസ് ആശീർവദിച്ചു.

04 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്സ് ഹോമിൽ ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്യാരിബാഗ് ഉൽപ്പന്നം ഉദ്ഘാടനം ചെയ്തു.

05 പാലമറ്റം ബേത്തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഫോമിൽ ആശാഭവൻ ഭിന്നശേഷി സൗഹൃദ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 'ഒരു തൈ നടാം' എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കോട്ടയം ലൂർദ് ഫൊറോനാപള്ളി ഇടവകാംഗം

പുത്തേട്ടുകളം ലിസി പി. ഷിജിയുടെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വംവഹിച്ചു.

06 പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. നാലുകോടി സെന്റ് തോമസ് പള്ളി ഇടവകാംഗം അച്ചോത്തിൽ ജോസഫ് എ. ജെ. യുടെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വംവഹിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന സെന്റ് ജോസഫ് ഓൺലൈൻ സൺഡേ സ്കൂളിന്റെ പ്രവേശനോത്സവത്തിന് അധ്യക്ഷപ്രസംഗം നടത്തി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ തെക്കുംമുറിയിൽ ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

09 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചേന്നങ്കരി സെന്റ് ജോസഫ് പള്ളി ഇടവകാംഗം തെക്കുംമുറിയിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാംഭാഗം ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

10 ചങ്ങനാശ്ശേരി ദൈവമാതാ പ്രോവിൻസിലെ ചെത്തിപ്പുഴ വെരൂചിറ ശാന്തിസദൻ ക്ലാരമഠം ഭവനാംഗം സി. കാന്റിഡ ചെത്തിപ്പുഴയുടെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് കാർമികത്വംവഹിച്ചു.

11 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന അഭി. മാർ ജോർജ് കോച്ചേരി പിതാവിനെയും ബഹു. വൈദികരെയും സന്ദർശിച്ചു.

14 കുറുമ്പനാടം മണക്കളം ബഹു. ജോസഫ് അച്ചനെ ഭവനത്തിലെത്തി സന്ദർശിച്ചു.

16 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ ചങ്ങനാശ്ശേരി ഹോളി ക്വീൻസ് പ്രൊവിൻസിലെ ഇത്തിത്താനം ലിസ്യു കാർമൽ മഠാംഗമായ സി. കനീഷ്യാ കല്ലറങ്ങാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയുടെ സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

17 പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു.

18 പാലമറ്റം ബേത്തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

20 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ വേങ്ങാശ്ശേരി ബഹു. പോൾ അച്ചന്റെ 'മാർഗ്ഗം' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു. ചേപ്പുംപാറ മർത്ത് മറിയം പള്ളിയിൽ കോഴിമറ്റത്തിൽ എലിസബത്തിന്റെയും ആറുമാനൂർ ഇടവക കരിയംകുളം ജോസഫിന്റെയും

വിവാഹവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. കുരിശുംമൂട് മീഡിയാവില്ലേജിൽ സംഘടിപ്പിച്ച ചങ്ങനാശ്ശേരി നിയോജകമണ്ഡലം വികസന സെമിനാറിൽ അധ്യക്ഷത വഹിച്ചു.

21 പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. കൂത്രപ്പള്ളി ആരാധനമഠം സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. തെയോണിലാ മീനത്തെകോണിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

22 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, ഒപ്പീസ് ചൊല്ലി. പുറക്കാട് മാർ സ്ലീവാപള്ളി ഇടവകാംഗം കുറ്റിക്കൽ മറിയാമ്മ വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

23 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ മാന്നാനം പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പള്ളിയിലെ യുവജനങ്ങൾ സംഘടിപ്പിച്ച അഭിമുഖ സംഭാഷണത്തിൽ പങ്കെടുത്തു.

25 വാഴപ്പള്ളി ഗത്സമെനി ആശ്രമ പള്ളിയിൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകാംഗം മഞ്ചേരിക്കളം വർഗീസും പൊങ്ങ മാർസ്ലീവാ പള്ളി ഇടവകാംഗം കാക്കട്ടുപറമ്പിൽ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഇടവകാംഗം പെങ്ങോട്ട് ശ്രീ. ജോസഫ് മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെയും സെമിത്തേരിയിലെയും ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

26 പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരുന്ന ബഹു. പാലത്തിങ്കൽ ഡൊമിനിക് അച്ചന് രോഗിലേപനം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അഭി. മാർ ജോർജ് കോച്ചേരി പിതാവിനെ സന്ദർശിച്ചു.

27 കോട്ടയം സെന്റ് മേരീസ് ക്നാനായ കത്തീഡ്രൽ പള്ളിയിൽ പാറേൽ സെന്റ് മേരീസ് പള്ളി ഇടവകാംഗം അമ്പാട്ട് ജോസഫും തൊടുപുഴ കൊടിക്കുളം ബ്രിജിറ്റിന്റെയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. പുത്തുറ സെന്റ് തോമസ് ക്നാനായ പഴയപള്ളി ഇടവകാംഗം ഒഴുകയിൽ കോര മത്തായിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

28 കൈനകരി സെന്റ് മേരീസ് പള്ളി ഇടവകാംഗം ബഹു. കാഞ്ഞിരവേലി തോമസ് അച്ചന്റെ പിതാവ് ശ്രീ. ആന്റണി ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.



# ENGAGEMENTS | JULY 2026

**Mar Thomas Tharayil**
Metropolitan of Changanacherry

| | | |
|---|---|---|
| 01 | 10:00 am | Academic Year Inauguration @ Christ Nagar College, Maranalloor |
| | 06:30 pm | *Dukhrana Sangamam* @ Thiruvananthapuram |
| 02 | 06:15 am | Holy *Qurbana* @ ASMI Cheeramchira |
| | 12:00 noon | St. Thomas Day Celebration @ Chethipuzha Hospital |
| | 02:30 - 06:00 pm | Visitors |
| 03 | 07:00 am | Holy *Qurbana* @ Mar Thoma Sleeha Centre Niranam |
| | 10:00 am - 01:00 pm | Visitors |
| | 03:30 pm | Placid Symposium @ Marthoma Vidhyanikethan |
| | 07:30 pm | St. Thomas Day Celebration @ Archbishop House |
| 04-16 | | USA Visit |
| 18 | 10:30 am | Merit Day: Corporate Management @ SB HSS |
| | 03:30 - 07:00 pm | Engaged |
| 19-24 | | Priests’ Retreat Batch III @ Kunnamthanam |
| 19 | 07:00 am - 01:30 pm | Pastoral Visit @ Athirampuzha St Mary’s |
| | 05:30 pm | Message: *Sauhridha Sakhya Koottayma* Retreat @ Carmel Mount |
| | 07:15 pm | *Nasrani* Family Fraternity Meet @ Champakulam |
| 20 | 11:30 am | *Requiem* Holy *Qurbana*: Fr Sony Thekkummuriyil @ Chennamkary |
| 21 | 06:15 am | Holy *Qurbana* @ Don Bosco, Kurichy |
| | 06:00 pm | Bishop Umman George *Sapthathi* @ Kollam |
| 22 | 02:30 pm - 03:30 pm | Visitors |
| | 04:30 pm | Holy *Qurbana* & *Punar Qudasha* of Chapel @ SABS, Pacha |
| 23 | 06:30 am | Holy *Qurbana* @ Priest Home |
| | 10:00 am | Message @ Puthiyakavu Orthodox Palli |
| 24 | 09:00 - 11:00 am | Talk & *Qurbana*: Priests' Retreat Batch III @ Kunnamthanam |
| | 02:30 - 04:00 pm | Visitors |
| | 05:00 - 07:00 pm | Curia |

| | | |
|---|---|---|
| 25 | 08:00 am | Parish Hall Blessing @ Thrickodithanam |
| | 02:30 pm | DCMS Merit Award @ Pastoral Centre |
| | 05:00 pm | *Thirunnal Qurbana* @ Pandakashala St. James |
| 26 | 10:15 am | Holy *Qurbana* @ Pongumood |
| 27 | 02:30 pm | Message: Alphonsian Day @ Alphonsa College, Palai |
| | 05:00 pm | Holy *Qurbana* @ Bharananganam |
| 28 | 10:00 am | Presbyteral Council @ Archbishop House |
| | 03:00 pm | Care HomeAdministrators' Get together @ Chethipuzha |
| | 04:00 - 05:00 pm | Assumption College Management Board @ Archbishop House |
| | 06:00 pm | Inter Department Meeting |
| 29 | 08:30 am | Curia |
| | 11:00 am | *Requiem* Holy *Qurbana* @ Cathedral |
| | 02:30 - 05:00 pm | Visitors |
| | 05:00 - 07:00 pm | Finance Council |
| 30 | 10:00 am | Silver & Golden Jubilee : Archeparchial Priests @ Archbishop House |
| | 02:30 - 07:30 pm | Engaged |
| 31 | 08:30 am | Curia |
| | 11:00 am | Message: Staff Get together @ SB College |
| | 02:30 - 04:00 pm | Message: Religious Congregation Superiors' Seminar @ MOC |

FR. SECRETARY - 8078088468



Mar Joseph Perumthottam
Metropolitan Emeritus of Changanacherry

## ENGAGEMENTS | JULY 2026

| | | |
|---|---|---|
| 03 | 06:30 am | *Rassa Qurbana* @ St. Thomas Minor Seminary, Kurichy |
| | 02:30 pm | Seminar, Convocation Ceremony @ *Marthomavidyanikethan*, Archbishop House |
| | 05:00 pm | Chapel Blessing: St. Mary's Major Archiepiscopal *Pazhaya Palli*, Kudamaloor |
| | 07:00 pm | *Dukrana* Celebration @ Archbishop House |
| 05 | 06:30 am | Holy Qurbana @ St. Mary's Metropolitan Church, Changanacherry |
| | 12:30 pm | Pilgrimage Message @ *Mar Thoma Sleeha* Pilgrim Centre, Niranam |
| | 02:30 pm | Silver Jubilee Celebration @ *Karunalayam*, Puthanangady |
| 06 | 06:00 am | Sacraments of Initiation @ Holy Family Church, Podippara |
| 07 | 06:30 am | Holy *Qurbana* @ St. Joseph's Priest Home, Ithithanam |
| 09 | 11:00 am | Holy *Qurbana* @ A.K.M. School, Morkulangara |
| 10 | 06:30 am | Holy *Qurbana @ Bet Thoma Dayara*, Palamattom |
| 11 | | *Mar Thoma Sleeha Dayara*, Nallathanni |
| 12 | 09:00 am | *Rassa Qurbana* @ Twelve Apostles Church, Mannanam |
| 15 | 11:00 am | Sacraments of Initiation @ St. Xavier's Church, Villoonni |
| 16 | 11:00 am | Sacrament of Matrimony @ St. Thomas Church, Punnathura |
| | 07:00 pm | Homily: *Karmmala Mathav* @ St. Mary's Metropolitan Church, Changanacherry |
| 17 | 06:30 am | Holy *Qurbana @ Bet Thoma Dayara*, Palamattom |
| 19 | 11:30 am | Holy *Qurbana* @ St. Alphonsa Pilgrime Centre, Bharananganam |
| 21 | 06:30 am | Holy *Qurbana* @ Priests' Retreat Batch III @ Zion Retreat Centre, Kunnamthanam |
| 22 | 06:00 am | Holy *Qurbana* @ St. Berchmans H.S.S. Chapel, Changanacherry |
| 24 | 06:30 am | Holy *Qurbana @ Bet Thoma Dayara*, Palamattom |
| 30 | 05:30 am | Holy *Qurbana* @ St. Alphonsa Church, Pongummoodu |
| 31 | 06:30 am | Holy *Qurbana @ Bet Thoma Dayara*, Palamattom |

FR SECRETARY - +919292990040

**VEDAPRACHARA MADHYASTAN VOL.99 No.01 2026 July**
Date of Publication: 30-06-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-




## ദുക്റാനാ തിരുനാളിന്റെ ആശംസകൾ

Estd. 1928
Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org